*Draft*

# ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (D.Ed)

എലിമെന്ററി അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി 2014

# അധ്യാപക സഹായി

## സെമസ്റ്റർ - III

## $S_3.P_{19}$(b) സാമൂഹ്യശാസ്ത്രം - ഉള്ളടക്കവും വിനിമയവും

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2014

# സെമസ്റ്റർ 3

| പേപ്പറിന്റെ നമ്പർ | പേപ്പറിന്റെ പേര് |
|---|---|
| $S_3P_{19}$(b) | സാമൂഹ്യശാസ്ത്രം - ഉള്ളടക്കവും വിനിമയവും |

| | | |
|---|---|---|
| സ്കോർ | : | നിരന്തര വിലയിരുത്തൽ (CE) - 20 |
| ആകെ സമയം | : | 80 മണിക്കൂർ |
| ഒരു ആഴ്ചയിലെ സമയം | : | 4 മണിക്കൂർ |

## ഉള്ളടക്കം

യൂണിറ്റ് 1 : ശാസ്ത്രം - സ്വഭാവവും, രീതിയും സമയം : 35 മണിക്കൂർ

1.1. ശാസ്ത്രത്തിന്റെ സ്വഭാവം

1.2. ശാസ്ത്രത്തിന്റെ രീതി

യൂണിറ്റ് 2 : ശാസ്ത്രപാഠ്യപദ്ധതി - സമീപനവും സവിശേഷതകളും

സമയം : 45 മണിക്കൂർ

2.1. ശാസ്ത്രപഠന ലക്ഷ്യങ്ങൾ

2.2. കുട്ടിയുടെ പ്രകൃതം - ശാസ്ത്രക്ലാസ്സിന്

2.3. ശാസ്ത്ര പഠനാന്തരീക്ഷം

2.4. ശാസ്ത്ര പഠനതന്ത്രങ്ങൾ, രീതികൾ

2.5. ശാസ്ത്രപഠനോപകരണങ്ങൾ

2.6. സ്കൂൾ ശാസ്ത്രപാഠ്യപദ്ധതി - സവിശേഷതകൾ

# $S_3P_{19}$ സാമൂഹ്യശാസ്ത്രം - ഉള്ളടക്കവും വിനിമയവും

## യൂണിറ്റ് - I

## സാമൂഹ്യശാസ്ത്രത്തിന്റെ അർത്ഥവും വ്യാപ്തിയും

**ആമുഖം:**

സമൂഹത്തിന്റെ വളർച്ചയേയും പുരോഗതിയേയും സ്വാധീനിക്കുന്ന എല്ലാ വിഷയങ്ങളും ഉൾക്കൊള്ളുന്ന ഒന്നാണല്ലോ സാമൂഹ്യശാസ്ത്രം. അതുകൊണ്ടു തന്നെ സ്കൂൾ പാഠ്യപദ്ധതിയിലെ ഒരു പ്രധാനപഠനമേഖലയായി സാമൂഹ്യശാസ്ത്രത്തെ പരിഗണിക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ സാമൂഹ്യജീവിതത്തിന് ശരിയായ അടിത്തറ പണിയുവാൻ സാമൂഹ്യശാസ്ത്രപഠനം അനിവാര്യമാണ്. എന്നാൽ ഒരു പ്രധാന സ്കൂൾ വിഷയം എന്ന നിലയിൽ സാമൂഹ്യശാസ്ത്രത്തെ ഫലപ്രദമായി വിനിമയം ചെയ്തെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. ഈ ഉത്തരവാദിത്തം പ്രഥമമായും പ്രധാനമായും ഏറ്റെടുക്കേണ്ടത് അധ്യാപകർ തന്നെയാണ്. അധ്യാപക വിദ്യാർത്ഥികളെ നാം അതിനു സജ്ജരാക്കേണ്ടിയിരിക്കുന്നു. ആധുനിക വിദ്യാഭ്യാസ പ്രവണതകളെക്കുറിച്ചും സാമൂഹ്യശാസ്ത്രപഠനത്തിൽ അതിന്റെ സ്വാധീനത്തെക്കുറിച്ചും അധ്യാപക വിദ്യാർത്ഥികൾ അറിഞ്ഞേ തീരൂ. സിദ്ധാന്തങ്ങൾ മാത്രമല്ല അതിന്റെ പ്രയോഗവും അധ്യാപക വിദ്യാർത്ഥി സ്വായത്തമാക്കേണ്ടതുണ്ട് സാമൂഹ്യശാസ്ത്രിന്റെ അർത്ഥം, സ്വഭാവം, പ്രസക്തി, ലക്ഷ്യങ്ങൾ, ഉള്ളടക്കം എന്നിവയും സാമൂഹ്യശാസ്ത്ര വിഷയങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം, സാമൂഹ്യശാസ്ത്രവും ഇതരസ്കൂൾ വിഷയങ്ങളുമായുള്ള പാരസ്പര്യം, സാമൂഹ്യശാസ്ത്രപഠനസമീപനങ്ങൾ, വിവിധ സാമൂഹ്യശാസ്ത്ര ബോധന മാതൃകകൾ തുടങ്ങിയവ ഈ യൂണിറ്റിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടുന്നു.

**ഉദ്ദേശ്യങ്ങൾ:**

1. സാമൂഹ്യശാസ്ത്രത്തിന്റെ അർത്ഥം, സ്വഭാവം എന്നിവ സംബന്ധിച്ച് സാമാന്യ ധാരണ രൂപീകരിക്കുക.
2. സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രസക്തിയും ലക്ഷ്യങ്ങളും തിരിച്ചറിയുക.
3. സാമൂഹ്യശാസ്ത്രവും വിവിധ സാമൂഹ്യശാസ്ത്രവിഷയങ്ങളും തമ്മിലുള്ള പരസ്പരബന്ധം വിവേചിച്ചറിയുക.
4. സാമൂഹ്യശാസ്ത്രവും, ഇതരസ്കൂൾ വിഷയങ്ങളും (അടിസ്ഥാനശാസ്ത്രം, ഭാഷ, ഗണിതം) തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിയുക.
5. സാമൂഹ്യശാസ്ത്രപഠന സമീപനം അനുഭവങ്ങളിലൂടെ ബോധ്യപ്പെടുക.
6. വിവിധ സാമൂഹ്യശാസ്ത്രപഠനമാതൃകകൾ പ്രയോഗിച്ചുനോക്കി അവ സംബന്ധിച്ച ധാരണ നേടുക.

### 1.1. സാമൂഹ്യശാസ്ത്രം - അർത്ഥവും സ്വഭാവവും

### A. സാമൂഹ്യശാസ്ത്രത്തിന്റെ അർത്ഥതലങ്ങൾ

**പ്രവർത്തനം - 1**

- 5 മുതൽ 7 വരെ ക്ലാസ്സുകളിലെ ടീച്ചർ ടെക്സ്റ്റിലെ ആമുഖ ഭാഗങ്ങൾ, മറ്റ് വായനാസാമഗ്രികൾ എന്നിവ ഗ്രൂപ്പുകളിൽ വായിച്ച് സ്വാംശീകരിക്കൽ.

- സാമൂഹ്യശാസ്ത്രത്തിന്റെ അർത്ഥതലങ്ങൾ സംബന്ധിച്ച ചർച്ച, ക്രോഡീകരണം.

> വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളിലെ ആശയങ്ങൾ ഇണക്കിച്ചേർത്തു ആവിഷ്കരിക്കുന്ന ഒരു പ്രത്യേക പഠനശാഖ.
>
> മനുഷ്യന്റെ സാമൂഹിക ജീവിതം കൈകാര്യം ചെയ്യുന്ന പഠനശാഖ
>
> സാമൂഹിക ജീവിതപഠനത്തിന് ശാസ്ത്രീയരീതി ഉപയോഗപ്പെടുത്തുന്ന പഠനശാഖ
>
> സമൂഹവളർച്ചയെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന എല്ലാ ഘടകങ്ങളെയും സംബന്ധിച്ച് പരസ്പര ബന്ധിതമായും മനുഷ്യകേന്ദ്രീകൃതവുമായും നടത്തുന്ന പഠനമാണ് സാമൂഹ്യശാസ്ത്രം.
>
> "മനുഷ്യനെ സംബന്ധിച്ച കാര്യങ്ങൾ ഉൾക്കൊള്ളുന്ന വിജ്ഞാനവിചിന്തന സമ്പത്താണ് സാമൂഹ്യശാസ്ത്രങ്ങൾ" (ചാൾസ് ബയേഡ്, (Charls Beard)
>
> "സാമൂഹ്യപ്രതിപ്രവർത്തനങ്ങൾക്ക് കാരണമാകുന്ന ഭൗതികവും ഭൗതികേതരവുമായ ചോദകങ്ങൾ ഒരേ സമയം നടത്തുന്ന പരസ്പര പ്രവർത്തനങ്ങളെ അംഗീകരിക്കുന്ന പഠനവിജ്ഞാന ശാഖകളാണ് സാമൂഹ്യശാസ്ത്രങ്ങൾ" (ജയിംസ് ഹൈ (James High)

**പ്രവർത്തനം - 2**

5 മുതൽ 7 വരെ ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങൾ ഗ്രൂപ്പുകളിൽ വിശകലനം ചെയ്യുന്നു. സ്കൂൾ പാഠ്യപദ്ധതിയിലെ ഒരു വിഷയം എന്ന നിലയിൽ 'സാമൂഹ്യശാസ്ത്രം' എന്ന ആശയം മുൻനിർത്തി പ്രതികരിക്കുന്നു.

**B. സാമൂഹ്യശാസ്ത്രത്തിന്റെ സ്വഭാവസവിശേഷതകൾ**

അധ്യാപക വിദ്യാർത്ഥികൾക്ക് അനുഭവാധിഷ്ഠിതമായിത്തന്നെ സാമൂഹ്യശാസ്ത്രത്തിന്റെ സ്വഭാവം തിരിച്ചറിയാൻ അവസരം ഒരുക്കണം.

**പ്രവർത്തനം -1 (ലഘുപ്രോജക്ട്)**

ശാസ്ത്രത്തിന്റെ രീതി ഉപയോഗപ്പെടുത്തിയാണ് സാമൂഹ്യശാസ്ത്രപഠനം നടക്കുന്നത് എന്നത് ബോധ്യപ്പെടുത്താനുള്ള ഒരു പ്രവർത്തനമാണിത്. അനുയോജ്യമായ മറ്റ് പ്രവർത്തനങ്ങൾ ടീച്ചർ എജ്യൂക്കേറ്റർക്ക് കണ്ടെത്തി അവതരിപ്പിക്കാം.

- വിവിധതരം കുടുംബഘടനയെപ്പറ്റി പ്രാരംഭ ചർച്ച. അണുകുടുംബം, കൂട്ടുകുടുംബം, വിസ്തൃതകുടുംബം (Nuclear, Joint and Extended Families) എന്നിവയുടെ ഗുണദോഷങ്ങൾ
- ഇവിടെ ഹാജരായിട്ടുള്ള അധ്യാപക വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ഏതുതരം കുടുംബത്തിൽ ഉൾപ്പെടുന്നവരാണ്?

  (വിവിധ ഉത്തരങ്ങൾ/പ്രതികരണങ്ങൾ)
- കൃത്യമായ ഉത്തരം കണ്ടെത്താനുള്ള വിവിധ വഴികൾ ഏവ? (പ്രധാനമായും സർവ്വേ)
- നമുക്ക് എങ്ങനെ സർവ്വേ നടത്താം? (വ്യക്തിഗതം/ഗ്രൂപ്പ്) ഇതിന് ആവശ്യമായ ട്യൂൾസ് ഏവ? അതിന്റെ ഫോർമാറ്റ് എങ്ങനെ?
- ഗ്രൂപ്പ് തിരിഞ്ഞാണ് സർവ്വേ നടത്തുന്നതെങ്കിൽ ഗ്രൂപ്പിലെ വിവരശേഖരണത്തിനുള്ള ഫോർമാറ്റ്, ഗ്രൂപ്പുകളിൽ നിന്നുള്ള വിവരങ്ങൾ മൊത്തത്തിൽ ശേഖരിക്കാനുള്ള ഫോർമാറ്റ് എന്നിവ രൂപപ്പെടുത്തൽ.
- ഗ്രൂപ്പുകളായി തിരിഞ്ഞ് വിവരശേഖരണം നടത്തി അവതരിപ്പിക്കുന്നു. ക്രോഡീകരണ

ഫോർമാറ്റിൽ രേഖപ്പെടുത്തൽ.

- ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യൽ
- നിഗമനങ്ങൾ രൂപീകരിക്കൽ
- തുടർന്ന് പ്രവർത്തനത്തിൽ ഏർപ്പെട്ടപ്പോൾ അവലംബിച്ച സൂക്ഷ്മപ്രക്രിയകളെ സംബന്ധിച്ച ചർച്ച
  ക്രോഡീകരണം.

(പ്രാരംഭചർച്ച (പ്രശ്നത്തിലേക്കെത്തിച്ചേരൽ)പ്രശ്നാവതരണം, പ്രശ്നപരിഹരണത്തിനുള്ള കൂട്ടായ ആസൂത്രണം (എങ്ങനെ പരിഹരിക്കും? തന്ത്രങ്ങൾ? ട്യൂളുകൾ? വ്യക്തിഗതം/ഗ്രൂപ്പ്? തുടങ്ങിയവ) ഗ്രൂപ്പുകളിൽ വിവരശേഖരണം, ക്ലാസ്സ്തല വിവരശേഖരണം, ക്രോഡീകരണം വിശകലനം, തിരിച്ചറിവുകൾ പങ്കുവയ്ക്കൽ, നിഗമനരൂപീകരണം...)

- ഇവിടെ പ്രശ്നപരിഹരണത്തിന്/പഠനത്തിന് സ്വീകരിച്ച രീതി ഏതാണ്?

(ശാസ്ത്രത്തിന്റെ രീതി - ലഭ്യമായ തെളിവുകളുടെയും വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മവിശകലനം നടത്തി യുക്തിസഹമായ/ആധികാരികമായ നിഗമനങ്ങളിൽ കണ്ടെത്തലുകളിൽ എത്തിച്ചേരുന്ന രീതി)

**ക്രോഡീകരണം:**

സാമൂഹ്യശാസ്ത്രപഠനത്തിൽ ശാസ്ത്രത്തിന്റെ രീതിയാണ് അവലംബിക്കുന്നത്. ഇതുപോലെ വിവിധ തന്ത്രങ്ങൾ (സെമിനാർ, ചർച്ചകൾ.....) സാമൂഹ്യശാസ്ത്രത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്താം.

**പ്രവർത്തനം - 2**

സാമൂഹ്യശാസ്ത്രപഠനത്തിന്റെ മറ്റ് സ്വഭാവസവിശേഷതകൾ പാഠപുസ്തകങ്ങൾ, ടീച്ചർ ടെക്സ്റ്റ് എന്നിവ വിശകലനം ചെയ്ത് അധ്യാപക വിദ്യാർത്ഥികൾ കണ്ടെത്തുന്നു. ടീച്ചർ എജ്യൂക്കേറ്ററുടെ നേതൃത്വത്തിൽ അവ ക്രോഡീകരിക്കുന്നു.

**സാമൂഹ്യശാസ്ത്രപഠനത്തിന്റെ സ്വഭാവസവിശേഷതകൾ**

- ശാസ്ത്രത്തിന്റെ രീതി അവലംബിക്കുന്നു.
- പ്രക്രിയാശേഷികൾക്ക് ഊന്നൽ നൽകുന്നു. (നിരീക്ഷണം, ദത്തശേഖരണവും രേഖപ്പെടുത്തലും, വർഗ്ഗീകരണം, അളക്കലും ചാർട്ട് തയ്യാറാക്കലും, പരീക്ഷണങ്ങളിൽ ഏർപ്പെടൽ, ചരങ്ങൾ (Variables) തിരിച്ചറിയലും നിയന്ത്രിക്കലും, ചോദ്യങ്ങളുയർത്തൽ, സാമാന്യവൽക്കരണം, താത്ക്കാലിക നിഗമനം രൂപീകരിക്കൽ, അവയുടെ പരിശോധന, നിഗമനങ്ങൾ രൂപപ്പെടുത്തൽ, ആശയവിനിമയം, പ്രവചിക്കലും അനുമാനിക്കലും, ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ)
- സാമൂഹ്യപുരോഗതി ലക്ഷ്യമിടുന്നു.
- മനുഷ്യബന്ധങ്ങളെക്കുറിച്ച് പഠിക്കുന്നു.
- മാനവ വികാസത്തിന്റെ പഠനം സാധ്യമാക്കുന്നു.
- സാമൂഹ്യജീവിതത്തിന് സജ്ജമാക്കുന്നു.
- വ്യത്യസ്ത സാമൂഹ്യശാസ്ത്രവിഷയങ്ങളുടെ കൂടിച്ചേരൽ

## 1. 2. സാമൂഹ്യശാസ്ത്രത്തിലെ ഉള്ളടക്കവും സാമൂഹ്യശാസ്ത്രവിഷയങ്ങൾ തമ്മിലുള്ള പരസ്പര ബന്ധവും

### A. സാമൂഹ്യശാസ്ത്രത്തിന്റെ ഉള്ളടക്കം

**പ്രവർത്തനം - 1**

5, 7 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ വിവിധ ഗ്രൂപ്പുകളിൽ വിശകലനം ചെയ്ത്, അതിൽ ഉൾച്ചേർന്നിട്ടുള്ള വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങൾ ചുവടെ കൊടുത്തിരിക്കുന്ന വിധം പട്ടികപ്പെടുത്തുന്നു. അവതരണം പൊതുക്രോഡീകരണം.

| വിഷയം | ക്ലാസ്സ് | യൂണിറ്റ് | ചർച്ചചെയ്യപ്പെടുന്ന ആശയം/ആശയങ്ങൾ |
|---|---|---|---|
| | | | |

- **ക്രോഡീകരണം :** ഒരു സ്കൂൾ വിഷയമെന്ന നിലയിൽ ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം, സമൂഹശാസ്ത്രം എന്നിവ ഉൾച്ചേർന്നതാണ് സാമൂഹ്യശാസ്ത്രം

**മാതൃക**

| വിഷയം | ക്ലാസ്സ് | യൂണിറ്റ് | ചർച്ചചെയ്യപ്പെടുന്ന ആശയം/ആശയങ്ങൾ |
|---|---|---|---|
| ചരിത്രം (History) | 5 | 1. ചരിത്രത്തിലേക്ക് | • ചരിത്രം തെളിവുകളുടെ അടിസ്ഥാനത്തിലാണ് രചിക്കപ്പെടുന്നത്.<br>• ചരിത്രശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. |
| ഭൂമിശാസ്ത്രം (Geography) | 5 | 5. പ്രപഞ്ചം എന്ന മഹാത്ഭുതം | • സൂര്യനും ഉപഗ്രഹങ്ങളും ഉൾപ്പെട്ടതാണ് സൗരയൂഥം<br>• ക്ഷുദ്രഗ്രഹങ്ങൾ, കുള്ളൻഗ്രഹങ്ങൾ, വാൽനക്ഷത്രങ്ങൾ എന്നിവയും സൗരയൂഥത്തിന്റെ ഭാഗമാണ്. |
| സാമ്പത്തിക ശാസ്ത്രം (Economics) | 5 | 4. കരുതലോടെ ചെലവിടാം | • മിതവ്യയശീലം ജീവിതരീതിയാക്കി മാറ്റേണ്ടതാണ്.<br>• ബജറ്റ് ശ്രദ്ധാപൂർവ്വം തയ്യാറാക്കേണ്ടതാണ്. |
| രാഷ്ട്രതന്ത്രം (Political Science) | 7 | 4. ജനാധിപത്യം | • വിവിധ ഘട്ടങ്ങളിലൂടെയാണ് തെരെഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നത് |
| സമൂഹശാസ്ത്രം (Sociology) | 5 | 3. നമ്മുടെ കുടുംബം | • സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം.<br>• ഘടനയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ പലതായി തിരിച്ചിട്ടുണ്ട്. |

**പ്രവർത്തനം 2**

വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ/പഠനശാഖകളുടെ സാമാന്യ സ്വഭാവം - പൊതു ചർച്ചയിലൂടെ ക്രോഡീകരണം. (വിശദമായ ചർച്ചയോ പഠനമോ ഇവിടെ ആവശ്യമില്ല. സൂചനകൾ മാത്രംമതിയാകും.)

1. ചരിത്രം : ഇന്നിൽ നിന്ന് ഇന്നലകളെ നോക്കിക്കാണാനും അതിൽനിന്നും നാളേയ്ക്കു വേണ്ട വെളിച്ചം സംഭരിക്കുകയും ചെയ്യുന്ന പഠന ശാഖയാണ് ചരിത്രം. നമ്മുടെ സമൂഹത്തിൽ നടന്ന സംഭവങ്ങളുടെ/മാറ്റങ്ങളുടെ നന്മ - തിന്മകൾ തിരിച്ചറിയാൻ ചരിത്രപഠനം സഹായിക്കുന്നു.
2. ഭൂമിശാസ്ത്രം : ഭൂമിയും മനുഷ്യനും തമ്മിലുള്ള ബന്ധം പ്രതിപാദിക്കുന്ന പഠനശാഖയാണ് ഭൂമിശാസ്ത്രം. ഭൂമി, ജലം, വായു, സൗരയൂഥം, കാലാവസ്ഥ, ഭൂവിഭാഗങ്ങൾ ഭൗമപ്രതിഭാസങ്ങൾ എന്നിവയെക്കുറിച്ച് ചിട്ടയായി ഭൂമിശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു.
3. സാമ്പത്തിക- : സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും അടിസ്ഥാനമായ സാമ്പത്തിക ഘടകങ്ങളെക്കുറിച്ചുള്ള പഠന ശാഖയാണ് സാമ്പത്തികശാസ്ത്രം. കൃഷി, വ്യവസായം, വാണിജ്യം, കയറ്റുമതി, ഇറക്കുമതി, നികുതി, ധനകകാര്യ സ്ഥാപനങ്ങൾ, ബജറ്റ് എന്നിവയെക്കുറിച്ച് സാമ്പത്തിക ശാസ്ത്രത്തിലൂടെ പഠിക്കാം.
4. രാഷ്ട്രതന്ത്രം : രാഷ്ട്രം, രാഷ്ട്രരൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്നിവയെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് രാഷ്ട്രതന്ത്രം. ഭരണകൂടം, ഭരണരീതി, ഭരണാധിപന്മാർ, തെരെഞ്ഞെടുപ്പ് രീതി, ജനങ്ങളുടെ അവകാശങ്ങൾ, ചുമതലകൾ എന്നിവ രാഷ്ട്രതന്ത്രത്തിൽ പ്രതിപാദിക്കുന്നു.
5. സമൂഹശാസ്ത്രം : മനുഷ്യൻ സമൂഹമായി ജീവിക്കുന്നു. സമൂഹത്തെക്കുറിച്ചും സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചുമുള്ള പഠനമാണ് സമൂഹശാസ്ത്രം. സമൂഹസ്ഥാപനങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ജീവിതരീതി, വേഷവിധാനം, ഭാഷ തുടങ്ങിയവയെക്കുറിച്ച് സമൂഹശാസ്ത്രത്തിലൂടെ പഠിക്കുന്നു.

**B. സാമൂഹ്യശാസ്ത്രത്തിലെ വിവിധവിഷയങ്ങൾ തമ്മിലുള്ള പരസ്പരബന്ധം**

**പ്രവർത്തനം 1**

- പാഠപുസ്തകത്തിൽ പരാമർശിച്ചിട്ടുള്ള സംഭവങ്ങൾ, ആശയങ്ങൾ, രാജ്യങ്ങൾ, വ്യക്തികൾ, പ്രതിഭാസങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി ഓരോ ഗ്രൂപ്പും സാമൂഹ്യശാസ്ത്രത്തിലെ വിവിധവിഷയങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുന്നു. (മാതൃക നോക്കുക- 'വാസ്കോഡഗാമ കാപ്പാടെത്തി')
- ഓരോ ഗ്രൂപ്പും അവ ചാർട്ടിൽ പ്രദർശിപ്പിച്ച് വിഷയങ്ങൾ തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുന്നു.
- ഓരോ ഗ്രൂപ്പും അവതരിപ്പിക്കുമ്പോൾ മറ്റ് ഗ്രൂപ്പുകൾ താഴെക്കൊടുത്തിരിക്കുന്ന രീതിയിൽ ഒരു ചെക്ക്ലിസ്റ്റിൽ രേഖപ്പെടുത്തലുകൾ ടിക് മാർക്ക് (√) ഉപയോഗിച്ച് നടത്തുന്നു.

| | ഇനം | അതെ | അല്ല |
|---|---|---|---|
| 1. | തെരെഞ്ഞെടുത്ത ആശയം/സംഭവം തുടങ്ങിയവ സമഗ്രമാകുന്നതിന് ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച കാര്യങ്ങൾ അനുയോജ്യമാണോ? | | |
| 2. | ചരിത്രവുമായി ബന്ധപ്പെട്ട് അവതരിപ്പിച്ചവ അനുയോജ്യമാണോ? | | |
| 3. | സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ടവ അനുയോജ്യമാണോ? | | |
| 4. | രാഷ്ട്രതന്ത്രവുമായി ബന്ധപ്പെട്ടവ അനുയോജ്യമാണോ? | | |
| 5. | സമൂഹശാസ്ത്രവുമായി ബന്ധപ്പെട്ടവ അനുയോജ്യമാണോ? | | |

- ഓരോ ഗ്രൂപ്പിന്റേയും രേഖപ്പെടുത്തലുകൾ/കണ്ടെത്തലുകൾ അവതരിപ്പിക്കുന്നു.
- ഓരോ ഗ്രൂപ്പും വരുത്തേണ്ട/വരുത്താവുന്ന മാറ്റങ്ങൾ മറ്റ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്നു.
- തുടർന്ന്, പൊതുചർച്ച (ടീച്ചർ എജ്യൂക്കേറ്ററുടെ നേതൃത്വത്തിൽ)
  - സാമൂഹ്യശാസ്ത്രിലെ ഓരോ വിഷയവും ഒറ്റപ്പെട്ടു നിൽക്കുന്നവയാണോ?
  - വിഷയങ്ങൾ വേറിട്ട് പഠിക്കുമ്പോൾ അതിന്റെ പരിമിതിയെന്ത്?
  - ഒരു തീമിനെ/ആശയത്തെ /സംഭവത്തെ അടിസ്ഥാനമാക്കി ചർച്ചചെയ്യുമ്പോൾ സാമൂഹ്യശാസ്ത്രത്തിലെ എല്ലാ വിഷയങ്ങളും എല്ലായ്പ്പോഴും തുല്യപരിഗണനയിൽ വരണമെന്നുന്നുണ്ടോ?

**ക്രോഡീകരണം**

മനുഷ്യനെയും, സമൂഹത്തെയും അവ തമ്മിലുള്ള വിവിധ ബന്ധങ്ങളെയും പരാമർശിക്കുമ്പോൾ സാമൂഹ്യശാസ്ത്രത്തിലെ വിവിധ പഠനശാഖകൾ/വിഷയങ്ങൾ സ്വാഭാവികമായി കടന്നുവരുന്നു. അവ തമ്മിലുള്ള പരസ്പര ബന്ധമാണ് നമ്മുടെ ചിന്തകളെ സമഗ്രതയിലേക്കും പൂർണ്ണതയിലേക്കും നയിക്കുന്നത്.

## വാസ്കോഡഗാമ കാപ്പാടെത്തി

- വേഷധാരണത്തിലും ആചാരാനുഷ്ഠാനങ്ങളിലും മാറ്റം ഉണ്ടായി. — സംസ്കാരം സാമൂഹ്യശാസ്ത്രം
- പോർട്ടുഗീസുകാർ പുതിയ വിളകളും വിത്തുകളും ഇന്ത്യയിൽ അവതരിപ്പിച്ചു. വരുമാനം വർദ്ധിച്ചു. — കൃഷി സാമ്പത്തികശാസ്ത്രം
- പോർട്ടുഗീസ്കാർ ഇന്ത്യയിലേക്ക് കടൽ മാർഗ്ഗം കണ്ടുപിടിച്ചത് ഭൂമിശാസ്ത്ര രംഗത്ത് കൂടുതൽ കണ്ടെത്തലുകൾക്ക് തുടക്കം കുറിച്ചു. — ഭൂമിശാസ്ത്രം
- ചവിട്ടുനാടകം പോലുള്ള കലാരൂപങ്ങൾ ഇന്ത്യയിലും വിവിധ ഇന്ത്യൻ കലാരൂപങ്ങൾ വിദേശത്തും പ്രചരിച്ചു. — കല സാമൂഹ്യശാസ്ത്രം
- 1498 – ഇന്ത്യൻ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിമാറി. കച്ചവടത്തിനായി എത്തിയ വിദേശിയർ കോളനി സ്ഥാപിക്കുകയും ഭരണം ഏറ്റെടുക്കുകയും ചെയ്തു. — ചരിത്രം
- പോർട്ടുഗീസുകാരുടെ വരവ് അവരുടെയും ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് എന്നിവരുടെ രാഷ്ട്രീയ ആധിപത്യത്തിനും പുതിയ ഭരണ രീതിക്കും വഴിയൊരുക്കി. — രാഷ്ടതന്ത്രം
- ഗോവ ഡാമൻ – ഡ്യൂ എന്നിവ പ്രധാനപ്പെട്ട വ്യാപാരകേന്ദ്രങ്ങളായി മാറി. കച്ചവടരംഗത്ത് പുരോഗതി ഉണ്ടായി. — വാണിജ്യം സാമ്പത്തികശാസ്ത്രം
- പാശ്ചാത്യ രാജ്യങ്ങളും കിഴക്കൻ രാജ്യങ്ങളുമായുള്ള കച്ചവടബന്ധം ശക്തി പ്രാപിച്ചു. കയറ്റുമതി – ഇറക്കുമതി രംഗത്ത് മാറ്റം ഉണ്ടായി. — കച്ചവടം സാമ്പത്തികശാസ്ത്രം

## 1.3 സാമൂഹ്യശാസ്ത്രവും ഇതര വിഷയങ്ങളും

ഭാഷ, ഗണിതം, അടിസ്ഥാനശാസ്ത്രം എന്നിവയാണ് ഇതരസ്കൂൾ വിഷയങ്ങൾ എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവയും സാമൂഹ്യശാസ്ത്രവും തമ്മിലുള്ള പരസ്പര ബന്ധമാണ് ചർച്ച ചെയ്യപ്പെടേണ്ടത്.

### A. സാമൂഹ്യശാസ്ത്രവും ഭാഷയും

**പ്രവർത്തനം.1**

- ഭാഷയും സാമൂഹ്യശാസ്ത്രവും പരസ്പരപൂരകങ്ങളാണ് എന്നു പറയുന്നത് എന്തുകൊണ്ട്? പൊതുചർച്ച. (ഉദാഹരണങ്ങൾ അടിസ്ഥാനമാക്കിയാവണം ചർച്ച)
- ടീച്ചർ എജ്യൂക്കേറ്ററുടെ ക്രോഡീകരണം.

| ഭാഷ ⇄ | സാമൂഹ്യശാസ്ത്രം |
|---|---|
| • വിവിധ സാഹിത്യ/ഭാഷാവ്യവഹാര രൂപങ്ങൾ സാമൂഹ്യശാസ്ത്രത്തിന്റെ ഫലപ്രദമായ വിനിമയത്തിനു സഹായിക്കും (ഉദാ: വരൾച്ചമൂലമുള്ള ദുരിതങ്ങൾ റോൾപ്ലേയിലൂടെ - കലിംഗയുദ്ധം നാടകത്തിലൂടെ)<br>• പലസാഹിത്യകൃതികളും ഒരു പ്രത്യേക കാലഘട്ടത്തിന്റെ സാമൂഹ്യ പശ്ചാത്തലം വിശദമാക്കുന്നു. (ഉദാ: ഇന്ദുലേഖ, മാർത്താണ്ഡവർമ്മ തുടങ്ങിയവ) | • വിവിധ ഭാഷാ വ്യവഹാര രൂപങ്ങൾ (കഥകൾ, ഉപന്യാസങ്ങൾ, ജീവചരിത്രങ്ങൾ തുടങ്ങിയവ) ശരിയായി മനസ്സിലാക്കാനും ആസ്വദിക്കാനും കഴിയണമെങ്കിൽ സാമൂഹ്യ പശ്ചാത്തലം ആവശ്യമാണ്.<br>• ചില സാഹിത്യകൃതികൾ പിറവിയെടുക്കുന്നത് സാമൂഹ്യയാഥാർത്ഥ്യങ്ങളെയും വസ്തുതകളെയും അടിസ്ഥാനമാക്കിയാണ്. (ഉദാ: വൈജ്ഞാനിക സാഹിത്യവുമായി ബന്ധപ്പെട്ട കൃതികൾ) |

**പ്രവർത്തനം 2**

- സാമൂഹ്യശാസ്ത്രവും ഭാഷയും തമ്മിലുള്ള ബന്ധം പാഠപുസ്തക ഉള്ളടക്കത്തെ അടിസ്ഥാനമാക്കി ഗ്രൂപ്പുകളിൽ കണ്ടുപിടിക്കുന്നു - ചർച്ച. ഓരോ ഗ്രൂപ്പും പൊതുവായി അവതിരിപ്പിച്ച് ചർച്ച, ക്രോഡകരണം.

### B. സാമൂഹ്യശാസ്ത്രവും അടിസ്ഥാനശാസ്ത്രവും

**പ്രവർത്തനം.1**

- സാമൂഹ്യശാസ്ത്രവും അടിസ്ഥാനശാസ്ത്രവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.? ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി പൊതു ചർച്ച, ക്രോഡീകരണം.

| അടിസ്ഥാനശാസ്ത്രം ⇄ | സാമൂഹ്യശാസ്ത്രം |
| --- | --- |
| • സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവ തൃപ്തിപ്പെടുത്തുവാനുള്ള ശ്രമങ്ങളും കണ്ടെത്തലുകളും ശാസ്ത്രം നടത്തുന്നു. (ഉദാ:പുതിയഉല്പന്നങ്ങൾ, ഉപകരണങ്ങൾ, സാങ്കേതിക വിദ്യകൾ തുടങ്ങിയവ) | • ശാസ്ത്രകണ്ടെത്തലുകൾ സമൂഹത്തിൽ വരുത്തുന്ന സ്വാധീനം പഠന വിധേയമാക്കുന്നത് സാമൂഹ്യശാസ്ത്രങ്ങളാണ്. |
| • മനുഷ്യജീവിതത്തിന്റെ ചരിത്രപരവും സാംസ്കാരികവും സാമൂഹികവുമായ വശങ്ങൾ ശാസ്ത്രപുരോഗതിയുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുമ്പോൾ അത് അർത്ഥവത്തായിത്തീരുന്നു. (ഉദാ: തീ, ചക്രം, കൃഷി എന്നിവയുടെ കണ്ടുപിടിത്തം മനുഷ്യവികാസത്തിലും വളർച്ചയിലും ഉണ്ടാക്കിയ സ്വാധീനം) | • മനുഷ്യവർഗത്തിന്റെ ആവശ്യങ്ങളും ജിജ്ഞാസയുമാണ് പുതിയ ശാസ്ത്ര കണ്ടെത്തലുകളിലേക്ക് നയിക്കുന്നത്.<br>• ശാസ്ത്രവിഷയങ്ങളുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളും വസ്തുതകളും ധാരണകളും പ്രക്രിയകളും അർത്ഥവത്താകുന്നത് അവ സാമൂഹ്യ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ്. |

## C. സാമൂഹ്യശാസ്ത്രവും ഗണിതവും

**പ്രവർത്തനം -3**

മുകളിൽ പ്രതിപാദിച്ച രീതിയിൽത്തന്നെ സാമൂഹ്യശാസ്ത്രവും ഗണിതവും തമ്മിലുള്ള ബന്ധം ചർച്ച ചെയ്യാം, ക്രോഡീകരണം:

| ഗണിതം ⇄ | സാമൂഹ്യശാസ്ത്രം |
| --- | --- |
| • സാമൂഹ്യജീവിത്തിൽ വ്യക്തിയുടെ ഗണിതപരമായ കഴിവ് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. (ഉദാ : എണ്ണിതിട്ടപ്പെടുത്തൽ, കൃത്യമായി മൂല്യം കണക്കാക്കൽ, വലുത് - ചെറുത് നിർണയിക്കൽ തുടങ്ങിയവ)<br>• സാമൂഹ്യപ്രസക്തിയുള്ള പ്രവർത്തനങ്ങളിൽ ഗണിതം പ്രധാന പങ്കുവഹിക്കുന്നു. (ഉദാ: വാണിജ്യപ്രവർത്തനങ്ങൾ, ബാങ്കിംഗ്, ബഡ്ജറ്റിംഗ്, അക്കൗണ്ടിംഗ് തുടങ്ങിയവ)<br>• സാമൂഹ്യപ്രശ്നങ്ങളെയും അവസ്ഥകളെയും കൃത്യമായി വിശകലനം ചെയ്യുന്നതിന് ഗണിതാശയങ്ങൾ അത്യാന്താപേക്ഷിതമാണ്. (ഉദാ: ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ തീവ്രത, സാക്ഷരത - വിവിധ സംസ്ഥാനങ്ങളിലെ താരതമ്യം, ജീവിത നിലവാരസൂചിക തുടങ്ങിയവ) | • സമൂഹത്തിന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും മുൻനിർത്തിമാത്രമേ ഗണിതത്തിന് നിലനില്പുള്ളു. പുതിയ ഗണിതാശയങ്ങളും സിദ്ധന്തങ്ങളും രൂപപ്പെടുന്നതും അത്തരത്തിൽത്തന്നെ. അതായത്, ഗണിതത്തിന് ഒറ്റപ്പെട്ട ഒരു വിഷയമായി നിലനിൽക്കാൻ ഒരിക്കലും സാധിക്കില്ല.<br>• സാമൂഹികാനുഭവങ്ങളുമായി ബന്ധപ്പെടുത്തിയാൽ ഗണിതാശയങ്ങൾ വേഗത്തിലും ഫലപ്രദമായും വിനിമയം ചെയ്യാം. (ഉദാ: പലിശ, ലാഭനഷ്ടങ്ങൾ, ശതമാനം തുടങ്ങിയവ) |

### 1.4. സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രസക്തിയും ലക്ഷ്യങ്ങളും

### A. സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രസക്തി

**പ്രവർത്തനം 1**

- "സ്കൂൾ പാഠ്യപദ്ധതിയിൽ സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രസക്തിയെന്ത്?" - പൊതു ചർച്ച

  (പൊതുചർച്ചയ്ക്ക് മുന്നോടിയായി ടീച്ചർ ടെക്സ്റ്റ്, മറ്റ് വായന സാമഗ്രികൾ എന്നിവയിലെ പ്രസക്തഭാഗങ്ങൾ വായിക്കാനുള്ള അവസരം ഒരുക്കണം)
- ചർച്ചയിലൂടെ ഉരിത്തിരിയുന്ന പ്രധാന ആശയങ്ങൾ ക്രോഡീകരിക്കൽ (സാമൂഹിക കാരണങ്ങൾ, മനഃശാസ്ത്രപരമായ കാരണങ്ങൾ, വിദ്യാഭ്യാസപരമായ കാരണങ്ങൾ, പ്രായോഗിക കാരണങ്ങൾ തുടങ്ങിയവ പരിഗണിച്ചാവണം ചർച്ചയും ക്രോഡീകരണവും)

- തന്റെ ചുറ്റുപാടുകളുമായി ബന്ധിച്ച് പഠിതാവിന്റെ സ്വാഭാവിക പഠനത്തിനും വളർച്ചയ്ക്കും അവസരമൊരുക്കുന്നു.
- സാമൂഹ്യവിദ്യാഭ്യാസത്തിനുള്ള അവസരമൊരുക്കുന്നു.
- വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ സഹായിക്കുന്നു.
- സാമൂഹിക നൈപുണികളുടെ വികാസത്തിന് അവസരമൊരുക്കുന്നു.
- നമ്മുടെ സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കാനുള്ള മനോഭാവം വളർത്തുന്നു.
- സമാധാനം നിലനിർത്താനുള്ള മനോഭാവം വികസിപ്പിക്കുകയും അതിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.
- സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള നൈപുണിയും മനോഭാവവും വികസിപ്പിക്കുന്നു.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിന്റെ ആവശ്യകത ബോധ്യപ്പെട്ട് അതിനായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു.

  (ആവശ്യമായ വിശദീകരണങ്ങളോടുകൂടിയാവണം ക്ലാസിൽ ചർച്ചയും ക്രോഡീകരണവും നടത്തേണ്ടത്)

### B. സാമൂഹ്യശാസ്ത്രപഠനത്തിന്റെ ലക്ഷ്യങ്ങൾ

**പ്രവർത്തനം - 2**

സാമൂഹ്യശാസ്ത്രപഠനം മനുഷ്യ ജീവിതത്തിന്റെ വളർച്ചയും വികാസവും വിശകലനം ചെയ്ത്, ആധുനിക ജീവിത സമസ്യകൾക്കനുസരിച്ചുള്ള സാമൂഹ്യജീവിതം ചിട്ടപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു എന്ന ആശയം പഠിതാക്കളിൽ ലഭിക്കുവാൻ വേണ്ട പ്രവർത്തനമാണ് നടക്കേണ്ടത്. യു.പി/ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്ര അധ്യാപക സഹായിയുടെ ആദ്യപേജുകളിൽ നൽകിയിട്ടുള്ള സാമൂഹ്യശാസ്ത്ര പഠന ലക്ഷ്യങ്ങൾ എന്ന ഭാഗവും മറ്റ് സാമഗ്രികളും ഗ്രൂപ്പിൽ വായനയ്ക്കു നൽകി ചർച്ച ചെയ്ത് 'സാമൂഹ്യശാസ്ത്രപഠനത്തിന്റെ പ്രസക്തിയും ലക്ഷ്യങ്ങളും' എന്ന തലക്കെട്ടിൽ ഒരു സെമിനാർ പേപ്പർ തയ്യാറാക്കുന്നു. അവതരണം, ചർച്ച ക്രോഡീകരണം.

**ക്രോഡീകരണം.**

- മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിയുന്നതിനും സമൂഹം വികാസ പ്രക്രിയയിൽ ഈ പരസ്പരബന്ധത്തിന്റെ പ്രസക്തി ബോധ്യപ്പെടുന്നതിനും.
- മനുഷ്യസമൂഹ വളർച്ചയുടെ ഓരോ ഘട്ടത്തിലും വളർന്നുവന്ന അധികാരരൂപങ്ങൾ, ഭരണക്രമം, ഭരണകൂടങ്ങൾ ഇവയെക്കുറിച്ചുള്ള നിഗമനങ്ങൾ രൂപപ്പെടുത്താൻ അവസരം ലഭിക്കുന്നതാകണം.
- മനുഷ്യസമൂഹത്തിന്റെ ഇന്നത്തെ സ്ഥിതി മനസ്സിലാക്കാനും ഇന്നലെകളുമായി താരതമ്യം ചെയ്ത് നാളെയെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നതിനും, അവ യാഥാർത്ഥ്യമാക്കാനുള്ള സാമൂഹ്യ ഇടപെടലുകൾക്ക് അവസരം നൽകുന്നതുമാകണം.
- സമ്പത്തിന്റെ ഉൽപാദനം, വിതരണം, സാമ്പത്തികബന്ധങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും, പൊതു സമൂഹത്തിന് ഗുണകരമായ വിധത്തിൽ ഈ സാമ്പത്തിക ബന്ധങ്ങളെ മാറ്റിതീർക്കുന്നതിനുള്ള ഇടപെടലുകൾക്ക് അവസരം നൽകുന്നതുമാകണം.
- പ്രപഞ്ചം, ഭൂമി, പ്രകൃതി വിഭവങ്ങൾ ഇവയും സാമൂഹ്യഘടനയുടെ വികാസവും തമ്മിലുള്ള ബന്ധം, സമൂഹവികാസപ്രക്രിയയിൽ സാമ്പത്തികബന്ധങ്ങൾക്കുള്ള സ്ഥാനം എന്നിവയെപ്പറ്റിയുള്ള ധാരണകൾ രൂപീകരിക്കാനവസരം ലഭിക്കണം.
- ജനാധിപത്യം, സാമൂഹികനീതി, മതനിരപേക്ഷത എന്നീ ആശയങ്ങളെപ്പറ്റിയുള്ള ധാരണകൾ വിപുലപ്പെടുത്തുന്നതിനും, ഇവയ്ക്ക് വിഘാതമായവയ്ക്കെതിരെ നിലപാടുകൾ സ്വീകരിക്കുന്നതിനും, പ്രായോഗിക പ്രവർത്തനങ്ങളിലേർപ്പെടുന്നതിനുള്ള അവസരം ലഭിക്കുന്നതാകണം.
- പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തെപ്പറ്റിയും, ദരിദ്രവൽക്കരണപ്രക്രിയെപ്പറ്റിയും ധാരണകൾ രൂപീകരിക്കാനും, ഇവയ്ക്കെതിരായ സാമൂഹ്യവ്യവസ്ഥ രൂപപ്പെടുന്നതിനുവേണ്ടി നിലകൊള്ളാനും കുട്ടികൾക്ക് അനുഭവങ്ങൾ നൽകുന്നതാകണം.
- സാമൂഹ്യജീവിതത്തിന്റെ വിശകലനത്തിന് സഹായകമായ വിവിധ സാമൂഹ്യശാസ്ത്ര വിഷയങ്ങളുടെ രീതിശാസ്ത്രം പരിചയപ്പെടാനും, അത് സ്വായത്തമാക്കാനും അവസരങ്ങൾ നൽകുന്നതാകണം.

### 1.5. സാമൂഹ്യശാസ്ത്രപഠന സമീപനം

വിവിധങ്ങളായ പഠന പ്രവർത്തനങ്ങൾ സിമുലേഷൻ രീതിയിലോ അല്ലാതെയോ നടത്തി സമീപനം ബോധ്യപ്പെടുത്തേണ്ടതാണ്. അനുയോജ്യമായ പ്രവർത്തനങ്ങൾ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിൽ നിന്നു തന്നെ തെരഞ്ഞെടുക്കുന്നത് നന്നായിരിക്കും.

**പ്രവർത്തനം 1**

- "സാമൂഹ്യശാസ്ത്രപഠനത്തിൽ പ്രക്രിയയ്ക്കാണോ (Process) ഉള്ളടക്കത്തിനാണോ (content) പ്രാധാന്യം നൽകേണ്ടത്?" - ചർച്ച. (രണ്ടിനുമുള്ള പ്രാധാന്യം പരിഗണിക്കണം)
- പ്രക്രിയയ്ക്ക് പ്രാധാന്യം നൽകി എങ്ങനെ നമുക്ക് പഠനാനുഭവങ്ങൾ നൽകാൻ സാധിക്കും? (പ്രതികരണങ്ങൾ)
- പഠന പ്രക്രിയ ബോധ്യപ്പെടുത്താൻ പറ്റിയ ഏതെങ്കിലും ഒരു പ്രവർത്തനം സിമുലേറ്റ് ചെയ്യുന്നു. ഒരു ഉദാഹരണം നോക്കൂ.

ഏത് ഭൂപ്രകൃതി വിഭാഗത്തിലാണ് കേരളത്തിലെ ജില്ലകൾ കൂടുതലും ഉൾപ്പെടുന്നത്?/മൂന്ന് ഭൂപ്രകൃതി വിഭാഗത്തിലും ഉൾപ്പെടുന്ന എത്ര ജില്ലകളുണ്ട്?/രണ്ട് ഭൂപ്രകൃതി വിഭാഗത്തിൽ ഉൾപ്പെടുന്ന ജില്ലകളാണോ ഒരു ഭൂപ്രകൃതി വിഭാഗത്തിൽ ഉൾപ്പെടുന്ന ജില്ലകളാണോ കൂടുതൽ? ഇങ്ങനെയുള്ള ചോദ്യങ്ങളിൽ നിന്ന് പ്രവർത്തനം ആരംഭിക്കാം. തുടർന്ന്

- ഊഹങ്ങൾ അവതരിപ്പിക്കുന്നു.
- കൃത്യമായ ഉത്തരം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നു.
- ജില്ലകൾ രേഖപ്പെടുത്തിയ ഭൂപടവും ഭൂപ്രകൃതി രേഖപ്പെടുത്തിയ ഭൂപടവും ഉപയോഗിച്ച് കൃത്യമായി ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നു.
- തെറ്റുകൾ/പിഴവുകൾ സ്വയം ബോധ്യപ്പെട്ട് ശരിയായ ഉത്തരത്തിലെത്തുന്നു.
- അവരുടെ ഊഹവുമായി തട്ടിച്ചുനോക്കുന്നു.
- ഈ പ്രവർത്തനത്തിന്റെ ആദ്യാവസനം നടന്ന പ്രക്രിയ ചർച്ച ചെയ്ത് രേഖപ്പെടുത്തുന്നു.
- 'പ്രക്രിയാബന്ധിത സമീപന'ത്തിന്റെ പ്രത്യേകത ബോധ്യപ്പെടുത്തുന്നു.

- അനുയോജ്യമായ മറ്റ് പ്രവർത്തനങ്ങൾ നൽകി സാമൂഹ്യശാസ്ത്രസമീപനം വ്യക്തമാക്കണം

പ്രവർത്തനാധിഷ്ഠിതം (Activity Based)

പ്രക്രിയാബന്ധിതം (Process Oriented)

പരിസരബന്ധിതം (Environmental Based)

പഠിതാവ് കേന്ദ്രീകൃതം (Learner Centred)

ഐ.സി.റ്റി അധിഷ്ഠിതം (I.C.T Based)

പഠനനേട്ടകേന്ദ്രീകൃതം (Learning Outcome Focused)

**പഠനനേട്ടങ്ങളിൽ ഊന്നിയ സമീപനം**

പഠനപ്രവർത്തനങ്ങൾ/അനുഭവങ്ങൾ ആസൂത്രണം ചെയത് നടപ്പാക്കുന്നതിനു മുമ്പ് കുട്ടിയിലുണ്ടാവേണ്ട മാറ്റങ്ങൾ എന്തൊക്കെയെന്ന് നിശ്ചയിക്കേണ്ടതുണ്ടല്ലോ? ഇവയിൽ ചിലത് ഹ്രസ്വകാലംക്കൊണ്ട് നേടാവുന്നതും മറ്റു ചിലത് ദീർഘകാലം കൊണ്ട് നോടാവുന്നവയുമാണ്. ഇത്തരം മാറ്റങ്ങളുടെ ഫലമായാണല്ലോ കുട്ടിയിൽ പുതിയ ആശയങ്ങൾ, ശേഷികൾ മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ രൂപപ്പെടുന്നത്. സ്കൂൾവിദ്യാദ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ, വിവിധ വിഷയങ്ങളിലൂടെ കുട്ടി കൈവരിക്കേണ്ട ലക്ഷ്യങ്ങളായി നാം കണക്കാക്കുന്നതെന്തോ അവയാണ് പഠനനേട്ടങ്ങൾ.(Learning outcomes) ഓരോ യൂണിറ്റിലൂടെയും കൈവരിക്കേണ്ട പഠനനേട്ടങ്ങൾ എന്തൊക്കെയെന്ന് മുൻകൂട്ടി തീരുമാനിക്കേണ്ടതുണ്ട്. ഇങ്ങനെ ഓരോ യൂണിറ്റിലൂടെയും നേടുന്ന പഠനനേട്ടങ്ങൾ വികസിച്ച് ഒടുവിൽ ആ ക്ലാസ്സിന്റെ പഠനനേട്ടങ്ങളായി മാറുന്നു. വിദ്യാഭ്യാസ കാലത്തിന്റെ നിശ്ചിത ഘട്ടങ്ങളിലുള്ള പഠന നേട്ടങ്ങളായി ഇത് വികാസം പ്രാപിക്കുന്നു. പഠനനേട്ടങ്ങളുടെ സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

- വിഷയബന്ധിതമായ പഠനത്തിലൂടെ പഠിതാവ് ആർജ്ജിക്കേണ്ട അറിവ് (knowledge), ശേഷികൾ (skills), മനോഭാവങ്ങൾ (attitudes), മൂല്യങ്ങൾ (values) ഇവ ഉൾക്കൊള്ളുന്നവയാവും പഠന നേട്ടങ്ങൾ.
- പഠനനേട്ടങ്ങൾ നിരീക്ഷണ വിധേയമായും (observable) അളക്കാൻ കഴിയുന്നതും (measurable) ആയിരിക്കും.

- ഹ്രസ്വവും ദീർഘവുമായ കാലയളവിൽ നേടുന്ന പഠനനേട്ടങ്ങൾ ഉണ്ടായിരിക്കും.

കുട്ടികളുടെയും രക്ഷിതാക്കളുടെയും അറിവിലേക്കായി പാഠപുസ്തകത്തിലെ ഓരോ യൂണിറ്റിന്റെയും അനുബന്ധമായി പ്രധാന പഠന നേട്ടങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**പ്രവർത്തനം - 2**

- സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിൽ നിന്നും വിവിധ പ്രവർത്തനങ്ങൾ പരിഗണിച്ച്, ഓരോ പ്രവർത്തനത്തിലും ഉൾച്ചേർന്നിരിക്കുന്ന പ്രക്രിയകൾ പട്ടികപ്പെടുത്തൽ. (വിവിധ ഗ്രൂപ്പുകളിൽ)

| പ്രവർത്തനം | ഉൾച്ചേർന്നിരിക്കുന്ന പ്രക്രിയകൾ |
|---|---|
| | |

**പ്രവർത്തനം - 3**

- പാഠപുസ്തകത്തിലെ വിവിധ യൂണിറ്റുകളിലെ ആശയങ്ങൾ അധ്യാപക വിദ്യാർത്ഥികൾ ചാർട്ടു ചെയ്യുന്നു. (ഒരു ഗ്രൂപ്പിന് ഒരു യൂണിറ്റ് എന്ന ക്രമത്തിൽ)
- പ്രസ്തുത ആശയങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യാൻ പറ്റിയ വിവരവിനിമയ സാങ്കേതികവിദ്യകളുടെ (ICT) സാധ്യതകൾ ഓരോ ഗ്രൂപ്പും പട്ടികപ്പെടുത്തി അവതരിപ്പിക്കുന്നു.

| ക്ലാസ് | യൂണിറ്റ് | ആശയങ്ങൾ | ഐ.സി.റ്റി സാധ്യത |
|---|---|---|---|
| | | | |

- ഓരോ ആശയവുമായി ബന്ധപ്പെട്ട് ഐ.സി.റ്റി പ്രയോജനപ്പെടുത്തുന്നത് ഏത് സന്ദർഭത്തിൽ? എങ്ങനെ? എന്ന് ചർച്ച ചെയ്യുന്നു.

### 1.6 അധ്യാപന മാതൃകകൾ (Models of Teaching)

#### A. നിർവ്വചനവും പ്രസക്തിയും

അധ്യാപനലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്വേണ്ടി ചില സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തി നടപ്പാക്കുന്ന ഒരു സാങ്കേതിക രീതയാണ് അധ്യാപന മാതൃകകൾ. ഒരു പാഠ്യപദ്ധതിക്കു രൂപം കൊടുക്കുവാനോ ഉചിതമായ ബോധനസാമഗ്രികൾ തെരഞ്ഞെടുക്കുവാനോ അധ്യാപന രീതികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകാനോവേണ്ടി നിർദ്ദേശിക്കപ്പെടുന്ന ഒരു രൂപരേഖയോ പ്ലാനോ ആണ് അധ്യാപനമാതൃക. ഇതിന്റെ ആസൂത്രണവും നടപ്പാക്കലും അയവുള്ളതാകാം. എല്ലാ അധ്യാപനമാതൃകകളും പ്രായോഗികവും മനശാസ്ത്രതത്വങ്ങളിൽ അധിഷ്ഠിതവുമാണ്.

**നിർവചനങ്ങൾ**

"Models of Teaching is a plan that can be utilised to shape course of studies, to design instructional materials and to guide instructions'

*- B.K. Passi & L.C. Singh*

അധ്യാപനമാതൃകകൾ ബോധന രൂപരേഖകൾ മാത്രമാണ്. പഠിതാവിന്റെ വ്യവഹാരത്തിൽ സ്പഷ്ടമായ മാറ്റം വരുത്തക്കവണ്ണം അയാളെക്കൊണ്ട് പ്രതിപ്രവർത്തിപ്പിക്കാൻ പ്രേരകമാകുന്ന പ്രത്യേക പരിസ്ഥിതി, സാഹചര്യങ്ങൾ എന്നിവ വ്യക്തമാക്കുകയും ഉളവാക്കുകയും ചെയ്യുന്ന പ്രക്രിയയെ അത് വിവരിക്കുന്നു.

*- ബ്രൂഡ് ജോയിസ് & മാർഷാവെയിൻസ്*

പാഠ്യപദ്ധതി പഠിതാക്കൾക്ക് നിയതമായ ശേഷികൾ ഉറപ്പാക്കുന്നു. അധ്യാപകരുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമേ ഇത് സാധ്യമാകുകയുള്ളു. ഇതിനായി കുട്ടികളുടെ പഠനത്തിന് സഹായകമായ പരിസ്ഥിതി സൃഷ്ടിക്കേണ്ടതുണ്ട്. വിവിധ അധ്യാപനമാതൃകകളിലൂടെ അധ്യാപകർക്ക് അതിനുള്ള നൈപുണികൾ വികസിപ്പിക്കുവാൻ സാധിക്കും. പാഠ്യപദ്ധതി നന്നായി ആസൂത്രണം ചെയ്യുന്നതിനും അധ്യാപനമാതൃകകൾ സഹായിക്കും.

അധ്യാപനമാതൃകകൾ, അധ്യാപകർക്ക് അനുയോജ്യമായ ബോധനതന്ത്രങ്ങൾ, രീതികൾ എന്നിവ തെരഞ്ഞെടുത്ത് പഠനബോധനപ്രവർത്തനങ്ങൾ കാര്യക്ഷമമായി ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും അധ്യാപകരെ സഹായിക്കും. മാത്രമല്ല ഇവ പഠനപ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ അധ്യാപകനും വിദ്യാർത്ഥികളും തമ്മിലുള്ള പരസ്പര പ്രവർത്തനത്തെ മെച്ചപ്പെടുത്തുകയും ചെയ്യും. ഒരോ അധ്യാപനമാതൃകൾ അവലംബിക്കുമ്പോഴും അതിലൂടെ പുതിയ അധ്യാപന രീതികളും സിദ്ധാന്തങ്ങളും ആവിഷ്കരിക്കാനും ഒരു പരിധിവരെ അധ്യാപകരെ സഹായിക്കും.

**അധ്യാപന മാതൃക - സവിശേഷതകൾ**

എല്ലാ അധ്യാപന മാതൃകളും മുന്നോട്ട്വയ്ക്കുന്ന പ്രധാന സവിശേഷതകൾ താഴെപറയുന്നവയാണ്.

- പഠനനേട്ടങ്ങൾ സ്പഷ്ടമായി വ്യക്തമാക്കിയിട്ടുണ്ടാകും.
- പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പഠന സന്ദർഭങ്ങൾ ഓരോ പഠിതാവിനും ലഭ്യമാക്കും.
- കുട്ടികളുടെ പ്രതികരണങ്ങൾക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടാവും.
- പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്തിട്ടുണ്ടാവും.
- കുട്ടികളുടെ വ്യവഹാരങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയരീതികൾ അവലംബിക്കും.

**ബി. അധ്യാപന മാതൃകകളുടെ കുടുംബങ്ങൾ (Families of Teaching Models)**

അധ്യാപന മാതൃകകൾ പ്രധാനമായും 4 കുടുംബങ്ങളിൽ ഉൾപ്പെടുന്നു. അവ ചുവടെ ചേർക്കുന്നു.

1. **വിവര സംസ്കരണകുടുംബം** (Information Processing Family)

അന്വേഷണത്തിന്റെ രീതികൾ അതിന്റെ നിപുണന നിലവാരത്തിൽ കൈവരിക്കുന്നതിനും വിവര സംസ്കരണത്തിനുള്ള നൈപുണികൾ വികസിപ്പിക്കുന്നതിനും യുക്തിപൂർവ്വം ചിന്തി

ക്കാനുള്ള കഴിവ് വളർത്തുന്നതിനും സംഘടിതമായ ഒരു വൈജ്ഞാനിക ഘടന സൃഷ്ടിക്കാൻ ഉപയുക്തമായ കഴിവ് വികസിപ്പിക്കുന്നതിനും വിവര സംസ്കരണ കുടുംബത്തിലെ വിവിധ മാതൃകകൾ ലക്ഷ്യമിടുന്നു.

**2. വൈയക്തിക കുടുംബം (Personal family)**

ഈ കുടുംബത്തിൽ ഉൾപ്പെട്ട മാതൃകകൾ കുട്ടിയുടെ വൈയക്തിക വികസനം ലക്ഷ്യമിടുന്നു. പഠിതാവിന് സ്വന്തം മൂല്യത്തെപ്പറ്റി അവബോധം ഉണ്ടാക്കുവാനും അവനവനെ സമഗ്രമായി മനസിലാക്കുവാനും സ്വന്തം വികാരങ്ങളെ അനുയോജ്യമായി നിയന്ത്രിക്കുവാനും സർഗാത്മക ശേഷീവികസനത്തിനും ഈ കുടുംബത്തിലെ മാതൃകകൾ സഹായിക്കും.

**3. സാമൂഹിക കുടുംബം** (Social Family)

പഠിതാക്കളെ സംഘപ്രവർത്തനത്തിന് പരിശീലിപ്പിക്കുവാൻ അനുയോജ്യമായ മാതൃകകളാണ് ഈ കുടുംബത്തിൽ ഉൾപ്പെടുന്നത്. സാമൂഹ്യപ്രശ്നങ്ങൾ കാര്യക്ഷമമായി പരിഹരിക്കാനുള്ള നൈപുണികൾ വികസിപ്പിക്കുവാൻ ഇവ പ്രധാനമായും ലക്ഷ്യമിടുന്നു. വൈയക്തികവും സാമൂഹികവുമായ മൂല്യങ്ങൾ വളർത്തുന്നതിന് സഹായകരമാണ് ഈ കുടുംബത്തിലെ മാതൃകകൾ.

**4. വ്യവഹാരിക കുടുംബം** (Behavioural systems family)

പഠിതാവിന്റെ പിരിമുറുക്കം ലഘൂകരിക്കുന്നതിനുള്ള സാങ്കേതിക രീതികൾ സ്വായത്തമാക്കുവാനും ആത്മനിയന്ത്രണം പാലിക്കുവാനുമുള്ള തന്ത്രങ്ങൾ പഠിക്കുവാനും ഓരോ സന്ദർഭത്തിനും അനുയോജ്യമായ വ്യവഹാരശൈലികൾ സ്വീകരിക്കാനുള്ളശേഷി വികസിപ്പിക്കുന്നതിനും നേതൃത്വഗുണം വളർത്തുന്നതിനും ഈ കുടുംബത്തിൽ ഉൾപ്പെടുന്ന മാതൃകകൾ സഹായിക്കും.

## C. അധ്യാപന മാതൃകകൾ - ഘടകങ്ങൾ (Elements of Teaching Models)

വളരെ കൃത്യമായ ആസൂത്രണത്തിലൂടെ മാത്രമേ ഒരു ടീച്ചർക്ക് താൻ തെരഞ്ഞെടുത്ത അധ്യപനമാതൃക കാര്യക്ഷമമായി നിർവ്വഹിക്കാൻ സാധിക്കൂ. അതിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തന ശ്രേണി, ക്ലാസിലെ അന്തരീക്ഷം, പഠിതാക്കളുടെ ശരിയായ പ്രതികരണങ്ങൾക്ക് സഹായകമായ സംവിധാനങ്ങൾ, അധ്യാപന മാതൃക നടപ്പിലാക്കുന്നതിലടെ കൈവരിക്കേണ്ട പ്രത്യക്ഷവും പരോക്ഷവുമായ ഫലങ്ങൾ തുടങ്ങിവയെ സംബന്ധിച്ച വ്യക്തമായ ധാരണ ടീച്ചർക്കുണ്ടാകണം. ഓരോ അധ്യാപന മാതൃകയിലും ഇവ വ്യത്യസ്തമായിരിക്കുമല്ലോ. എന്നാൽ അവ ചിട്ടപ്പെടുത്തുന്നതിനും രേഖപ്പെടുത്തുന്നതിനും നിയതമായ ഒരു ഘടന നിർദ്ദേശിക്കുന്നുണ്ട്. അവ ചുവടെ നൽകുന്നു.

- പ്രവർത്തന ശ്രേണി (Syntax)
- സമൂഹ്യഘടന (Social System)
- പ്രതികരണതത്ത്വങ്ങൾ (Principles of Reaction)
- സഹായക സംവിധാനം (Support system)

**1. പ്രവർത്തന ശ്രേണി (Syntax)**

ഒരു അധ്യാപന മാതൃകയിലൂടെ അവതരിപ്പിക്കപ്പെടുന്ന പാഠഭാഗം/പ്രവർത്തനം നിശ്ചിത ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ഇത്തരം സൂക്ഷ്മപ്രക്രിയകൾ അതിന്റെ ക്രമത്തിൽതന്നെ ആസൂത്രണം ചെയ്ത് രേഖപ്പെടുത്തേണ്ടതുണ്ട്. ഇവ പരസ്പരം ശൃംഖലനം ചെയ്ത് മെച്ചപ്പെടുകയും വേണം. ഇങ്ങനെ ശൃംഖലനം ചെയ്യപ്പെട്ട പ്രക്രിയകളുടെ/ഘട്ടങ്ങളുടെ ക്രമത്തെയാണ്

അധ്യാപനമാതൃകയിലെ പ്രവർത്തന ശ്രേണി (Syntax) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു പ്രവർത്തനത്തിന്റെ ആദ്യാവസാനമുള്ള ഘട്ടങ്ങൾ ഇതിലൂടെ തിരിച്ചറിയാൻ സാധിക്കും. അതായത് ആദ്യം എന്തു ചെയ്യുന്നു. രണ്ടാമത് എന്ത് എന്നിങ്ങനെ തെരഞ്ഞെടുക്കുന്ന മാതൃകയുടെ ലക്ഷ്യങ്ങൾക്കനുസരിച്ച് പ്രവർത്തന ശ്രേണിയിലും വ്യത്യാസം വരും.

**2. സമൂഹ്യഘടന (Social System)**

അധ്യാപകനും പഠിതാവും പുലർത്തുന്ന ബന്ധം, പാലിക്കേണ്ട നിയമങ്ങൾ, പാലിക്കുന്ന മാനദണ്ഡങ്ങൾ, പ്രവർത്തനങ്ങളുടെ സ്വഭാവം എന്നിവ വിശദമാക്കുന്ന ഘട്ടമാണിത്. ചിലപ്പോൾ അധ്യാപകനാകും പ്രവർത്തനപരിപാടികൾ നിയന്ത്രിക്കുന്നതും നിർദ്ദേശിക്കുന്നതും. അവ അനുസരിച്ച് പ്രവർത്തിക്കുക മാത്രമാകും കുട്ടികൾ ചെയ്യേണ്ടിവരിക. അത്തരം സന്ദർഭത്തെ കടുത്ത ഘടനാ സ്വഭാവം (high structured) എന്നറിയുന്നു. ചിലപ്പോൾ പ്രവർത്തനക്രമം അയവുള്ളതാകും. ഇവിടെ പഠിതാക്കൾക്കും സ്വാതന്ത്ര്യം കൂടുതലാകും. ഇത്തരം സന്ദർഭത്തെ താഴ്ന്ന ഘടനാ സ്വാഭാവം (Low structured) എന്നാണറിയുക. ചില മാതൃകകളിൽ ഇടത്തരത്തിലുള്ള ഘടനയും (Moderately structured) കാണാം. ഇവിടെ അധ്യാപകനും പഠിതാവും കൂട്ടുചേർന്ന ഒരു പഠന ശൈലി കാണാം.

**3. പ്രതികരണതത്വങ്ങൾ (Principle of** Reaction)

പഠിതാക്കളുടെ ഓരോ പ്രവർത്തനത്തോടും അധ്യാപകൻ എങ്ങനെ പ്രതികരിക്കണം എന്ന മാർഗ്ഗ നിർദ്ദേശങ്ങളാണ് പ്രതികരണ തത്വങ്ങളിലൂടെ വ്യക്തമാക്കുന്നത്. സാമൂഹ്യ ക്രമത്തിന്റെ ഒരു തുടർച്ചതന്നെയാണിത്. വിദ്യാർത്ഥികൾ ഉയർത്തുന്ന വാദഗതികളോടു പ്രതികരണങ്ങളോടും അധ്യാപകന്റെ നിലപാടുകളും പ്രതികരണങ്ങളും എന്താവണം എന്ന് പ്രതികരണ തത്വങ്ങൾ കൃത്യമായി നിർവ്വചിക്കുന്നു.

**4. സഹായക സംവിധാനം (Support system)**

ഓരോ അധ്യാപന മാതൃകയും നിർദ്ദിഷ്ട ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് മുന്നോട്ടുപോകുന്നത്. അതിന്റെ സാക്ഷാത്കരാത്തിനുതകുന്ന പ്രവർത്തനമാണ്/പ്രക്രിയളാണ് രൂപകൽപ്പന ചെയ്യുന്നത്. ഇത് ഫലപ്രദമായി നടപ്പാക്കാൻ പറ്റിയ അന്തരീക്ഷം അനിവാര്യമാണ്. അധ്യാപകന്റെ ഇടപെടൽ, പ്രവർത്തനാന്തരീക്ഷം, മറ്റ് സഹായക സാമഗ്രികൾ (റഫറൻസ് ഗ്രന്ഥങ്ങൾ, ബ്ലാക്ക് ബോർഡ്, സാങ്കേതിക വിദ്യകൾതുടങ്ങിയവ) എന്നിവയെല്ലാം സഹായക സംവിധാനത്തിൽ ഉൾപ്പെടുന്നു.

**ഡി. സാമൂഹ്യശാസ്ത്രബോധനത്തിന് അനുയോജ്യമായ ചില ബോധന മാതൃകകൾ**

**1. ആശയസമ്പാദന മാതൃക (Concept Attainment Models)**

വിവരസംസ്ക്കരണ കുടുംബത്തിൽ (Information processing family) ഉൾപ്പെടുന്ന ഒരു ബോധന മാതൃകയാണിത്. ജറോം എസ്. ബ്രൂണറിന്റെ പഠനത്തെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയിട്ടുള്ള മാതൃകയാണിത്. ആശയങ്ങളുടെ സ്വഭാവവും അവ രൂപീകരിക്കുവാനുള്ള തന്ത്രങ്ങളുമാണ് ഇതിൽ പരിഗണിക്കുന്നത്.

**ആശയങ്ങൾ (Concepts)**

'ആശയം' എന്ന വാക്കിന്റെ അർത്ഥതലം മനസിലാക്കാതെ ഒരു അധ്യാപികയ്ക്ക് പഠിതാക്കളിൽ ആശയങ്ങൾ രൂപീകരിക്കുവാനുള്ള നൈപുണികൾ വികസിപ്പിക്കുവാൻ സാധ്യമല്ല. ഒരു ആശയത്തിന് പ്രധാനമായും 5 ഘടകങ്ങൾ ഉണ്ട്.

- പേര്
- ദൃഷ്ടാന്തങ്ങൾ
- നിയമം
- സവിശേഷതകൾ
- സവിശേഷകതാ മൂല്യം

ആശയവിനിമയത്തിനിടക്ക് ആശയത്തെ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ് പേര്. ഉദാ. യുദ്ധം, ജനാധിപത്യം, സ്റ്റേറ്റ്, ഗ്രഹം...ആശയത്തിലേക്ക് എത്തുന്നതിന് വേണ്ടി വർഗ്ഗീകരണ ത്തിന് വിധേയമാക്കുന്ന ഇനങ്ങളാണ് ദൃഷ്ടാന്തങ്ങൾ. ഇതിൽ നിർദ്ദിഷ്ട ആശയത്തിന്റെ സവി ശേഷതകളും അല്ലാത്തവയും ഉണ്ടാകും. ഇവ യഥാക്രമം അനുകൂല ദൃഷ്ടാന്തങ്ങൾ (Excemplers) പ്രതികൂല ദൃഷ്ടാന്തങ്ങൾ (Non - Exemplars) എന്ന് അറിയുന്നു. ഇവയെ ആശയത്തിന്റെ സവി ശേഷ സ്വഭാവം അനുസരിച്ച് വേർതിരിച്ചറിയാനുള്ള ശേഷി പഠിതാവിന് ഉണ്ടാകേണ്ടതുണ്ട്. സവിശേഷതകൾ എന്നത് ആശയത്തെ പ്രതിനിധീകരിക്കുന്ന ഒരു പ്രത്യേകഗണത്തിലേക്ക് നിരവധി ഇനങ്ങളെ വർഗ്ഗീകരിച്ച് ചേർക്കുന്നതിന് സ്വീകരിക്കുന്ന അടിസ്ഥാനമാനദണ്ഡങ്ങളാണ്. ഓരോ സവിശേഷതകൾക്കും അതിന്റെ മൂല്യപരിധിയുണ്ട്. ചില സവിശേഷതകൾക്ക് ഈ പതിധിയുണ്ടാവുകയുമില്ല ആവശ്യസവിശേഷതകളുടെ അടിസ്ഥാനത്തിൽ ധാരണയെ വിവരി ക്കുന്ന നിർവചനമാണ് നിയമം'

**ആശയസമ്പാദന മാതൃകയുടെ വിവരണം**

**എ. പ്രവർത്തനക്രമം** (Syntax)

**ഘട്ടം 1 :** അധ്യാപകൻ അവതരിപ്പിക്കുന്ന ദൃഷ്ടാന്തങ്ങളെ ('അതെ' അഥവാ 'അല്ല' എന്ന ലേബൽ ചെയ്ത്) പഠിതാക്കൾ താരതമ്യം ചെയ്ത് അനുകല്പനങ്ങൾ രൂപീകരി ക്കുന്നു. നിർവ്വചനം നൽകാൻ ശ്രമിക്കുന്നു.

**ഘട്ടം 2 :** ലേബൽ ചെയ്യാത്ത ദൃഷ്ടാന്തങ്ങളെ 'അതെ' അഥവാ 'അല്ല' എന്ന് വർഗ്ഗീകരി ക്കുന്നു. അധ്യാപകൻ അനുകല്പനത്തെ ഉറപ്പിക്കുന്നു. പേര് നൽകുന്നു. ശരിയായ നിർവ്വചനത്തിലെത്താൻ സഹായിക്കുന്നു. പഠിതാക്കൾ കൂടുതൽ ദൃഷ്ടാന്തങ്ങളും പറയുന്നു.

**ഘട്ടം 3 :** അനുകല്പനങ്ങൾ, നിർവ്വചനങ്ങൾ എന്നിവ രൂപീകരിച്ച പ്രക്രിയ പഠിതാക്കൾ ചർച്ച ചെയ്യുന്നു. തങ്ങളുടെ ചിന്തകളെ വിവരിക്കുന്നു.

**ബി. സാമൂഹ്യഘടന (Social system)**

ഇവിടെ അധ്യാപകൻ ദൃഷ്ടാന്തങ്ങളും, ദൃഷ്ടാന്തങ്ങൾ അല്ലാത്തവയും കണ്ടെത്തി നൽകുന്ന തിനാൽ പ്രവർത്തനങ്ങളുടെ നിയന്ത്രണം അധ്യാപകനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഇവിടെ സാമൂഹ്യഘടന കടുത്ത ഘടനാസ്വഭാവം (high structured ) പുലർത്തുന്നവയാണ്. ക്രമേണ പഠിതാക്കൾ ദൃഷ്ടാന്തങ്ങൾ കണ്ടെത്തുന്നതിനാൽ സാമൂഹ്യഘടനയുടെ കാഠിന്യം ഇടത്ത രമോ താഴ്ന്നതോ ആകുന്നു.

**സി. പ്രതികരണതത്വങ്ങൾ** (Principles of Reaction)

പഠിതാക്കളുടെ പ്രതികരണങ്ങളെ പിന്തുണകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

**ഡി. സഹായകസംവിധാനം** (Support system)

അനുകുല ദൃഷ്ടാന്തങ്ങളും പ്രതികൂല ദൃഷ്ടാന്തങ്ങളും കണ്ടെത്താനുള്ള സാമഗ്രികൾ എല്ലാം സജ്ജമാക്കിയിട്ടുള്ള അന്തരീക്ഷം.

**2. സംഘാന്വേഷണ മാതൃക (Group Investigation Model)**

സാമൂഹ്യകുടുംബത്തിൽ ഉൾപ്പെടുന്ന ഒരു ബോധനമാതൃകയാണിത്. ഹെൻബർട്ട്ടെലെന്റെ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള ഈ മാതൃകക്ക് ജോൺ ഡ്യൂയിയുടെ ആശയങ്ങളോട് ഏറെ സാദൃശ്യമുണ്ട്. അനുഭവാധിഷ്ഠിത പഠന സാഹചര്യമാണ് ഇവിടെ വിഭാവനം ചെയ്യുന്നത്

സാമൂഹ്യശാസ്ത്രബോധനത്തിന് ഏറ്റവും അനുയോജ്യമായ ഈ മാതൃക മറ്റ് വിഷയങ്ങളുടെ ബോധനത്തിനും ഫലപ്രദമാണ്. സംഘാന്വേഷണമാതൃകയ്ക്കും പ്രധാനമായും രണ്ട് ധാരണകൾ ഉണ്ട്. (1) അന്വേഷണം (2) വിജ്ഞാനം.

അന്വേഷണത്തിന് അനുയോജ്യമായ പഠനസാഹചര്യം സൃഷ്ടിക്കുകയാണ്. ഈ മാതൃകയുടെ മർമ്മം. ഒരു പ്രശ്നം നേരിടുന്ന പഠിതാവ് അന്വേഷണത്തിലേക്കും ആ അന്വേഷണം വിജ്ഞാനത്തിലേക്കും നയിക്കും.

പ്രശ്നം ⟶ അന്വേഷണം ⟶ വിജ്ഞാനം

മുമ്പ് ലഭിച്ച അനുഭവങ്ങളിൽ നിന്നും ഉണ്ടാകുന്ന അറിവ് വർത്തമാനകാലാനുഭവങ്ങളിൽ പ്രയോഗിക്കുന്നതിനെയാണ് ഹെൽബർട്ട് ടെലൻ വിജ്ഞാനമായി പരിഗണിക്കുന്നത് ഇങ്ങനെ ലഭിച്ച അറിവുകൾ പ്രയോഗിച്ച് പുതിയ വിജ്ഞാനത്തിലേയ്ക്ക് വഴിതുറക്കുന്നു.

**സംഘാന്വേഷണമാതൃകയുടെ വിവരണം**

**(എ) പ്രവർത്തനക്രമം** (Syntax)

സംഘാന്വേഷണ മാതൃകയുടെ പ്രവർത്തന ക്രമത്തിൽ ആറ് വ്യത്യസ്ത ഘട്ടങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

പഠിതാവ് പ്രശ്നത്തെ നേരിടുന്നു.

↓

പഠിതാവ് പ്രശ്നത്തോടുള്ള പ്രതികരണങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നു.

↓

പഠിതാവ് പ്രശ്നനിർവചനം, ഓരോ പഠിതാവും നിർവഹിക്കേണ്ട ചുമതലകൾ എന്നിവ ആവിഷ്കരിച്ച് പഠനത്തിനായി സ്വയം തയ്യാറാക്കുന്നു.

↓

പങ്കാളിത്തപഠനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വ്യക്തി പഠനവും സംഘപഠനവും സ്വീകരിക്കുന്നു.

↓

പഠിതാക്കൾ പുരോഗതിയും പ്രക്രിയയും അപഗ്രഥിക്കുന്നു.

↓

ഈ ഘട്ടത്തിൽ ആദ്യനിർണ്ണയിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തെ വിലയിരുത്തുന്നു.

**(ബി) സാമൂഹ്യഘടന (Social System)**

പരസ്പര ആലോചനകളുടെ ഉയർന്ന നിലവാരത്തിലുള്ള അന്തരീക്ഷം. അധ്യാപകനും പഠിതാവിനും തുല്യപദവി, ജനായത്ത അന്തരീക്ഷം എന്നിവ നിലനിൽക്കുന്നു.

**(സി) പ്രതികരണ തത്വങ്ങൾ (Principles of Reaction)**

ഈ മാതൃകയിൽ അധ്യാപകന്റെ റോൾ വൈവിധ്യമാണ് - മാർഗ്ഗദർശകൻ, സ്നേഹിതൻ, വിമർശകൻ. അധ്യാപകൻ പഠിതാക്കൾക്ക് പ്രശ്നനിർദ്ധാരണത്തിലും പ്രവർത്തനതലത്തിലും പ്രവർത്തനത്തിലൂടെ ലഭിച്ച വിജ്ഞാനത്തെ വിശകലനം ചെയ്യുന്നതിനും (നിഗമനത്തെകുറിച്ച് എന്ത് തോന്നുന്നു?) സഹായി ആയി മാറും.

**(ഡി) സഹായക സംവിധാനം (Support system)**

പഠിതാക്കൾക്ക് സ്വയം അന്വേഷണ സാധ്യതയ്ക്കുള്ള അവസരം ഒരുക്കേണ്ടതിനാൽ ആവശ്യ മായ റഫറൻസ് ഗ്രന്ഥങ്ങളും. ഇന്റർനെറ്റ് സൗകര്യവും വിദഗ്ധരുമായി നിന്തരം സമ്പർക്കം പുലർത്തുവാനുള്ള സാഹചര്യവും ആവശ്യമാണ്. അന്വേഷണ ത്വര വികസിപ്പിക്കുന്നതിനുള്ള എല്ലാ സാഹായ സംവിധാനങ്ങളും ഇതിന് ആവശ്യമാണ്.

**3. നിർദ്ദേശരഹിത ബോധന മാതൃക** (Non directive Teching Model)

വ്യക്തിയുടെ കാഴ്ചപ്പാടുകൾക്ക് (Perspectives) ഊന്നൽ നൽകുന്ന വൈയക്തിക കുടുംബ ത്തിലുൾപ്പെടുന്ന പഠന മാതൃകയാണിത്. വ്യക്തിയുടെ സ്വത്വം (self hood) സംബന്ധിച്ച കാഴ്ച പ്പാടുകളിൽ നിന്നാണ് ഈ മാതൃക തുടങ്ങുന്നത്. നമ്മുടെ നന്മകളെ മനസ്സിലാക്കാനും വിദ്യാ ഭ്യാസത്തിനുവേണ്ടിയുള്ള ചുമതലകൾ ഏറ്റെടുക്കാനും ഉയർന്ന ജീവിതനിലവാരം പുലർത്താൻ പറ്റിയ വിധത്തിൽ നമ്മുടെ നിലവിലുള്ള അവസ്ഥയ്ക്കപ്പുറമെത്താൻ സഹായിക്കുന്ന പഠനം ഉറപ്പുവരുത്താനും പാകത്തിൽ വിദ്യാഭ്യാസത്തെ രൂപപ്പെടുത്തുകയാണ് ഈ മാതൃകയുടെ ലക്ഷ്യം

കാൾ റോജേഴ്സന്റെ (Carl Rogers) Non directive counseling എന്ന ആശയത്തിൽ നിന്നു രൂപ പ്പെട്ട മാതൃകയാണിത്. പോസിറ്റീവായ മനുഷ്യബന്ധങ്ങൾ അവരുടെ വളർച്ചയെ സഹായിക്കു മെന്നും ആയതിനാൽ മനുഷ്യബന്ധങ്ങളിൽ അധിഷ്ഠിതമായ ആശയങ്ങളെ അടിസ്ഥാനമാ ക്കിയായിരിക്കണം ബോധനം നിർവ്വഹിക്കേണ്ടതെന്നും അദ്ദേഹം വാദിച്ചു. ഒരു ഹൃസ്വകാല ബോധനോദ്ദേശ്യങ്ങൾക്കോ വിഷയാധിഷ്ഠിത ഉള്ളടക്ക ബോധനത്തിനോ നൽകുന്ന പ്രാധാ ന്യത്തേക്കാൾ, ശക്തവും സ്വയം നിയന്ത്രിതവുമായ രീതിയിലുള്ള വ്യക്തിത്വ വികസനത്തി നാണ് ഊന്നൽ നൽകുന്നത്. ഫലപ്രദമായ, ദീർഘകാല പഠനശൈലി (Learning style) രൂപപ്പെ ടുത്തുന്നതിൽ അതീവ ശ്രദ്ധ ചെലുത്തുന്നു.

**നിർദ്ദേശരഹിത ബോധന മാതൃകയുടെ വിവരണം**

**(എ) പ്രവർത്തന ക്രമം(Syntax)**

**ഘട്ടം 1 :** Difining the Helping situation
കുട്ടികളുടെ സ്വതന്ത്രമായ പ്രതികരണങ്ങളെ ടീച്ചർ പ്രോത്സാഹിപ്പിക്കുന്നു.

**ഘട്ടം 2 :** Exploring the Problem
പ്രശ്നത്തെ നിർവ്വചിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.

**ഘട്ടം 3 :** Developing Insight
കുട്ടി പ്രശ്നം ചർച്ച ചെയ്യുന്നു. ടീച്ചർ അതിനുവേണ്ട പിന്തുണ നൽകുന്നു.

**ഘട്ടം 4 :** Planning and Decision Making
തീരുമാനങ്ങളെടുക്കാൻ (decision making) ആസൂത്രണം ചെയ്യുന്നു. സാധ്യമായ തീരുമാനങ്ങൾ എന്തൊക്കെയാകാമെന്ന് ടീച്ചർ വിശദീകരിക്കുന്നു.

**ഘട്ടം 5 :** Integration
കുട്ടികൾ കൂടുതൽ ഉൾക്കാഴ്ചനേടുകയും അവ പോസിറ്റീവായ പ്രവർത്തനങ്ങളു മായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. ടീച്ചറിന്റെ പിന്തുണയോടുകൂടി അതതനുസ രിച്ച് കുട്ടികൾ പ്രവൃത്തികളിൽ ഏർപ്പെടുന്നു.

### (ബി) സാമൂഹ്യ ഘടന (Social System)

- ഒരു വ്യക്തി എന്ന നിലയിൽ പഠിതാവിനെ അംഗീകരിച്ചുകൊണ്ടുള്ള മനുഷ്യത്വപരമായ ഒരു സമീപന ഉൾക്കൊള്ളുന്ന അന്തരീക്ഷം.
- പഠിതാവിന്റെ ഏത് തരം പ്രതികരണങ്ങൾക്കും (കാഴ്ചപ്പാടുകളും ചിന്തകളും) അവസരം ലഭിക്കുന്ന അന്തരീക്ഷം സ്വയം തിരുത്തലുകൾ സാധ്യമാകത്തക്കവിധം സൗഹാർദ്ദപരമായ അന്തരീക്ഷം.
- വ്യക്തി വിവേചനങ്ങളിൽ നിന്നും ടീച്ചറിന്റെ ആത്മനിഷ്ഠനിലാപാടുകളിൽ നിന്നും സ്വതന്ത്രമായ അന്തരീക്ഷം.
- ഓരോ പാഠനോദ്യമവും (learning task) കുട്ടിയെ ഒരു വ്യക്തിയായി വളരാനുള്ള അവസരങ്ങൾ ഒരുക്കുന്നു. എന്ന കാഴ്ചപ്പാടും അതിനനുസൃതമായ ക്ലാസ് അന്തരീക്ഷവും.

### (സി) പ്രതികരണ തത്വങ്ങൾ (Principles of Reactions)

ഒരു ഫെസിലിറ്റേറ്ററുടെ റോളാണ് അധ്യാപികയ്ക്കുള്ളത്. പഠിതാക്കൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ തിരിച്ചറിയാനും അവ പരിഹരിക്കാനുമുള്ള അവരുടെ കഴിവുകളെ ടീച്ചർ അംഗീകരിക്കുകയാണു ചെയ്യുന്നത്. കുട്ടികളുടെ ചിന്തകൾക്കും വിചാരവികാരങ്ങൾക്കും പരിഗണന നൽകണം. അവ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ അവർക്കു നൽകണം.അവരുടെ കാഴ്ചപ്പാടുകളെ സ്വയം വിശകലനം ചെയ്യുന്നതിനും തെറ്റുകുറ്റങ്ങളും പരിമിതികളുമുണ്ടെങ്കിൽ ഉചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും അവരെ സഹായിക്കുകയാണ് ഒരു ടീച്ചർ ചെയ്യേണ്ടത്. ഏത് തീരുമാനവുമെടുക്കാനുള്ള (decision making) റോളല്ല ടീച്ചറിനുള്ളത്, മറിച്ച് അതിന് കുട്ടികളെ സഹായിക്കകയും പ്രാപ്തരാക്കുകയുംചെയ്യുക എന്ന ഉത്തരവാദിത്തമാണുള്ളത്.

### (ഡി) സഹായക സംവിധാനം (Support system)

പഠിതാവുമായി നടത്തുന്ന അഭിമുഖത്തിന്റെ ധർമ്മമനുസരിച്ച് സഹായക സംവിധാനവും വ്യത്യാസപ്പെട്ടിരിക്കും. പാഠ്യപദ്ധതി പ്രകാരമുള്ള ഉള്ളടക്ക വിനിമയവുമായി ബന്ധപ്പെട്ട സെഷനുകളിൽ സ്വയം നിയന്ത്രിത പഠനത്തിനനുതകുന്ന സഹായ വിഭവങ്ങൾ അധ്യാപിക ലഭ്യമാക്കണം. കട്ടിയുടെ പെരുമാറ്റവും സ്വഭാവവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (Behavioural problems) കൗൺസിലിംഗിന് വിധേയമാക്കുന്ന സെഷനുകളിൽ അധ്യാപികയ്ക്ക് അതിലുള്ള നൈപുണികളാണ് പ്രധാനമായും ഉപയോഗപ്പെടുത്തേണ്ടത്. ഏത് സാഹചര്യമായാലും അതിനനുയോജ്യമായ ക്രമീകരണം നടത്തേണ്ടതുണ്ട്. കുട്ടിയുടെ പ്രശ്നം തിരിച്ചറിയാൻ മതിയായ സമയം, സ്വകാര്യതയുടെ സംരക്ഷണം, മറ്റ് ബാഹ്യശക്തികളുടെ ഇടപെടലുകളിൽ നിന്നുള്ള മോചനം തുടങ്ങിയവ പാലിക്കാൻ സാധിക്കണം.

**Effect of Non - directive teaching/learning model**



**പ്രവർത്തനങ്ങൾ**

മേൽപരാമർശിച്ച എല്ലാ ഉള്ളടക്ക ധാരണകളും 'ബോധന മാതൃകകൾ' എന്ന ഉപാധിയിലൂടെ അധ്യാപക വിദ്യാർത്ഥികൾ കൈവരിക്കേണ്ടതുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഇതിനായി നിർവ്വഹിക്കാവുന്നതാണ്.

**പ്രവർത്തനം - 1**

- ആശയ സമ്പാദന രീതിയിൽ (concept attainment model) ആശയരൂപീകരണം നടത്തുന്നതിന് സഹായകമായ ഒരു ആസൂത്രണ രേഖയുടെ അടിസ്ഥാനത്തിൽ ടീച്ചർ ഒരു പ്രവർത്തനം സിമുലേറ്റ് ചെയ്യുന്നു.

സിമുലേഷനെ അടിസ്ഥാനമാക്കി ചർച്ച.....

- ഏത് ആശയമാണ് ഈ പ്രവർത്തനത്തിലൂടെ രൂപീകരിക്കാൻ കഴിഞ്ഞത്?
- അതിനായി സ്വീകരിച്ച പ്രക്രിയ/ഘട്ടങ്ങൾ എന്തൊക്കെയാണ്?
- ആശയരൂപീകരണത്തിനു സഹായകമായ അന്തരീക്ഷത്തിന്റെ സ്വഭാവമെന്തായിരുന്നു.?
- ഇതിന് ഏതെല്ലാം രീതിയിലുള്ള സഹായമാണ് പഠിതാവിന് വേണ്ടിവന്നത്?
- അധ്യാപകനും പഠിതാവും തമ്മിലുള്ള ബന്ധം/ഇടപെടൽ സ്വഭാവം എങ്ങനെയായിരുന്നു?
- ഈ പ്രക്രിയകളിലൂടെ കടന്നു പോയപ്പോൾ എന്തെല്ലാം നേട്ടങ്ങളാണ് പഠിതാക്കൾ കൈവരിച്ചത്?
- ഇത്തരം മാതൃകകൾ ബോധനത്തെയും പഠനത്തെയും എങ്ങനെയൊക്കെയാവും ഫലപ്രദമാക്കുക?

- ചർച്ചയെ അടിസ്ഥാനമാക്കി താഴെപ്പറയുന്ന തരത്തിൽ ക്രോഡീകരണം നടത്താം.

**ക്രോഡീകരണം**

- ആശയരൂപീകരണത്തിനു സഹായകമായ ഒരു ബോധന മാതൃകയാണ് നാം പരിചയപ്പെട്ടത് (Concept Attainment Model)
- ഇതിന് പല ഘട്ടങ്ങളുണ്ട്. ഇതിലെ പ്രക്രിയകൾക്ക് ഒരു ക്രമവും പരസ്പര ബന്ധവുമുണ്ട്. (Syntax)
- അധ്യാപകനും പഠിതാക്കളും തമ്മിലുള്ള ഇടപെടലുകൾ, പരസ്പര പ്രതികരണങ്ങൾ തുടങ്ങിയവ ഒരു പ്രത്യേക സ്വഭാവത്തോടുകൂടിയാവും നടക്കുക (Principles of re-action) ക്ലാസ്റൂം അന്തരീക്ഷവും ഏറ്റവും പ്രധാനമാണ് (Social System)
- ചില ലക്ഷ്യങ്ങളെ മുൻനിർത്തിചെയ്യുന്ന ഇത്തരം പ്രക്രിയകൾ ഫലപ്രദമാകണമെങ്കിൽ അതിനുസഹായകമായ സംവിധാനങ്ങൾ ആവശ്യമാണ് (Support system)

**പ്രവർത്തനം - 2**

- റഫറൻസ് സാമഗ്രികളുടെ സഹായത്താൽ ബോധനമാതൃകകളുടെ നിർവ്വഹണം, പ്രസക്തി, സവിശേഷതകൾ എന്നിവ ഗ്രൂപ്പിൽ ചർച്ച - അവതരണം.

**പ്രവർത്തനം - 3**

- ബോധനമാതൃകകൾ ഉൾപ്പെടുന്ന വിവിധ കുടുംബങ്ങൾ (Families of models of Teaching) സംബന്ധിച്ച് വായന സാമഗ്രികളിൽ നിന്നും വിവരശേഖരണം - അവതരണം-ക്രോഡീകരണം.

**പ്രവർത്തനം – 4**

- ആശയസമ്പാദന മാതൃക (Concept Attainment Model) യുമായി ബന്ധപ്പെട്ടു നടത്തിയ സിമുലേഷൻ അതിൽ ആദ്യാവസാനം ഉൾച്ചേർന്ന പ്രക്രിയകൾ സംബന്ധിച്ച് സൂക്ഷ്മ തല ചർച്ച ഇതിന്റെ അടിസ്ഥാനത്തിൽ, ഒരു ബോധന മാതൃക വിവരിക്കുന്ന വിവിധ ഘടകങ്ങൾ ഏതൊക്കെയെന്ന് ധാരണ രൂപീകരിക്കൽ - രേഖപ്പെടുത്തൽ Syntax, Social system Principles of Reaction & Support system)

**പ്രവർത്തനം – 5**

- സംഘമ്പേഷണ മാതൃക (Group Investigation Model) നിർദ്ദേശരഹിത അധ്യാപന മാതൃക (Non-directive Teaching Model) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അധ്യാപക വിദ്യാർത്ഥികൾ വിവിധ സാമഗ്രികളിൽ നിന്നും ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു. ടീച്ചറിന്റെ നേതൃത്വത്തിൽ ക്രോഡീകരിക്കുന്നു. (ലക്ഷ്യങ്ങൾ, സവിശേഷതകൾ, പ്രവർത്തന ഘട്ടങ്ങൾ, പ്രത്യക്ഷ -പരോക്ഷ ഫലങ്ങൾ എന്നിവ)

**പ്രവർത്തനം – 6**

യു.പി. ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകങ്ങളിൽ നിന്നും അനുയോജ്യമായ ആശയങ്ങൾ/പ്രശ്നങ്ങൾ/സന്ദർഭങ്ങൾ കണ്ടെത്തുന്നു. അവ വിവിധ അധ്യാപന മാതൃകകൾക്കനുസരിച്ച് വിനിമയം ചെയ്യാൻ പറ്റും വിധം അധ്യാപന മാന്വൽ പാഠാസൂത്രണം തയ്യാറാക്കുന്നു., ഗ്രൂപ്പുകൾ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നു. താഴെപ്പറയുന്ന കാര്യങ്ങൾ ഓരോ പ്രവർത്തനത്തിലും (അധ്യാപന മാന്വലിൽ) ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

- മാതൃകയുടെ പേര്
- പ്രാഥമിക വിവരങ്ങൾ (അധ്യാപകന്റെ പേര്, വിദ്യാലയം, വിഷയം, ക്ലാസ്, സമയം, തീയതി, യൂണിറ്റ്, ആശയം/പ്രശ്നം/പ്രകരണം)
- ഉദ്ദേശ്യങ്ങൾ (ആശയപരം, നൈപുണിപരം/മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവ അടിസ്ഥാനമാക്കി)
- പ്രവർത്തനക്രമം, അധ്യാപക -വിദ്യാർത്ഥി പ്രവർത്തനം
- സാമൂഹ്യ ഘടന
- പ്രതികരണ തത്വങ്ങൾ
- സഹായക സംവിധാനം
- ബോധനത്തിന്റെ പ്രത്യക്ഷഫലങ്ങൾ, പരോക്ഷ ഫലങ്ങൾ

## Reference


1. Social Science Learning in schools - Perspective and challenges - Poonam Batra
2 Teaching of Social science in schools - Alex M. George
3. Teaching of Social science for the 21st Century - Isnnail Thamarasseri
4. The Textbook of Soscial science - Ramakanth Tiwari
5. The Philosophy of Scoial science - Martin Hollis
6. The objects of Social science - Eleonora Montuchi
7. Inter disciplinary relationship in Social science - Muzafer sheriff & Carolyn W. Seriff.

# $S_3P_9$ രാഷ്ട്രതന്ത്രം - (Political Science)

## യൂണിറ്റ് - 2

### 2.1 രാഷ്ട്രതന്ത്രം ഒരു സാമൂഹ്യശാസ്ത്ര ശാഖ

**ആമുഖം:**

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. ഒറ്റയ്ക്ക് അവന് ജീവിക്കാനാകില്ല എന്നാണ് ഇതിന്റെ അർത്ഥം. മനുഷ്യർക്ക് തങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റണമെങ്കിൽ സംഘങ്ങളായി ജീവിച്ചേ പറ്റൂ. സുഗമമായ സംഘജീവിതത്തിന് ചില സാമൂഹ്യചിട്ടപ്പെടുത്തലുകൾ ആവശ്യമായി വരുന്നു. ഇത് നിയമങ്ങളിലേക്ക് നയിക്കുന്നു. തങ്ങളെ ഭരിക്കുന്ന നിയമങ്ങൾ സൃഷ്ടിക്കുമ്പോൾ, മറ്റു സമൂഹങ്ങളിൽനിന്ന് എന്തുകൊണ്ട് ചില നിയമങ്ങൾ വ്യത്യസ്തമാണ് എന്നു ചിന്തിക്കുമ്പോൾ, നിയമങ്ങൾ അംഗീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുമ്പോൾ മനുഷ്യൻ രാഷ്ട്രീയജീവിയായി മാറുകയാണ്. സാമ്പത്തികം, സാമൂഹികം, ദാർശനിയം, ധാർമികം തുടങ്ങിയ ജീവിതമേഖലകളിൽ നിന്ന് വ്യത്യസ്തമായി സമൂഹത്തിലെ മനുഷ്യന്റെ രാഷ്ട്രീയ ജീവിതമേഖലയെ സംബന്ധിക്കുന്ന പഠനശാഖയാണ് രാഷ്ട്രതന്ത്രം.

പുരാതന ഗ്രീക്ക് കാലഘട്ടം മുതൽ നിലവിലുള്ള ഒരു വിജ്ഞാനശാഖയാണ് രാഷ്ട്രതന്ത്രം. 'പൊളിറ്റിക്സ്' എന്ന ഗ്രന്ഥം രചിച്ച അരിസ്റ്റോട്ടിലാണ് ഈ വിഷയത്തിന്റെ പിതാവായി പരിഗണിക്കപ്പെടുന്നത്. 'നഗരരാഷ്ട്രം' എന്നർത്ഥം വരുന്ന 'പോളിസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ് പൊളിറ്റിക്സ് എന്ന പദമുണ്ടായത്. പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ രാഷ്ട്രത്തെ സംബന്ധിക്കുന്ന പഠനമാണിത്.

**ചില നിർവചനങ്ങൾ പരിചയപ്പെടാം.**

- രാഷ്ട്രത്തിന്റെ അടിസ്ഥാനങ്ങളേയും ഗവൺമെന്റിന്റെ തത്വങ്ങളേയും കുറിച്ച് പ്രതിപാദിക്കുന്ന സാമൂഹ്യശാസ്ത്രശാഖയാണ് രാഷ്ട്രതന്ത്രം. (Political Science is that Part of Social sciences which treat withthe foundations of the state and principles of the government)
  *- പോൾ ജാനറ്റ്*
- രാഷ്ട്രീയ അധികാരം രൂപപ്പെടുത്തുന്നതിനേയും അത് പങ്ക് വയ്ക്കുന്നതിനേയും സംബന്ധിച്ച പഠനമാണ് രാഷ്ട്രമീമാംസ. ( Politics is the study of shaping and sharing of Political powers) *- ലാസ്‌വെൽ*
- മൂല്യങ്ങൾ ആധികാരികമായി വിതരണം ചെയ്യുന്നതാണ് രാഷ്ട്രതന്ത്രം (Politics is the authoritative allocation of values) *- ഡേവിഡ് ഈസ്റ്റൺ*
- "രാഷ്ട്രതന്ത്രം രാഷ്ട്രത്തിൽ തുടങ്ങുകയും രാഷ്ട്രത്തിൽ അവസാനിക്കുകയും ചെയ്യുന്നു." (Political Science begins and ends with the state)

  *- Garner*
- ഭൂത, വർത്തമാന, ഭാവികാലങ്ങളിമല രാഷ്ട്രത്തെക്കുറിച്ചും രാഷ്ട്രീയ സ്ഥാപനങ്ങളെക്കുറിച്ചും രാഷ്ട്രീയസിദ്ധാന്തങ്ങളെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രം (Political Science is the study of state in the past, present and future and of political institutions and political theories)

  - *R.G.Gettel*

- “വ്യവസ്ഥാപിതമായ രാഷ്ട്രങ്ങളോടു ബന്ധപ്പെടുത്തി മനുഷ്യരുടെ ജീവിതത്തെപ്പറ്റി പഠിക്കുന്നതാണ് രാഷ്ട്രതന്ത്രം” – (The study of Political concerns itself with the life of man in relation to organizes states)

  - *Harold Laski*

6 നിർവചനങ്ങൾ 6 ഗ്രൂപ്പുകൾ പരിശോധിക്കട്ടെ ഓരോ ഗ്രൂപ്പും രാഷ്ട്രതന്ത്രത്തെക്കുറിച്ച് അവർ മനസ്സിലാക്കിയത് ലഘുകുറിപ്പുകളായി അവതരിപ്പിക്കട്ടെ.

**രാഷ്ട്രം**

ഭൂമിശാസ്ത്രപരമായ അതിർത്തി നിർണയിക്കപ്പെട്ടിട്ടുള്ള ഒരു പ്രദേശത്ത് നിവസിക്കുകയും ഒരു പരമാധികാരിയോട് വിധേയത്വം കാട്ടുന്നതിൽ യോജിക്കുകയും ചെയ്യുന്ന ഒരു മനുഷ്യ സമൂഹ വിഭാഗത്തെ രാഷ്ട്രം എന്നു വിളിക്കുന്നു. ഇന്നത്തെ അർത്ഥത്തിൽ ആദ്യമായി ആ പദം ഉപയോഗിച്ചത് ‘മാക്കിയവെല്ലി’ ആയിരുന്നു. തുടർന്ന് രാഷ്ടീയ ചർച്ചകളിൽ അടിസ്ഥാന യൂണിറ്റായി ‘രാഷ്ട്രം’ അംഗീകരിക്കപ്പെട്ടു. 1904 – ൽ പുതുതായി രൂപീകരിക്കപ്പെട്ട അമേരിക്കൻ പൊളിറ്റിക്കൽ സയൻസ് അസോസിയേഷന്റെ ആദ്യയോഗത്തിൽ പ്രസംഗിച്ചുകൊണ്ട് ഫ്രാങ്ക്. ജെ.ഗോഡ്നോ രാഷ്ട്രതന്ത്രത്തെ വിവരിച്ചത് “രാഷ്ട്രം എന്നറിയപ്പെടുന്ന സംഘടനയെ കൈകാര്യം ചെയ്യുന്ന ശാസ്ത്രം” എന്നായിരുന്നു.

അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ഒരു വ്യക്തിക്ക് പൂർണ്ണമായ സമഗ്രമായ ഒരു ജീവിതം നയിക്കാൻ കഴിയുന്നത് രാഷ്ട്രത്തിലെ അംഗമെന്ന നിലയിൽ മാത്രമാണ് ഒറ്റപ്പെട്ടു ജീവിക്കുന്ന മനുഷ്യന് സ്വയം പര്യാപ്തത സാധ്യമല്ല എന്നതുകൊണ്ടും (അങ്ങനെ സ്വയംപര്യാപ്തത സാധ്യമാകുന്നത് ഒരു മൃഗത്തിനോ ഒരു ദൈവത്തിനോ മാത്രമായിരിക്കും) ചെറിയ സാമൂഹ്യ യൂണിറ്റുകളായ കുടുംബം, ഗ്രാമം തുടങ്ങിയവയിൽ വ്യക്തിക്കു തന്റെ ചില ആവശ്യങ്ങളെ മാത്രമേ നിറവേറ്റാനാകൂ എന്നത് കൊണ്ടുമാണ് രാഷ്ട്രം അനിവാര്യമായിത്തീരുന്നത്. മനുഷ്യരുടെ എല്ലാ ആവശ്യങ്ങളെയും തൃപ്തിപ്പെടുത്താനും അവനെ പൂർണ്ണതയിലേക്ക് നയിക്കുവാനും രാഷ്ട്രത്തിനുമാത്രമേ കഴിയൂ. സാമൂഹ്യപരിണാമത്തിന്റെ ഏതോ ഒരു ഘട്ടത്തിൽ മനുഷ്യൻ കണ്ടെത്തിയ ഒരു തന്ത്രം, അഥവാ ഉപകരണമാണ് രാഷ്ട്രം. സാമൂഹ്യസ്ഥാപനങ്ങളിൽ ഒന്നുമാത്രമാണ് രാഷ്ട്രം. വ്യക്തമായും രാഷ്ട്രീയവുമായ ഒരു സ്ഥാപനമാണത്. രാഷ്ട്രത്തെ വിവരിക്കുകയും അപഗ്രഥിക്കുകയുമാണ് രാഷ്ട്രതന്ത്രത്തിന്റെ പ്രധാന ലക്ഷ്യം.

രാജ്യം, (Country), ദേശം (Nation), രാഷ്ട്രം, (State), എന്നീ പദങ്ങൾ വ്യത്യസ്ത ആശയങ്ങൾ പ്രതിഫലിപ്പിക്കുന്നതിനായി നാം പ്രയോഗിക്കാറുണ്ട്. എന്താണ് ഇവ തമ്മിലുള്ള വ്യത്യാസം? താഴെകൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ശ്രമിക്കൂ.

- സ്കൂൾ അസംബ്ലിയിൽ കുട്ടികൾ ചൊല്ലുന്ന പ്രതിജ്ഞ ആരംഭിക്കുന്നതെങ്ങനെ?
- ദേശീയ ചിഹ്നങ്ങൾ ഏതെല്ലാം? അവയെ അങ്ങനെ പറയുന്നതെന്തുകൊണ്ട്?
- ഭരണഘടനാനുസൃതമായി ഇന്ത്യ എങ്ങനെയുള്ള ഒരു രാഷ്ട്രമാണ്?
- മന്ത്രിമാരും മറ്റും സഞ്ചരിക്കുന്ന ഔദ്യോഗിക വാഹനങ്ങളെ നാം പൊതുവേ വിളിക്കുന്ന പേരെന്ത്?

സവിശേഷസ്വഭാവമുള്ള ഒരു ഭൂപ്രദേശമാണ് രാജ്യം (Country). ഭൂപടത്തിൽ രാജ്യത്തിന്റെ രൂപം നമുക്ക് കാണാം. അതിന് ഭൂമിശാസ്ത്രപരമായ സ്ഥാനമുണ്ട് (അക്ഷാംശരേഖാംശങ്ങൾ) അതിന്റെ അതിർത്തി രേഖയും അയൽരാജ്യങ്ങളും തിരിച്ചറിയാൻ നമുക്ക് കഴിയും. ഒരാൾ ജനിച്ച, പൗരത്വമുള്ള, താമസിക്കുന്ന ഇടമെന്നും, മനുഷ്യവാസം കൊണ്ട് തിരിച്ചറിയാനാകുന്ന

പ്രദേശമെന്നുമൊക്കെ രാജ്യത്തെ വിളിക്കാം. ഒരു രാജ്യത്തെ ജനത മറ്റൊരു രാജ്യക്കാരനെ സംബന്ധിച്ചിടത്തോളം അന്യരാജ്യക്കാരനാണ്. ഒരു രാജ്യത്തിന് സ്വന്തം ഗവൺമെന്റും ഭരണഘടനയും ഭരണസമ്പ്രദായവും നിയമവും നീതിനിർവഹണസമ്പ്രദായവും നികുതി നിയമങ്ങളും സൈന്യവും ഉണ്ടായിരിക്കും.

ദേശവുമായി ബന്ധപ്പെട്ട ദേശീയത, ദേശീയഗാനം, ദേശീയചിഹ്നങ്ങൾ, ദേശീയോദ്ഗ്രഥനം എന്നീ പദങ്ങൾ പരിചിതമാണല്ലോ. ദേശം ഒരു സാംസ്കാകികസത്തയാണ്. പൊതുവായ സ്വത്വമുള്ള ഒരു ജനതയാണ് ഒരു ദേശത്തിലുള്ളത് അവർ ഭാഷ, മതം, സംസ്കാരം തുടങ്ങിയ ഘടകങ്ങൾ പൊതുവായി പങ്കുവയ്ക്കുന്നു. നാനാത്വത്തിൽ ഏകത്വം എന്നത് നമ്മുടെ ദേശീയതയുടെ മുഖമുദ്രയാണ്.

രാഷ്ട്രം എന്ന സംജ്ഞ ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യം, ഭരണം, പരമാധികാരം, എന്നിവ കൂടി ഉൾപ്പെട്ടതാണ് ജനങ്ങൾ, ഭൂപ്രദേശം, ഗവൺമെന്റ്, പരമാധികാരം എന്നീ നാലു ഘടകങ്ങൾ കൂട്ടിച്ചേരുന്നതാണ് രാഷ്ട്രം.

**നിഘണ്ടു തയ്യാറാക്കാം.**

രാഷ്ട്രതന്ത്രവുമായി ബന്ധപ്പെട്ട പരമാവധി പദങ്ങൾ വ്യക്തിഗതമായി കുറിക്കുക. ക്ലാസ്സ് തലത്തിൽ അവ അക്ഷരമാലക്രമത്തിൽ എഴുതുക. അവയുടെ ആശയങ്ങൾ കണ്ടെത്തി ഒരു ലഘു നിഘണ്ടു തയ്യാറാക്കുക. ഉൾപ്പെടുത്താവുന്ന ചില പദങ്ങൾ നോക്കൂ.

രാഷ്ട്രം, രാഷ്ട്രതന്ത്രം, പൗരൻ, രാജ്യം, സ്വതന്ത്ര്യം, അവകാശങ്ങൾ, കടമകൾ, പരമാധികാരം, ഭരണഘടന, സമത്വം, റിപ്പബ്ലിക്ക്, ജനാധിപത്യം, പ്രത്യക്ഷ ജനാധിപത്യം, ഗവൺമെന്റ്, പാർലമെന്റ്, രാഷ്ട്രീയ പാർട്ടികൾ, സമ്മർദ്ദ ഗ്രൂപ്പുകൾ, ഗ്രീൻ പൊളിറ്റിക്സ്, സെഫോളജി

പുതിയ പദങ്ങൾ പരിചയപ്പെടുന്ന മുറയ്ക്ക് കൂട്ടിച്ചേർത്ത് നിഘണ്ടുവിന്റെ വലിപ്പം വർധിപ്പിക്കൂ. റഫറൻസിനായി Oxford dictionary of Politics പരിശോധിക്കാവുന്നതാണ്.

**പ്രസക്തി (Significance)**

- പൗരബോധമുണ്ടാക്കുകയും രാഷ്ട്രത്തിന്റെ പുരോഗതിക്ക് കാരണമാവുകയും ചെയ്യുന്നു.
- അവകാശങ്ങളേയും കടമകളേയും പറ്റി ബോധവാനാകുന്നു.
- സഹിഷ്ണുതയും വിശാല ചിന്താഗതിയും വളർത്തുന്നു.
- രാജ്യത്തിന്റെ പ്രശ്നങ്ങൾ തിരിച്ചറിയാനും അത് തരണം ചെയ്യുവാനും പ്രാപ്തരാക്കുന്നു.
- രാഷ്ട്രത്തിലെ അംഗമെന്ന നിലയിൽ അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി അറിയുക അനിവാര്യമാണ്.
- 'ജനാധിപത്യത്തിന്റെ വില നിതാന്ത ജാഗ്രതയാണ്' ഈ ജാഗ്രത പ്രദാനം ചെയ്യാൻ രാഷ്ട്രതന്ത്രപഠനത്തിനാവുന്നു.
- വോട്ടവകാശം ഫലപ്രദമായി വിനിയോഗിക്കാനും നിലവിലുള്ള രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സഹായിക്കുന്നു.

**വ്യാപ്തി (Scope)**

പരമ്പരാഗത കാഴ്ചപ്പാടനുസരിച്ച് രാഷ്ട്രീയത്തെക്കുറിച്ചുള്ള പഠനമായിരുന്നു. രാഷ്ട്രതന്ത്രം. വിവിധതരം ഗവൺമെന്റുകൾ, അതിന്റെ സ്ഥാപനങ്ങൾ എന്നിവ അപഗ്രഥിക്കപ്പെട്ടിരുന്നു. രാഷ്ട്രതന്ത്രത്തിൽ പെരുമാറ്റ സമീപനം സ്വീകരിക്കപ്പെട്ടതോടുകൂടി മനുഷ്യന്റെ രാഷ്ട്രീയ പെരുമാ

റ്റങ്ങൾ, സമീപനം എന്നിവ കൂടി പഠനവിഷയമായിത്തീർന്നു. ആധുനിക സമീപനമനുസരിച്ച് 'അധികാര'ത്തെക്കുറിച്ചുള്ള (Power) പഠനമാണ് രാഷ്ട്രമീമാംസ. ലാസ്വെൽ, ഡേവിഡ് ഈസ്റ്റൺ, റോബർട്ട്ദാൽ തുടങ്ങിയ ചിന്തകർ ഈ വീക്ഷണത്തിന് ശക്തി പകർന്നിട്ടുണ്ട്. രാഷ്ട്രതന്ത്രത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാൻ ഈ വീക്ഷണം കാരണമായി. അധികാരത്തിന്റെ പ്രയോഗം നടക്കുന്ന എല്ലാ മേഖലയും - അത് കുടുംബമോ, മതമോ, സംഘടനയോ, രാജ്യമോ, അന്തർദേശീയ രംഗമോ, ആകാം. - അങ്ങനെ രാഷ്ട്രമീമാംസയുടെ പഠനമേഖലയായിത്തീർന്നു.

ചുരുക്കത്തിൽ രാഷ്ട്രതന്ത്രമെന്നാൽ രാഷ്ട്രത്തെയും ഗവൺമെന്റിനേയും കുറിച്ചും രാഷ്ട്രത്തിൽ ജീവിക്കുന്ന വ്യക്തികളുടെ രാഷ്ട്രീയ പ്രവർത്തനങ്ങളെക്കുറിച്ചും ഉള്ള ഒരു സാമൂഹ്യ ശാസ്ത്ര പഠനശാഖയാണെന്ന് പറയാം.

വിഷയത്തിന്റെ വ്യാപ്തി എന്നതുകൊണ്ടുദ്ദേശിക്കുന്നത് പ്രതിപാദ്യമേഖലകൾ ഏതൊക്കെയെന്നാണ്. പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

- രാഷ്ട്രത്തെക്കുറിച്ചുള്ള പഠനം - വിവിധതരം ഗവൺമെന്റുകൾ, ഗവൺമെന്റിന്റെ മൂന്നുവിഭാഗങ്ങൾ ഇവയുടെ ഉത്ഭവവും വളർച്ചയും തുടങ്ങിയവ.
- രാഷ്ട്രീയ സിദ്ധാന്തങ്ങൾ - രാഷ്ട്രത്തിന്റെ ലക്ഷ്യത്തേയും ജനങ്ങളുമായുള്ള ബന്ധത്തേയും കുറിച്ച് വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകളാണ് ഉള്ളത്. ഈ കാഴ്ചപ്പാടുകൾ വിവിധ സിദ്ധാന്തങ്ങളായി പരിണമിച്ചിട്ടുണ്ട്. വ്യക്തിവാദം, ഉദാരവാദം, സോഷ്യലിസം, കമ്മ്യൂണിസം, അരാജകവാദം, ഫാസിസം, നാസിസം എന്നിവയെക്കുറിച്ച് പഠിക്കുന്നു.
- രാഷ്ട്രീയ പാർട്ടികൾ, തല്പരഗ്രൂപ്പുകൾ, സമ്മർദ്ദഗ്രൂപ്പുകൾ എന്നിവ രാഷ്ട്രതന്ത്രത്തിലെ പ്രധാനപ്പെട്ട മേഖലകളാണ്.
- അന്തർദേശീയ ബന്ധങ്ങൾ, അന്തർദേശീയ സംഘടനകൾ
- അവകാശങ്ങൾ, കടമകൾ
- മനുഷ്യന്റെ പെരുമാറ്റങ്ങൾ, വിശിഷ്യാ രാഷ്ട്രീയ പെരുമാറ്റങ്ങൾ
- ശക്തി, അധികാരം, സ്വാധീനം എന്നിവ രാഷ്ട്രമീമാംസയുടെ പഠനകേന്ദ്രമാണ്.

പുതിയ പഠനമേഖലകളിലേക്കു കടക്കാനുള്ള പ്രവണത മറ്റു ശാസ്ത്രങ്ങളെപ്പോലെ രാഷ്ട്രതന്ത്രവും പ്രദർശിപ്പിക്കുന്നു.

- പഠനവും തിരഞ്ഞെടുപ്പ് പ്രവചനശാസ്ത്രവും (Psephology)
- പൊതുസമൂഹ (Civil Society) പഠനങ്ങൾ
- ഗ്രീൻ പൊളിറ്റിക്സ്
- ഇക്കോ പൊളിറ്റിക്സ്
- പ്രദേശ പഠനങ്ങൾ (area studio)

  ഉദാ. മധ്യേഷ്യ

### സാമൂഹ്യ ശാസ്ത്രങ്ങളുമായുള്ള ബന്ധം

ഒരു സാമൂഹ്യ ശാസ്ത്രമെന്ന നിലയ്ക്ക് രാഷ്ട്രതന്ത്രം മറ്റുവിഷയങ്ങളുമായി അടുത്ത ബന്ധം പുലർത്തുന്നുണ്ട്.

### ചരിത്രം (History)

ചരിത്രമില്ലാതെയുള്ള രാഷ്ട്രതന്ത്രം വേരറ്റതും രാഷ്ട്രീയമില്ലാതെയുള്ള ചരിത്രം ഫലങ്ങളി

ല്ലാത്തതുമാണെന്ന് ചിന്തകൾ പറയുന്നു. (Politics with out history has no root.; history with out politics has no fruit. ) ഇവ തമ്മിലുള്ള അഭേദ്യബന്ധം ഈ പ്രസ്താവനയിൽ നിന്നും വ്യക്തമാണ്. സമകാലീന രാഷ്ട്രീയ സംഭവങ്ങൾക്കെല്ലാം ചരിത്രപരമായ കാരണങ്ങൾ കണ്ടെത്താൻ കഴിയും. ഉദാ: കാശ്മീർ പ്രശ്നം. പഴയകാല രാഷ്ട്രീയമാണ്. ഇന്നത്തെ ചരിത്രം ഉദാഹരണമായി പറഞ്ഞാൽ സ്വാതന്ത്ര്യസമരം അത് നടന്ന കാലത്തെ രാഷ്ട്രീയവും ഇന്നത്തെ ചരിത്രവുമാണ്. ചരിത്രത്തിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടവരാണ് ഭരണാധികാരികൾ.

**സാമ്പത്തികശാസ്ത്രം (Economics)**

സാമ്പത്തിക മേഖലയും രാഷ്ട്രവും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. സാമ്പത്തിക വികസനമാണ് എല്ലാ രാഷ്ട്രങ്ങളും ലക്ഷ്യമിടുന്നത്. രാഷ്ട്രീയ തീരുമാനങ്ങൾ സാമ്പത്തിക രംഗത്ത് സ്വാധീനം ചെലുത്തുന്നതുപോലെ സാമ്പത്തിക സ്ഥിതി രാഷ്ട്രീയ രംഗത്തും സ്വാധീനം ചെലുത്തുന്നുണ്ട്. . സർക്കാരുകളുടെ നിലനിൽപ്പും പരാജയവും സാമ്പത്തിക രംഗത്തെ പ്രകടനത്തെ ആശ്രയിച്ചാണിരിക്കുന്നത്. സാമ്പത്തിക സിദ്ധാന്തങ്ങൾ പലതും രാഷ്ട്രീയ സിദ്ധാന്തങ്ങൾ കൂടിയാണ്. ഉദാ. ലിബറിസം, സോഷ്യലിസം, ഗാന്ധിസം

**ഭൂമിശാസ്ത്രം (Geography)**

ഭൂമിശാസ്ത്രവുമായും രാഷ്ട്രമീമാംസ ബന്ധപ്പെട്ടിരിക്കുന്നു. രാജ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം അവയുടെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നുണ്ട്. ഉദാഹരണമായി പറഞ്ഞാൽ ഉത്തരാർധഗോള രാഷ്ട്രങ്ങളും ദക്ഷിണാർധ ഗോളരാഷ്ട്രങ്ങളും വ്യത്യസ്തമായ ശൈലിയും രീതികളുമുള്ളവരാണ്. ജനപ്പെരുപ്പവും സാമ്പത്തിക പിന്നോക്കാവസ്ഥയും ദക്ഷിണാർത്ഥഗോള രാജ്യങ്ങളിലാണ് കൂടുതൽ കണ്ടുവരുന്നത്. തെക്ക് നിന്ന് വടക്കോട്ടുള്ള ജനങ്ങളുടെ കൂടിയേറ്റം അന്തർദേശീയ രംഗത്ത് ഒരു തർക്കമേഖലയാണ്. ഭൂമിശാസ്ത്ര സവിശേഷതകളും ധാതുവിഭവങ്ങളും രാജ്യത്തിന്റെ പുരോഗതിയെ സ്വാധീനിക്കുന്നുണ്ട്. ഉദാ. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ലഭ്യത.

**സാമൂഹശാസ്ത്രം (Sociology)**

മനുഷ്യൻ ഒരു സമൂഹജീവിയായതിനാൽ തന്നെ അവൻ രാഷ്ട്രീയ ജീവിയുമാണ്. കാരണം സമൂഹസ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടതാണ് രാഷ്ട്രം. മനുഷ്യന്റെ രാഷ്ട്രീയ പെരുമാറ്റങ്ങൾ, വോട്ടിംഗ് രീതികൾ, പ്രവണതകൾ, രാഷ്ട്രീയ നിലപാടുകൾ എന്നിവ ഇരു വിഷയങ്ങൾക്കും ഒരേ പോലെ ബാധകമായ പഠനമേഖലകളാണ്.

രാഷ്ട്രീയ സംസ്കാരം (Political Culture), അത് രൂപപ്പെടുന്ന രീതി, തലമുറ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ശൈലി എന്നിവ അപഗ്രഥിക്കുവാൻ രാഷ്ട്രമീമാംസ സമൂഹ ശാസ്ത്രത്തിന്റെ സഹായം തേടുന്നു. ഈ രണ്ടു വിഷയങ്ങളുടേയും പരസ്പരബന്ധം നിമിത്തം രൂപം കൊണ്ട വിജ്ഞാന ശാഖയാണ് പൊളിറ്റിക്കൽ സോഷ്യോളജി.

**2.2 വിവിധ ഭരണക്രമങ്ങൾ, സവിശേഷതകൾ**

രാജ്യങ്ങളുടെ ആരംഭം മുതൽക്കുതന്നെ വിവിധതരം ഭരണക്രമങ്ങൾ നിലവിൽ വന്നു. രാജഭരണം, സൈനികഭരണം സ്വേച്ഛാധിപത്യം, ഏകാധിപത്യം, ജനാധിപത്യം തുടങ്ങിയവ അവയിൽ ചിലതാണ്.

**രാജഭരണം**

ഏറ്റവും പഴക്കം ചെന്ന ഭരണരൂപമാണ് രാജവാഴ്ച. ദൈവദത്ത രാഷ്ട്രസിദ്ധാന്തക്കാർ () വാദിച്ചിരുന്നത്. ദൈവമാണ് രാജാവിനെ സൃഷ്ടിച്ചത് എന്നായിരുന്നു പരമ്പരാഗതമായി അധി

കാരം കൈമാറിവന്ന ഈ ഭരണസംവിധാനത്തിൽ രാജാവ് എന്ന വ്യക്തിയിൽ അധികാരം കേന്ദ്രീകരിച്ചിരുന്നു. ഇതിന്റെ പ്രധാന മേന്മകൾ ശക്തമായ ഭരണ സംവിധാനം, ദീർഘമായ കാലാവധി, അധികാര തുടർച്ച സാധ്യമാവുന്നു, വേഗത്തിൽ തീരുമാനങ്ങളെടുക്കാനും അത് നടപ്പാക്കാനുമാവുന്നു. എന്നിവയാണ്.

ചരിത്രത്തിലേക്ക് നോക്കിയാൽ മഹാന്മരായ രാജാക്കൻമാർക്കൊപ്പം ജനവിരുദ്ധരായ അനേകരേയും കാണാൻ സാധിക്കും. അത്തരത്തിലുള്ള രണ്ട് ഉദാഹരണങ്ങൾ കണ്ടെത്തുക. എന്തുകൊണ്ട് ചിലർ ജനവിരുദ്ധരായി, രാജഭരണത്തിന്റെ ദോഷങ്ങൾ എന്തെല്ലാം എന്നിവ കണ്ടെത്തുക?

**സൈനികഭരണം**

സൈനികമേധാവികൾ രാജ്യത്തിന്റെ ഭരണം പിടിച്ചെടുത്ത വാർത്തകൾ സമീപകാലത്ത് നാം വായിച്ചിട്ടുണ്ട്. ഏഷ്യയിലേയും ആഫ്രിക്കയിലേയും രാജ്യങ്ങളിൽ പലയിടത്തും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാറുണ്ട്. അത്തരം ചില ഉദാഹരണങ്ങൾ പറയുക.

**രാജ്യം**

- പാക്കിസ്ഥാൻ - പട്ടാള ഭരണാധികാരി - പർവ്വേസ് മുഷറഫ്
- 
- 
- 

രാജ്യത്തെ ജനാധിപത്യ ദൗർബല്യങ്ങളും അഴിമതിയും, സാമൂഹ്യഘടനകളുമാണ് പലപ്പോഴും രാജ്യത്തെ പട്ടാള ഭരണത്തിലേക്ക് നയിക്കുന്നത്. രാജഭരണത്തിന്റെ മേന്മകളും ദോഷങ്ങളും പട്ടാള ഭരണത്തിനും ബാധകമാണെന്ന് കാണാവുന്നതാണ്. അവ കണ്ടെത്തി ചാർട്ട് തയ്യാറാക്കുക.

**മേന്മകൾ - ദോഷങ്ങൾ**

- 
- 
- 

**സേച്ഛാധിപത്യം**

ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് വില കൽപിക്കാത്ത ഒരു വിഭാഗത്തിന്റെ ഭരണമാണ്. സേച്ഛാധിപത്യം നടത്തുന്നത് ഒരു കൂട്ടം വ്യക്തികളോ, പാർട്ടിയോ, വിഭാഗമോ ആവാം. പലപ്പോഴും വിമർശിക്കപ്പെടുമെങ്കിലും അപൂർവ്വം അവസരങ്ങളിൽ സ്വേച്ഛാധിപത്യം ജനോപകാരപ്രദമായിട്ടുണ്ട്.

**ഏകാധിപത്യം**

ഒരു വ്യക്തിയിൽ അധികാരം കേന്ദ്രീകൃതമാവുന്ന അവസ്ഥയാണ് ഏകാധിപത്യം. മേന്മതിന്മകൾ രാജവാഴ്ച്ചയുമായി സാമ്യപ്പെട്ടിരിക്കുന്നു. പിൻതുടർച്ചയുടെ കാര്യത്തിൽ മാത്രമാണ് പ്രധാനമായും വ്യത്യാസം പ്രകടമാവുന്നത്.

**ജനാധിപത്യം**

ജനങ്ങളുടെ ഇച്ഛയ്ക്ക് പ്രാമുഖ്യം നല്കുന്ന ഭരണസംവിധാനമാണ് ജനാധിപത്യം എബ്രഹാം

ലിങ്കൺ നല്കിയ ജനാധിപത്യ നിർവചനം സ്മരണീയമാണ്. പ്രധാനമേന്മകൾ.

- ജനപങ്കാളിത്തം
- പ്രതിപക്ഷ ബഹുമാനം
- വിവിധ ജനവിഭാഗങ്ങളെ ഒരുമിപ്പിക്കുന്നു.
- ജനങ്ങളുടെ അംഗീകാരം
- സമാധാനപരമായി ഭരണമാറ്റം സാധ്യമാകുന്നു.
- 
- 

**ദോഷങ്ങൾ**

- ഭരണത്തിന് തുടർച്ച ലഭിക്കണമെന്നില്ല.
- ഹ്രസ്വകാല സർക്കാരുകൾ
- ദീർഘകാല നയങ്ങളും ലക്ഷ്യങ്ങളും നടപ്പാക്കാൻ ബുദ്ധിമുട്ട് നേരിടുന്നു.
- അഴിമതി, കാലുമാറ്റം തുടങ്ങിയ പ്രവണതകൾ
- തെരെഞ്ഞെടുപ്പ് സമ്പ്രദായത്തിന്റെ പോരായ്മകൾ (ന്യൂനപക്ഷത്തിന് അംഗീകാരം ലഭിക്കാതിരിക്കാം, വോട്ടുകൾ പാഴാവുന്നു. ഭരണകക്ഷിക്ക് നിശ്ചിത ശതമാനം പനങ്ങളുടെ പിന്തുണ ഉണ്ടാവണമെന്നില്ല. തുടങ്ങിയവ.)
- ചെലവേറിയ ഭരണസംവിധാനം

അരിസ്റ്റോട്ടിൽ ഗവൺമെന്റുകളെ ഭരണാധികാരികളുടെ എണ്ണത്തിന്റെയും ലക്ഷ്യത്തിന്റെയും അടിസ്ഥാനത്തിൽ 6 ആയി തരം തിരിച്ചു.

| | **ലക്ഷ്യം ജനക്ഷേമം** | **ലക്ഷ്യം സ്വന്തം നേട്ടം** |
|---|---|---|
| ഒരാൾ ഭരിക്കുന്നത് | - രാജവാഴ്ച | സ്വേച്ഛാധിപത്യം |
| കുറച്ചുപേർ ഭരിക്കുന്നത് | - കുലീനാധിപത്യം | ഭുഷ്പ്രഭുത്വം |
| ധാരാളം പേർ ഭരിക്കുന്നത് | - പോളിറ്റി | ജനാധിപത്യം |

ജനക്ഷേമഭരണമാണ് നടക്കുന്നതെങ്കിൽ നല്ല ഭരണസംവിധാനം രാജവാഴ്ചയാണെന്നും, അതല്ല സ്വന്തം നേട്ടങ്ങൾക്ക് വേണ്ടിയാണ് ഭരണാധികാരികൾ ഭരിക്കുന്നതെങ്കിൽ തമ്മിൽ ഭേദം ജനാധിപത്യമാണെന്നുമാണ് അരിസ്റ്റോട്ടിൽ കണ്ടെത്തിയത്. മാത്രമല്ല ഗവൺമെന്റുകൾ ചാക്രികമായി (Cycle of change) മാറിക്കൊണ്ടിരിക്കുമെന്നും അദ്ദേഹം സിദ്ധാന്തിച്ചു.




ഒരു ഭരണസംവിധാനം അടുത്ത രീതിയിലേക്ക് കടക്കുന്നതിനുമുമ്പ് ആ സംവിധാനം ദുഷിച്ചിരിക്കും - അരിസ്റ്റോട്ടിൽ

**2.3 ജനാധിപത്യം**

പുരാതന ഭാരതത്തിലും ഗ്രീസിലും ജനാധിപത്യരൂപങ്ങൾ നിലവിലുണ്ടായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു. കഴിഞ്ഞ പാഠങ്ങളിൽ ജനാധിപത്യത്തിന്റെ മേന്മകളും ദോഷങ്ങളും നാം കണ്ടതാണ്.

ജനാധിപത്യത്തെ പൊതുവെ രണ്ടായിതിരിക്കാറുണ്ട്. പ്രത്യക്ഷ ജനാധിപത്യവും പരോക്ഷജനാധിപത്യവും




പുരാതന ഗ്രീക്ക് രാജ്യങ്ങളിൽ നിലവിലിരുന്ന രീതിയാണ് പ്രത്യക്ഷ ജനാധിപത്യം ജനങ്ങൾ നേരിട്ട് തന്നെ നിയമനിർമാണവും ഭരണവും നടത്തുന്ന ശൈലി. ഇന്ന് ഈ രീതി നിലവിലില്ലെങ്കിലും അതിന്റെ ചില മാർഗ്ഗങ്ങൾ സ്വിറ്റ്സർലണ്ടിലും ചില അമേരിക്കൻ സംസ്ഥാനങ്ങളിലും നിലവിലുണ്ട്. സ്വിറ്റ്സർലണ്ടിൽ നിലവിലുള്ള പ്രത്യക്ഷ ജനാധിപത്യമാർഗ്ഗങ്ങൾ ഏതെന്ന് കണ്ടെത്തി വിവരിക്കുക. (സൂചന : റഫറണ്ടം, ഇനിഷ്യേറ്റീവ്, പ്ലെബിസൈറ്റ്, റീ കാൾ)

**പരോക്ഷ ജനാധിപത്യം**

വിസ്തൃതമായ ആധുനിക രാജ്യങ്ങളിൽ നടപ്പിലുള്ള രീതി പരോക്ഷ ജനാധിപത്യമാണ്. ജനപ്രതിനിധികൾ മുഖേന നിയമനിർമാണവും ഭരണവും നടക്കുന്നു. പരോക്ഷ ജനാധിപത്യ രാജ്യങ്ങൾക്ക് ചില ഉദാഹരണങ്ങൾ കണ്ടെത്തുക.

ഗവൺമെന്റിന്റെ മൂന്നു വിഭാഗങ്ങളായ നിയനിർമ്മാണ സഭ, കാര്യനിർവഹണവിഭാഗം

നീതിന്യായ വിഭാഗം എന്നിവയിലെ കാര്യനിർവഹണ വിഭാഗത്തിന്റെ സ്വഭാവമനുസരിച്ച് ഗവൺമെന്റുകളെ രണ്ടായി തരം തിരിക്കാറുണ്ട്.

**എക്സിക്യൂട്ടീവ്**

പാർലമെന്ററി
(U.K. India)

പ്രസിഡൻഷ്യൽ
(U.S.A)

**സവിശേഷതകൾ**

| **പാർലമെന്ററി** | **പ്രസിഡൻഷ്യൽ** |
|---|---|
| • ഭരണം (മന്ത്രിസഭ) | • ഭരണകർത്താവ് (പ്രസിഡന്റ്) |
| • പാർലമെന്ററി ഭൂരിപക്ഷംമനുസരിച്ച് കാലാവധി | • നിശ്ചിത കാലാവധി |
| • നാമമാത്ര ഭരണാധികാരിയും യഥാർത്ഥ ഭരണാധികാരിയും ഉണ്ടാവും. | • യഥാർത്ഥ ഭരണാധികാരി മാത്രം |
| • പാർലമെന്റും കാര്യനിർവഹണ വിഭാഗവും ഒരുമിച്ച് പ്രവർത്തിക്കുന്നു. | • അധികാര വേർതിരിവ് - പാർല-മെന്റും കാര്യനിർവഹണവിഭാഗവും തങ്ങളുടെ മേഖലകളിൽ സ്വതന്ത്രമാണ് |
| • മന്ത്രിസഭയ്ക്കും കൂട്ടുത്തരവാദിത്തവും തുല്യതയുമുണ്ട്. പ്രധാനമന്ത്രി തുല്യരിൽ ഒന്നാമൻ | • പ്രസിഡന്റിന്റെ സഹായികൾ മാത്രമാണ് മന്ത്രിമാർ. |

## യൂണിറ്ററി, ഫെഡറൽ സംവിധാനം

കേന്ദ്ര- സംസ്ഥാന ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ ഭരണ സംവിധാനത്തെ യൂണിറ്ററിയെന്നും ഫെഡറലെന്നും വേർതിരിക്കുന്നു. ഒരു കേന്ദ്രഗവൺമെന്റ് മാത്രമുള്ള ഭരണസംവിധാനമാണ് യൂണിറ്ററി. ഒരു കേന്ദ്രഗവൺമെന്റും അനേകം സംസ്ഥാന ഗവൺമെന്റുകളുമുള്ള ഭരണ സം വിധാനമാണ് ഫെഡറൽ ഗവൺമെന്റ് ഉദാ. അമേരിക്ക, ഇന്ത്യ, കാനഡ

ഇന്ത്യൻ ഭരണഘടന അധികാര വിഭജനത്തിനായി മൂന്നു പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്. യൂണി യൻ, സ്റ്റേറ്റ്, കൺകറന്റ് ലിസ്റ്റുകൾ.

വിവിധ പട്ടികകളിൽ വരുന്ന പ്രധാന വകുപ്പുകൾ കണ്ടെത്തി ചേർക്കുക

| **യൂണിയൻ ലിസ്റ്റ്** | **സ്റ്റേറ്റ് ലിസ്റ്റ്** | **കൺകറന്റ് ലിസ്റ്റ്** |
|---|---|---|
| • പ്രതിരോധം | • ക്രമസമാധാനം | • വിദ്യാഭ്യാസം |
| • | • | • |
| • | • | • |
| • | • | • |
| • | • | • |

ഇന്ത്യൻ ഭരണഘടനയിലെ കേന്ദ്രസംസ്ഥാന ബന്ധങ്ങൾ കടമെടുത്തിട്ടുള്ളത് കനേഡിയൻ ഭരണഘടനയിൽ നിന്നുമാണ്. കേന്ദ്രത്തിനു മുൻതുക്കമുള്ള ഒരു ഭരണഘടനയായതിനാൽ ഇന്ത്യൻ ഫെഡറലിസത്തെ ‘ഘടനയിൽ ഫെഡറലും അന്ത:സത്തയൽ യൂണിറ്ററി എന്നും വീശേഷിപ്പിക്കുന്നു. (Federal in structureand unitary in spirit) ഇന്ത്യൻ ഭരണഘടനയിമല യൂണി റ്ററി സവിശേഷതകൾ കണ്ടെത്തുക - അധിക വായനയ്ക്ക്)

**ജനാധിപത്യം**

| പ്രത്യക്ഷ ജനാധിപത്യം | പരോക്ഷ - ജനാധിപത്യം | പാർലമെന്ററി രീതി | പ്രസിഡൻഷ്യൽ രീതി | യൂണിറ്ററി സംവിധാനം | ഫെഡറൽ സംവിധാനം |
|---|---|---|---|---|---|

## 2.4 .അധികാരവികേന്ദ്രീകരണം

ഇന്ത്യ ഒരു ജനാധിപത്യരാഷ്ട്രമാണ് ഒരു രാജ്യത്ത് നിലനിൽക്കുന്ന സംസ്കാരമാണ് അവിടത്തെ പുരോഗതിക്ക് വഴിതെളിക്കുന്നത്. അധികാരവികേന്ദ്രീകരണം ജനാധിപത്യത്തിന്റെ ആണി ക്കല്ലാണ്.

ജനാധിപത്യത്തിൽ അധികാരത്തിന്റെ വിനിയോഗം പൊതുവെ രണ്ടുരീതിയിലാകാം. കേന്ദ്രീ കൃത അധികാരവിനിയോഗവും, വികേന്ദ്രീകൃത അധികാര വിനിയോഗവും. ജനാധിപത്യ സമൂഹങ്ങൾ വികേന്ദ്രീകൃതഅധികാര രീതിക്കാണ് പ്രാധാന്യം നല്കുന്നത്. പ്രാദേശിക ഭരണ

സംവിധാനങ്ങൾക്ക് ശക്തിയും മുൻഗണനയും നല്കിക്കൊണ്ടാണ് ജനാധിപത്യ സമൂഹങ്ങൾ ഇത് പ്രാവർത്തികമാക്കുന്നത്. ഇന്ത്യയിൽ നിലനിൽക്കുന്ന പഞ്ചായത്തീരാജ് സംവിധാനങ്ങൾ ഈ ലക്ഷ്യം മുൻനിർത്തിയാണ് നടപ്പാക്കിയത്.

ഇന്ത്യയെപ്പോലെ വലിയ ജനസംഖ്യയും ഭൂവിസ്തൃതിയും ഒട്ടേറെ വൈവിധ്യവും നില നിൽക്കുന്ന ഒരു രാഷ്ട്രത്തിന്റെ പ്രാദേശിക ആവശ്യങ്ങൾ സമർത്ഥമായി നിർവഹിക്കാൻ ഒരു കേന്ദ്രീകൃത ഭരണസംവിധാനത്തിന് മാത്രം കഴിയുമോ. ?

ഭരണഘടനയുടെ 7-ാം പട്ടിക പ്രകാരം അധികാരങ്ങളെ മൂന്ന് വിഭാഗങ്ങളായി വേർതിരിച്ചിരിക്കുന്നു. - യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറണ്ട് ലിസ്റ്റ്.

യൂണിയൻ ലിസ്റ്റിൽ 97 വിഷയങ്ങളും സ്റ്റേറ്റ് ലിസ്റ്റിൽ 66 വിഷയങ്ങളും കൺകറണ്ട് ലിസ്റ്റിൽ 47 വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോന്നിലേയും ചില പ്രധാനഇനങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

| **യൂണിയൻ ലിസ്റ്റിലെ ചില ഇനങ്ങൾ** | **സ്റ്റേറ്റ് ലിസ്റ്റിലെ ചില ഇനങ്ങൾ** | **കൺകറണ്ട് ലിസ്റ്റിലെ ചില ഇനങ്ങൾ** |
|---|---|---|
| • രാജ്യം | • ക്രമസമാധാനം | • വിദ്യാഭ്യാസം |
| • വിദേശകാര്യം | • കൃഷി | • ജലം |
| • പൗരത്വം | • ജലസേചനം | • വിദ്യുച്ഛക്തി |
| • കറൻസി | • പൊതുജനാരോഗ്യം | • ജനസംഖ്യാ നിയന്ത്രണം |
| • വാർത്താവിനിമയം | • തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | • തൊഴിലാളി യൂണിയനുകൾ |

യൂണിയൻ ലിസ്റ്റിൽപ്പെട്ട വകുപ്പുകളിൽ കേന്ദ്രസർക്കാരിനും സംസ്ഥാനലിസ്റ്റിൽപ്പെട്ട വകുപ്പുകളിൽ സംസ്ഥാന സർക്കാരുകൾക്കും നിയമം നിർവഹിക്കാനും നടപ്പിലാക്കാനുമുള്ള അവകാശമുണ്ട്. എന്നാൽ കൺകറണ്ട് ലിസ്റ്റിൽപ്പെട്ട വകുപ്പുകളിൽ കേന്ദ്രസർക്കാറിനും സംസ്ഥാന സർക്കാരുകൾക്കും നിയമങ്ങൾ നിർമ്മിക്കാനും നടപ്പിലാക്കാനുമുള്ള അവകാശം നൽകിയിട്ടുണ്ട്. കേന്ദ്രസംസ്ഥാന നിയമങ്ങൾതമ്മിൽ ഏറ്റുമുട്ടുന്ന സാഹചര്യം ഉണ്ടായാൽ കേന്ദ്രനിയമത്തിനായിരിക്കും സാധുത.

**പഞ്ചായത്തീരാജ്**

സംസ്ഥാന ഗവൺമെന്റുകൾക്ക് പ്രാധാന്യം നല്കുന്നതോടൊപ്പം വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കേന്ദ്രഗവൺമെന്റ് അർഹിക്കുന്ന അംഗീകാരം നൽകിയിട്ടുണ്ട്. ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ഉത്തരവാദിത്വവും തല്കുകയുണ്ടായി. അധികാരവികേന്ദ്രീകരണത്തിലൂടെ ജനാധിപത്യ ഭരണ വ്യവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നു.

**പഞ്ചായത്തീരാജിന്റെ ലക്ഷ്യങ്ങൾ**

- ഗ്രാമങ്ങളിൽ ജനാധിപത്യം നടപ്പിലാ.ക്കുക.
- ഗ്രാമപ്രദേശത്തെ ജനങ്ങളെ അവരവരുടെ പ്രദേശത്തെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- സമൂഹത്തിലെ പിന്നോക്കക്കാർക്കും ദുർബലവിഭാഗങ്ങൾക്കും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ പങ്കാളിത്തം നൽകുക.

- സാമൂഹിക വികസനപരിപാടികളിൽ ജനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

**പഞ്ചായത്തീരാജിന്റെ ചുമതലകൾ**

- ഗ്രാമങ്ങളിൽ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുക.
- പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കുക.
- ആരോഗ്യ, ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- നിർമാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- മേളകളും മത്സരങ്ങളും സംഘടിപ്പിക്കുക.
- പ്രദേശത്തിന്റെ വികസനത്തിന് വേണ്ട പദ്ധതി തയ്യാറാക്കുക.

**ദ്വിതല, ത്രിതല സംവിധാനങ്ങൾ**

ഇരുപത് ലക്ഷം ജനങ്ങളിൽ കുറവ് ഉള്ള സംസ്ഥാങ്ങളിൽ ദ്വി തല പഞ്ചായത്ത് സംവിധാനവും മറ്റു ഇടങ്ങളിൽ ത്രി തല പഞ്ചായത്ത് സംവിധാനവുമാണ് നിലവിൽ വന്നത്.

**ദ്വിതല സംവിധാനം**

ജില്ലാ പഞ്ചായത്ത് സമിതി

↓

ഗ്രാമപഞ്ചായത്ത് സമിതി

**ത്രിതല സവിധാനം**

ജില്ലാപഞ്ചായത്ത് സമിതി

↓

ബ്ലോക്ക് പഞ്ചായത്ത് സമിതി

↓

ഗ്രാമപഞ്ചായത്ത് സമിതി

**ജില്ലാപഞ്ചായത്ത്**

ത്രിതല പഞ്ചായത്ത് സംവിധാനത്തിലെ ഏറ്റവും ഉയർന്ന സമിതിയാണ് ജില്ലാ പഞ്ചായത്ത്.

**ചുമതലകൾ**

- ജില്ലയിലെ പഞ്ചായത്ത് സമിതികളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.
- പഞ്ചായത്ത് സമിതികൾ തയ്യാറാക്കുന്ന ബഡ്ജറ്റ്, പരിശോധിച്ച് നിർദേശം നൽകുകയോ അവയ്ക്ക് അംഗീകാരം നൽകുകയും ചെയ്യുക.
- കൃഷിയെ പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

**ബ്ലോക്ക് പഞ്ചായത്ത്**

- റവന്യൂ ബ്ലോക്കുകളെ അടിസ്ഥാനമാക്കിയാണ് ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ചി ട്ടുള്ളത്.
- ജില്ലാപഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ഇടയിലുള്ള സംവിധാനമാണ് ബ്ലോക്ക് പഞ്ചായത്ത്
- പ്രത്യേക അധികാരങ്ങളും ഫണ്ടും ബ്ലോക്ക് പഞ്ചായത്തിനായി മാറ്റിവെച്ചിട്ടില്ല.

കേരളം പോലുള്ള ചെറിയ സംസ്ഥാനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സാധ്യത എത്രത്തോളം ഫലപ്രദമാണ്?

**ഗ്രാമപഞ്ചായത്ത്**

- പഞ്ചായത്തീരാജിന്റെ ഏറ്റവും അടിസ്ഥാനമായ ഘടകമാണ് ഗ്രാമപഞ്ചായത്ത്
- അഞ്ചുവർഷമാണ് ഗ്രാമപഞ്ചായത്തിന്റെ കാലാവധി.
- ജനങ്ങൾ നേരിട്ടാണ് ഗ്രാമപഞ്ചായത്ത് അംഗങ്ങളെ തെതെഞ്ഞെടുക്കുന്നത്.
- എല്ലാ തീരുമാനങ്ങളും വോട്ടിനിടുന്നതാണ്.
- മാസത്തിൽ ഒരിക്കൽ ഗ്രാമപഞ്ചായത്ത് കൂടേണ്ടതാണ്.

**ഗ്രാമസഭ**

- പഞ്ചായത്ത് രാജ് സമ്പ്രദായത്തിന്റെ അടിസ്ഥാനം ഗ്രാമസഭയാണ്.
- ഒരു പ്രദേശത്ത് ജീവിക്കുന്നവരും, 18 വയസ്സ് പൂർത്തിയായവരും, വോട്ടർപട്ടികയിൽ പേരു ള്ളതുമായ എല്ലാവരും ഗ്രാമസഭയിലെ അംഗങ്ങളാണ്.
- വർഷത്തിൽ രണ്ടു പ്രാവശ്യമാണ് ഗ്രാമസഭ കൂടാറുള്ളത്.
- പ്രദേശത്തെ ആവശ്യങ്ങൾ വികസന സാധ്യതകൾ എന്നിവ ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നു.
- മുൻഗണനക്രമം പരിഗണണിച്ചാണ് തീരുമാനങ്ങൾ എടുക്കുക.
- ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻ, അംഗം എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്ത്, ചർച്ചകൾക്ക് നേതൃത്വം കൊടുക്കുന്നു.

**മുനിസിഷൽ കോർഷറേഷനുകളും മുനിസിഷൽ കൗൺസിലുകളും, ഗ്രാമപഞ്ചായത്തുകളും**

ജനസംഖ്യ, ജനജീവിതം, ഭൂമിശാസ്ത്രസവിശേഷതകൾ, തുടങ്ങിയവ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പൽ കൗൺസിലുകൾ ഗ്രാമപഞ്ചായത്തുകൾ എന്നിവയായി തരം തിരിച്ചിട്ടുണ്ട്. പ്രാധാന്യമുള്ള നഗരപ്രദേശങ്ങളിൽ ഠൗൺഷിപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

### 2.5. ഇന്ത്യൻ ഭരണഘടന

ഒരു രാജ്യത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ സവിശേഷതകളുടേയും അതിന്റെ ഭര ണത്തെ സംബന്ധിക്കുന്ന അടിസ്ഥാനനിയമങ്ങളുടേയും സംഹിതയാണ് ഭരണഘടന. രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങളേയും കടമകളേയും കുറിച്ചും ജനങ്ങൾക്ക് രാഷ്ട്രവുമായുള്ള ബന്ധ ത്തെക്കുറിച്ചും ഭരണഘടയിൽ പ്രതിപാദിക്കുന്നു. രാഷ്ട്രത്തിന്റെ ഘടന, പ്രവർത്തനരീതി, ഭര ണകൂടത്തിന്റെ അധികാരങ്ങൾ എന്നിവയും ഭരണഘടനയിൽ വിശദമായി പ്രതിപാദിക്കുന്നു.

ഭരണഘടന എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമുണ്ട്. ഇന്ത്യ, അമേരിക്ക എന്നീ രാജ്യങ്ങളുടെ ഭരണഘടന എഴുതപ്പെട്ടതാണ്. എഴുതപ്പെട്ട ഭരണഘടനയിൽ പാലിക്കേണ്ട കടമകളും നടപ്പാ ക്കേണ്ട നിയമങ്ങളും എഴുതി വച്ചിട്ടുണ്ടാവും. എന്നാൽ എഴുതപ്പെടാത്ത ഭരണഘടന പരമ്പരാ ഗതമായി തുടർന്നു വരുന്നതായിരിക്കും. ഇന്ത്യയിൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഉയർന്നു വന്ന രാഷ്ട്രസങ്കൽപത്തെക്കുറിച്ചുള്ള ആശയങ്ങളുടെ പ്രതിഫലനമാണ് ഇന്ത്യൻ ഭരണഘട ന. ഭരണഘടനാനിർമ്മാണ സഭ (Constitend Assembly) യാണ് ഭരണഘടനയും രൂപം നൽകാൻ അധികാരം നൽകിയത്.

ഡോ. രാജേന്ദ്ര പ്രസാദ് അധ്യക്ഷനായിരുന്ന ഈ സഭയിലെ മറ്റ് അംഗങ്ങൾ ആരൊക്കെ?

ഈ സഭയുടെ ചുമതലകൾ എന്തൊക്കെ?

നിരവധി വൈവിധ്യങ്ങൾ ഉള്ള ഒരു രാജ്യമായ ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കുക എന്നത് ശ്രമകരമായ ഒരു പ്രവർത്തനമായിരുന്നു. അതുകൊണ്ട് ഭരണഘടനയുടെ ഒരു ഡ്രാഫ്റ്റ് തയ്യാറാക്കുവാൻ ഡോ. അംബേദ്കറിന്റെ നേതൃത്വത്തിൽ ഒരു ഡ്രാഫ്റ്റിംഗ് കമ്മറ്റി നിയമിച്ചു.

- ഡ്രിഫ്റ്റിംഗ് കമ്മറ്റിയിലെ മറ്റ് അംഗങ്ങൾ ആരൊക്കെ?
- എന്നാണ് ഭണണഘടനാനിർമ്മാണ സഭ ഇന്ത്യൻ ഭരണഘടനക്ക് അംഗീകാരം നൽകിയത്?
- ഇന്ത്യൻ ഭരണഘടന ഔപചാരികമായി നിലവിൽ വന്നത് എന്ന്?

**എന്തുകൊണ്ട് 1950 – ജനുവരി – 26**

1929 ലെ ലാഹോർ കോൺഗ്രസ് തീരുമാനം അനുസരിച്ച് 1930 ജനുവരി 26 ആദ്യ സ്വാതന്ത്ര്യദിനമായി ആചരിച്ചു. അതിന്റെ 20 -ാം വാർഷികദിനമായിരുന്നു 1950 ജനുവരി 26

### 2.5.1 ഭരണഘടനയുടെ ആമുഖം (Preamble of Indian Constitution)

ഇന്ത്യൻ ഭരണഘടനയുടെ ആമുഖം, ചാർട്ട്/ഐ.സി.ടി. യുടെ സഹായത്താൽ പ്രദർശിപ്പിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ഉപയോഗപ്പെടുത്തി ആമുഖം വിശകലനം ചെയ്യുന്നു.

**സൂചകങ്ങൾ**

- .ഭരണഘടനയുടെ ആമുഖത്തിൽ രാഷ്ട്രത്തിന്റെ സ്വഭാവം എങ്ങനെയുള്ളതാണ് എന്നാണ് പ്രതിപാദിച്ചിട്ടുള്ളത്.
- ആമുഖത്തിൽ ഇന്ത്യൻ ഭരണഘടന മുന്നോട്ട് വരുന്ന തത്വങ്ങൾ (Principls) ഏതൊക്കെ?

* **പരമാധികാരം (Sovereignity)**

മറ്റൊരു രാജ്യത്തിന്റെ നിയന്ത്രണമോ ഇടപെടലോ ഇല്ലാതെ സ്വന്തം രാജ്യത്തെ ഭരണസംവിധാനക്കെ വിയന്ത്രിക്കാനും നടപ്പാക്കുവാനുമുള്ള അവസരം ഒരു രാജ്യത്തിന് ഉണ്ട്. എങ്കിൽ അതൊരു പരമാധികാര രാഷ്ട്രമാണ്. വൈദേശികവും നാടുരാജാക്കൻമാരുടേയും നിയന്ത്രണത്തിലായിരുന്ന ഇന്ത്യ ഭരണഘടന നിലവിൽ വന്നതോടെ ഒരു പരമാധികാര രാഷ്ട്രമായി. ജനങ്ങൾക്കു വേണ്ടി തെരെഞ്ഞെടുക്കുന്ന ജനപ്രതിനിധി സഭയ്ക്കാണ് രഷ്ട്രത്തിന്റെ ഭരണാധികാരം

* **ജനാധിപത്യം (Democracy )**

ഇന്ത്യയിൽ ഇടവേളകളിൽ നടക്കുന്ന വിവിധ തെരെഞ്ഞെടുപ്പിലൂടെ ജനങ്ങൾക്കു വിവിധ സഭയിലേക്ക് - ലോകസഭ, നിയമസഭ, തദ്ദേശസ്വയം ഭരണസഭ - തങ്ങളുടെ പ്രതിനിധികളെ തെരെഞ്ഞെടുക്കുന്നു. ഈ ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഗവൺമെന്റാണ് അതായത് ഭരണസംവിധാനങ്ങളുടേയും ഭരണത്തിന് നേതൃത്വം നൽകുന്നത്. ഭരണഘടന ഉറപ്പ് വരുന്ന പരമാധികാരം ഇത്തരം ജനാധിപത്യ ഭരണക്രമത്തിലൂടെ മാത്രമേ സാധ്യമാകൂ.

* **സോഷ്യലിസം** (Socialism)

എല്ലാവർക്കും തുല്യത ഉറപ്പ് വരുത്തുന്ന ഒരു സാമൂഹ്യവ്യവസ്ഥയാണിത്. സാമ്പത്തിക സാമൂഹ്യ സാംസ്കാരിക രംഗത്തെ അന്തരം കുറയുക വഴി മാത്രമേ ഈ സാമൂഹ്യവ്യവസ്ഥ രൂപപ്പെടു ത്താനാകൂ. ഇതിനായി അനേകം വകുപ്പകളും അവയുടെ നേതൃത്വത്തിൽ വിവിധ നടപടികളും നടപ്പാക്കി വരുന്നു.

* **മതേതരത്വം** (Secularosm)

രാജ്യത്തിന് ഔദ്യോഗികമായി ഒരു മതമില്ല. വ്യത്യസ്ത മതവിഭാഗങ്ങൾ സൗഹൃദത്തോടെ ജീവിക്കുന്നു. ഇത്തരത്തിൽ മതനിരപേക്ഷതയെ പ്രോൽസാഹിപ്പിക്കുന്നതാണ് നമ്മുടെ ഭര ണഘടന. ഇഷ്ടമുള്ള മതം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും ഇന്ത്യൻ പൗരന് അധി കാരമുണ്ട്.

* **റിപ്പബ്ലിക് (Repebilc)**

ജനങ്ങൾക്ക് പരമാധികാരമുള്ളതും തെരെഞ്ഞെടുപ്പിലൂടെ രാഷ്ട്രത്തലവനെ കണ്ടെത്തുകയും ചെയ്യുന്ന രാഷ്ട്രമാണ് റിപ്പബ്ലിക്.

* **ഇന്ത്യൻ ഭരണഘടന മുന്നോട്ട് വയ്ക്കുന്ന തത്വങ്ങൾ**
- സാമ്പത്തികവും സാമൂഹ്യവും രാഷട്രീയവുമായ നീതി.
- ചിന്തക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠക്കും ആരാധനക്കുമുള്ള സ്വാതന്ത്ര്യം
- പദവിയിലുംട അവസരത്തിലും സമത്വം
- വ്യക്തിയുടെ അന്തസ് -
- രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും

* **മൗലികാവകാശങ്ങൾ** (Fundamental Right to Education)

മൗലികാവകാശങ്ങളുടെ ധ്വംസനം പ്രതിപാദിക്കുന്ന സന്ദർങ്ങൾ അധ്യാപിക പ്രദർശിപ്പിക്കുന്നു.

**ഉദാ.**

- ഇഷ്ടിക കമ്പനികളിൽ പണി ചെയ്യുന്ന കുട്ടികളുടെ യാതനകൾ - ചിത്രത്തിലൂടെ-
- സ്ത്രീകൾക്ക് എതിരെ നടക്കുന്ന പീഡനങ്ങൾ

ഇത്തരം സന്ദർഭങ്ങളോട് നിങ്ങളുടെ പ്രതികരണം എന്താണ്? ഇതിനെ മറികടക്കാനും സംര ക്ഷിക്കാനും ഇന്ന് എന്ത് സംവിധാനങ്ങളാണ് ഉള്ളത്?

ചർച്ച - മൗലികാവകാശങ്ങളിലേക്ക് ചർച്ച നിയിക്കുന്നു.

**പ്രധാന മൗലികാവകാശങ്ങൾ പ്രദർശിപ്പിക്കുന്നു. - ഓരോന്നിനെക്കുറിച്ചും ലഘു ചർച്ച.**

- സമത്വം
- സ്വാതന്ത്ര്യം
- ചൂഷണത്തിനെതിരെയുള്ള അവകാശം
- മതസ്വാതന്ത്ര്യം
- സാംസ്കാരികവും വിദ്യാഭ്യാസപരവും

- ഭരണഘടനാ സംബന്ധമായ പരിഹാരമാർഗ്ഗങ്ങൾക്കുള്ള അവകാശം

സ്റ്റാൻഡേർഡ് 8, 9, 10 ക്ലാസ്സിലെ സാമൂഹ്യപാഠപുസ്തത്തിൽ നിന്നും മറ്റ് സാമഗ്രികൾ എന്നിവയിൽ നിന്ന് മൗലികാവകാശത്തെക്കുറിച്ച് വിവരശേഖരണം നടത്തി/പേപ്പറായി അവതരിപ്പിക്കുന്നു.

ചർച്ച - ക്രോഡീകരണം

* **മൗലിക കടമകൾ** (fundamental Duties)

രാജ്യത്തെ പൗരൻ രാഷ്ട്രത്തോട് ചെയ്യേണ്ട കടമയാണിത്. രാഷ്യട പുരോഗതിക്കായി പൗരന്മാര ചെയ്യുന്നതാണിത്.

സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിന്റെ ആദ്യപേജുകളിൽ നൽകിയിരിക്കുന്ന മൗലിക കടമകൾ എന്ന ഭാഗം ഗ്രൂപ്പിൽ വായനക്ക് നൽകി ആശയരൂപീകരണം നടത്തി പേപ്പർ ആക്കുന്നു.

അവതരണം - ചർച്ച

ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു.

* **നിർദ്ദേശക തത്വങ്ങൾ** (Directive Principles)

രാജ്യത്തെ വിവിധഗവൺമെന്റുകളും ഗവൺമെന്റ് ഏജൻസികളും ഭരണത്തിന് അടിസ്ഥാനമാക്കിയിരിക്കേണ്ട പ്രമാണമാണിത്. ഇവ മൗലികാവകാശങ്ങൾക്ക് ഉള്ളതുപോലെ നിയമസംരക്ഷണം ഇല്ല. എന്നാൽ ഇവ നടപ്പാക്കാൻ ഭരണാധികാരികൾ പരമാവധി ശ്രമിക്കാറുണ്ട്.

- പ്രധാന നിർദ്ദേശകതത്വങ്ങൾ ഗ്രൂപ്പിൽ വിതരണം ചെയ്യുന്നു.
- ചർച്ചയിലൂടെ ആശയരൂപീകരണം നടത്തുന്നു.

*അവതരണം - ചർച്ച - ക്രോഡീകരണം*

| |
|---|
| മൗലികാവകാശങ്ങൾ, കടമകൾ, നിർദ്ദേശക തത്വങ്ങൾ എന്നിവയുടെ ആശയരൂപീകരണം നടന്ന ശേഷം ഇവ ഇന്ന് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പൗരൻ കടമകൾ ചെയ്യുന്നതിനും നിർദ്ദേശക തത്വങ്ങൾ നടപ്പാക്കുന്നതിൻ എത്ര മാത്രം കഴിയുന്നു. പ്രതിസന്ധികൾ - എന്നിവ ഉൾക്കൊള്ളിച്ചു ഒരു സെമിനാർ സംഘടിപ്പിക്കാവുന്നതാണ്. |

* **വിദ്യഭ്യാസ അവകാശ നിയമം** (Right to Education)

വിദ്യാഭ്യാസ അവകാശനിയമവുമായി ബന്ധപ്പെട്ട ശ്രീമതി. ലിഡാ ജേക്കബ്ബ് തയ്യാറാക്കിയിട്ടുള്ള RTE - 2009 (ppt) എന്ന വെബ്ബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അവതരിപ്പിക്കുന്നു.

- ലഭിച്ച ആശയങ്ങളും, മറ്റ് വായനാ സാമഗ്രികളിൽ നിന്നും ലഭിച്ച വിവരങ്ങളും എന്നിവ ചേർത്ത് സെമിനാർ അവതരണം - ചർച്ച ക്രോഡീകരണം

RTE - അധ്യാപകരുടെ കടമ വർദ്ധിപ്പിക്കുന്നുണ്ടോ ചർച്ച സംഘടിപ്പിക്കാം.

### 2.6. ഗവൺമെന്റിന്റെ ഘടകങ്ങൾ

കാര്യക്ഷമമായി ഭരണം നടത്തുന്നതിനായി കേന്ദ്രസംസ്ഥാനഗവൺമെന്റുകൾക്ക് നിയമനിർമ്മാണം (Legislative) , ഭാരണനിർവഹണം (Exicutive) നീതിന്യായം വിഭാഗം (Judiciary)

എന്നീ മൂന്ന് വിഭാഗങ്ങൾ ഉണ്ട്. ഈ ഓരോ വിഭാഗവും ഉത്തരവാദിത്വപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുമ്പോൾ ഭരണ സുതുര്യവും കാര്യക്ഷമവുന്നു.

- സ്റ്റാൻഡേർഡ് 9 ലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം മറ്റ് വായനാസാമഗ്രികൾ എന്നിവ ഗ്രൂപ്പിൽ നൽകുന്നു. ഓരോ ഗ്രൂപ്പു ഗവൺമെന്റിന്റെ വിവിധ വിഭാഗങ്ങളെക്കുറിച്ച് വിവര ശേഖരണം നടത്തി പേപ്പർ തയ്യാറാക്കി

  അവതരണം ചർച്ച -

  ക്രോഡീകരണം

ക്രോഡീകരിക്കുമ്പോൾ വരേണ്ടത്.

- നിയമനിർമ്മാണ വിഭാഗം
  - അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പൊതുസമൂഹത്തിന്റെ പാരോഗതിക്കും വേണ്ട നിയമങ്ങൾ ഉണ്ടാകുന്നു.
  - കേന്ദ്രനിയമനിർമാണ വിഭാഗത്തിന് - ലോകസഭാ, രാജ്യസഭ എന്നിങ്ങനെ രണ്ട് മണ്ഡലങ്ങളുണ്ട്.
  - രാജ്യസഭയും ലോകസഭയും രാഷ്ട്രപതിയും ചേർന്നതാണ് ഇന്ത്യൻ പാർലമെന്റ്.
  - രാജ്യസഭ ഉപരിസഭയും ലോകസഭ കീഴ് സഭയുമാകുന്നു.
  - രാജ്യസഭയിലെ 250 അംഗങ്ങളിൽ 12 പേരെ രാഷ്ട്രപതി നേരിട്ട് തെരെഞ്ഞെടുക്കുന്നു.
  - ലോകസഭയിലെ 543 അംഗങ്ങളെ ജനങ്ങൾ തെരെഞ്ഞെടുക്കുന്നു. 2 പേരെ ആഗ്ലോ ഇന്ത്യൻ സമുദായത്തിൽ നിന്നും (ആവശ്യമുണ്ടെങ്കിൽ) പ്രസിഡന്റ് നോമിനേറ്റ് ചെയ്യുന്നു.
  - പാർലമെന്റ് പാസാക്കിയ നിയമങ്ങൾ നടപ്പാക്കുന്ന വിഭാഗം
  - രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും കേന്ദ്രമന്ത്രിസഭയും കേന്ദ്രസെക്രട്ടറിയേറ്റും ചേർന്നതാണിത്.
  - ഇതിൽ രണ്ട് വിഭാഗങ്ങൾ ഉണ്ട്. - രാഷ്ട്രീയഭരണനിർമ്മാണ വിഭാഗം സ്ഥിരം ഭരണനിർമാണവിഭാഗം
- **നീതിന്യായ വിഭാഗം**
  - കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ തമ്മിലും ഗവൺമെന്റുകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക
  - തർക്കങ്ങൾ പരിഹാരം കാണുക.
  - കേന്ദ്രത്തിൽ സുപ്രീം കോടതിയും സംസ്ഥാനങ്ങൾക്ക് ഹൈക്കോടതിയുമുണ്ട്.
  - ഇന്ത്യയിലെ കോടതി സമ്പ്രദായം പിരമിഡാകൃതിയിലാണ്. ഏറ്റവും മുകളിൽ സുപ്രിം കോടതി, താഴെ ഹൈക്കോടതികൾ, ജില്ലാകോടതികൾ, കീഴ്കോടതികൾ എന്ന ക്രമത്തിൽ
- ഭരണനിർവഹണ വിഭാഗത്തിലെ ഓരോ അംഗങ്ങളും അവയുടെ അധികാരങ്ങളും - സെമിനാർ
  - വായനാസാമഗ്രികൾ എച്ച്.എസ് സാമൂഹ്യശാസ്ത്രപുസ്തകം എന്നിവ പരിശോധിച്ച്

രാഷ്ട്രപതി, ഉപരാഷ്ട്രപതി, മന്ത്രിസഭ, കേന്ദ്രസെക്രട്ടറിയേറ്റ്, എന്നിവരുടെ അധികാരങ്ങളും ചുമതലകളും കണ്ടെത്തി സെമിനാർ പേപ്പർ തയ്യാറാക്കി -

അവതരണം -

ചർച്ച

- നീതിന്യായ വിഭാഗത്തിലെ കോടതികളിൽ പ്രധാനപ്പെട്ട - സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും രൂപീകരണങ്ങൾ വായനാ സാമഗ്രികൾ വായിച്ച് പട്ടികയായി എഴുതുക.

************************

# യൂണിറ്റ് – 3

# സമൂഹശാസ്ത്രം

### 3.1 സമൂഹശാസ്ത്രം – പ്രസക്തിയും പ്രാധാന്യവും

മനുഷ്യസമൂഹത്തിന്റെ വിവിധ ആചാരങ്ങളെയും നിയമങ്ങളെയും പരസ്പരബന്ധങ്ങളെയും ശാസ്ത്രീയമായും വസ്തുനിഷ്ഠമായും പഠിക്കുന്ന വിജ്ഞാനശാഖയാണ് സമൂഹശാസ്ത്രം

**സമൂഹശാസ്ത്രം – വിവിധ വീക്ഷണങ്ങൾ**

- മനുഷ്യന്റെ സമൂഹത്തെപ്പറ്റിയുള്ള ശാസ്ത്രീയപഠനം
- മനുഷ്യന്റെ സമൂഹ്യജീവിതത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനം.
- മനുഷ്യബന്ധങ്ങളുടെ വ്യവസ്ഥാപിതപഠനം
- വ്യക്തികൾ എന്നതിലുപരി സാമൂഹ്യഇടപെടലുകളെക്കുറിച്ചും വിവിധ കൂട്ടങ്ങളിലെ പെരുമാറ്റരീതിയെക്കുറിച്ചുമുള്ള പഠനം.

19 –ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ പശ്ചിമയൂറോപ്പിലാണ് സമൂഹശാസ്ത്രം ആവിർഭവിച്ചത്. ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, രാഷ്ട്രതന്ത്രം, എന്നിവ മനുഷ്യന്റെ സാമൂഹ്യ പെരുമാറ്റത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്നെങ്കിലും പൂർണ്ണമായും വിശദീകരിച്ചിരുന്നില്ല. ഈ തിരിച്ചറിവും ആവശ്യകതയുമാണ് സമൂഹശാസ്ത്രത്തിന്റെ പിറവിക്ക് കാരണമായത്.

സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള വ്യവസ്ഥാപിതചിന്തയക്കും പഠനത്തിനും തുടക്കമിട്ടത് ഗ്രീക്ക് ചിന്തകരായ പ്ലേറ്റോയും അരിസ്റ്റോട്ടിലുമാണ്. തോമസ് ഹോബ്സ്, ജോൺ ലോക്ക്, റൂസ്സോ, മാക്യവെല്ലി, വിക്കോ എന്നീ ചിന്തകരും സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് ഗണ്യമായ സംഭാവനകൾ നൽകി. ഫ്രഞ്ച് തത്വചിന്തകനായ ആഗസ്റ്റേ കോംതെയെയാണ് സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത്. അദ്ദേഹമാണ് സോഷ്യോളജി എന്ന പദത്തിന്റെ ഉപജ്ഞാതാവ്. സോഷ്യസ് (Socius), ലോഗോസ് (Logos) എന്നീ ലാറ്റിൻ പദങ്ങൾ ചേർന്നാണ് സോഷ്യോളജി എന്ന വാക്കുണ്ടായത്.




ജെ. എഫ് ക്യൂബർ (J.F. Cuber) മാക്‌വെബ്ബർ (Maxwebber), ജി.ഡി.മിച്ചൽ (G.D. Mitchel) എന്നിവർ സമൂഹശാസ്ത്രത്തിന്റെ വികസനത്തിന് സംഭാവന നൽകിയിട്ടുള്ളവരാണ്. ഇന്ത്യയിൽ ആദ്യമായി സമൂഹശാസ്ത്രപഠനം ആരംഭിച്ചത് ബോംബെ സർവ്വകലാശാലയിലാണ്. 1924 –ൽ അവിടെ ബിരുദാനന്തരബിരുദ ക്ലാസ്സുകളും ആരംഭിച്ചു. കേരളത്തിൽ ആദ്യമായി സമൂഹശാസ്ത്രപഠനം ആരംഭിച്ചത് 1962 – ലാണ്. എ.ആർ.ദേശായി, എം.എൻ. ശ്രീനിവാസ്, എ.സി.ദുബെ,

എം.എസ്. ഗോറെ, ഡോ. വാത്സ്യായനൻ തുടങ്ങിയ നിരവധി പണ്ഡിതന്മാർ ഇന്ത്യയിൽ സമൂഹശാസ്ത്രത്തിന്റെ വികസനത്തിന് വലിയ സംഭാവനകൾ നല്കിയിട്ടുണ്ട്.

**നിർവചനങ്ങൾ**

- മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയജ്ഞാനത്തിന്റെ സമാഹാരമാണ് സമൂഹശാസ്ത്രം **(J.F.Cuber)**
- സാമൂഹ്യപ്രവർത്തികളെ വ്യാഖ്യാനാത്മകമായി മനസ്സിലാക്കാൻ ശ്രമിക്കുന്ന ശാസ്ത്രമാണ് സമൂഹശാസ്ത്രം. **(Maxwebber)**
- മാനവസമൂഹത്തിന്റെ ഘടനാപരമായ തലങ്ങളെ സംബന്ധിച്ച വിവരണാത്മകവും വിശകലനാത്മകവുമായ വിജ്ഞാനശാഖയാണ് സമൂഹശാസ്ത്രം. **(G.D.Mitchell)**

■ താഴെ കൊടുത്തിരിക്കുന്ന പദസൂര്യൻ വിശകലനം ചെയ്താൽ സമൂഹശാസ്ത്രത്തെക്കുറിച്ച് എന്തൊക്കെ ആശയങ്ങൾ രൂപപ്പെടുത്താം? ഇവയുടെ വിശദാംശങ്ങൾ ചേർത്ത് ഒരു കുറിപ്പ് തയ്യാറാക്കുക.




**സമൂഹശാസ്ത്രത്തിന്റെ പ്രസക്തി**

- ഇടുങ്ങിയ ചിന്താഗതികളിൽ നിന്ന് പഠിതാക്കളെ മോചിപ്പിക്കുന്നു.
- സ്വന്തം സമൂഹത്തെക്കുറിച്ച് വസ്തുനിഷ്ഠാപരമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സാഹായിക്കുന്നു.
- മനുഷ്യജീവിതത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്നു.
- സാമൂഹ്യഘടകങ്ങളെ തിരിച്ചറിയാനും വിലയിരുത്താനും സഹായിക്കുന്നു.
- തൊഴിൽപരമായ സാധ്യതകളും ഉപയോഗങ്ങളും പ്രദാനം ചെയ്യുന്നു.

■ സമൂഹശാസ്ത്രത്തിന്റെ, നിർവചനം, പ്രസക്തി എന്നിവയെക്കുറിച്ച് ഗ്രൂപ്പ് ചർച്ചയിലൂടെ ആശയരൂപീകരണം നടത്തി കുറിപ്പ് തയ്യാറാക്കൽ, പൊതുഅവതരണം, ക്രോഡീകരിക്കൽ.

## 3.2. സാമൂഹിക ഘടന

**കുടുംബം**

സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ് കുടുംബം. മാനവചരിത്രത്തിലെ ഏറ്റവും പഴക്കമേറിയ സാമൂഹ്യസ്ഥാപനമായ കുടുംബം, സമൂഹത്തിന്റെ ഏറ്റവും ലളിതവും പ്രാഥമികവുമായ രൂപമാണ്. കുടുംബം ബന്ധങ്ങളുടെ ഒരു വ്യവസ്ഥയാണ്. ആദ്യകാല കുടുംബം ഒരു സ്ഥാപനമെന്നതിനേക്കാളുപരി ഒരു പൂർണ്ണസമൂഹം തന്നെയായിരുന്നു. കുടംബം ഒരു സാർവ്വത്രികസാമൂഹ്യസ്ഥാപനമാണ്.

**മാതാപിതാക്കളും കുട്ടികളും തമ്മിൽ നിലനിൽക്കുന്ന ബന്ധങ്ങളുടെ ഒരു വ്യവസ്ഥയാണ് കുടുംബം. (Clare)**

വിവാഹത്തിലൂടെയാണ് ഒരു കുടുംബം രൂപം കൊള്ളുന്നത്. ഭാര്യ, ഭർത്താവ്, മക്കൾ എന്നിവരാണ് കുടുംബത്തിലെ അംഗങ്ങൾ. രക്തബന്ധം കുടുംബത്തിന് കെട്ടുറപ്പേകുന്നു. നിയമപരവും ധാർമ്മികവും സാമ്പത്തികവുമായ അവകാശങ്ങളും കടമകളും കുടുംബാംഗങ്ങളെ ഒന്നിപ്പിച്ച് നിർത്തുന്നു.

**കുടുംബത്തിന്റെ സവിശേഷതകൾ**




■ ഒരു സാമൂഹ്യസ്ഥാപനമെന്ന നിലയിൽ കുടുംബത്തിന്റെ ജീവശാസ്ത്രപരവും മനശാസ്ത്രപരവുമായ ധർമ്മങ്ങൾ എന്തെല്ലാം? ഗ്രൂപ്പ് പ്രവർത്തനം, വിവരശേഖരണം പൊതു അവതരണം, ക്രോഡീകരണം

**സമൂഹം**

സമൂഹം എന്ന പദം സമൂഹശാസ്ത്രത്തിലെ ഏറ്റവും അടിസ്ഥാനപരമായ സങ്കല്പമാണ്. മനുഷ്യർ തമ്മിലുള്ള ഇടപെടലുകളിലൂടെ സൃഷ്ടിക്കപ്പെട്ട ബന്ധങ്ങളുടെ ശൃംഖലയെയാണ് സമൂഹം എന്ന് പറയുന്നത്. സാമൂഹ്യബന്ധങ്ങളുടെ ഒരു വലയാണ് സമൂഹം (**മാക്ഐവർ**)

**സമൂഹത്തിന്റെ സവിശേഷതകൾ**

- ജനങ്ങൾ ഉൾപ്പെടുന്നു.
- പരസ്പരപ്രവർത്തനവും പരസ്പരബോധവും
- സാമ്യങ്ങളിലും വ്യത്യാസങ്ങളിലും അധിഷ്ഠിതമാണ്.
- അംഗങ്ങളുടെ പരസ്പരാശ്രയത്വം
- സഹകരണം
- ചലനാത്മകത
- സാമൂഹ്യനിയന്ത്രണം
- സംസ്കാരം

**സംഘടനകൾ**

ആധുനിക നാഗരികസമൂഹത്തിന്റെ ഒരു സവിശേഷതയാണ് സംഘടനകൾ. പരസ്പരബന്ധിതവും പരസ്പരാശ്രിതവുമായ വ്യക്തികളുടെയോ ഘടകങ്ങളുടെയോ ക്രമീകരണമാണ് സംഘടന. ഒരു ലക്ഷ്യം കൈവരിക്കുന്നതിന് അവർ ഒത്തൊരുമയോടെ പ്രവർത്തിക്കുന്നു. സംഘടനയിലെ അംഗങ്ങൾക്ക് അവരവരുടെ പദവിയും പങ്കുമനുസരിച്ച് നിശ്ചിത ചുമതലകളും ഉത്തരവാദിത്തങ്ങളും ഉണ്ട്.

പൊതുവായ സാമൂഹ്യ ഉടമ്പടി അഥവാ സമവായമാണ് സംഘടന. (**ആഗസ്റ്റേ കോംതെ**)

**സംഘടനയുടെ സവിശേഷതകൾ**

1. ഒരു നിശ്ചിത ലക്ഷ്യം/ലക്ഷ്യങ്ങൾ
2. അംഗങ്ങൾക്കിടയിലെ ഏകാഭിപ്രായം
3. പദവിയും പങ്കും തമ്മിലുള്ള യോജിപ്പ്
4. അംഗങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കൽ
5. ആസൂത്രിത പ്രവർത്തനങ്ങൾ

**പലതരം സംഘടനകൾ**



**സ്ഥാപനങ്ങൾ**

സമൂഹശാസ്ത്രത്തിന്റെ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട സങ്കൽപത്തിലൊന്നാണ് സ്ഥാപനം. വ്യക്തികളും ഗ്രൂപ്പുകളും തമ്മിലുള്ള ബന്ധങ്ങളെ നിയന്ത്രിക്കുന്ന അംഗീകൃതവും സ്ഥാപിതവുമായ വഴക്കങ്ങളാണ് (Usage) സ്ഥാപനങ്ങൾ. **(ഗിൻസ്ബർഗ്)**

ഒന്നോ അധിലധികമോ ചുമതലകൾക്ക് ചുറ്റുമായി നിർമ്മിക്കപ്പെട്ട കെട്ടുപിണഞ്ഞു കിടക്കുന്ന നാടോടിരീതികളും നാട്ടുനടപ്പുകളും നിയമങ്ങളുമാണ് സ്ഥാപനങ്ങൾ. **(കിംഗ്സ്ല ഡേവിഡ്**).

**സ്ഥാപനങ്ങളുടെ സവിശേഷതകൾ**

- വ്യക്തികളെ നിയന്ത്രിക്കുന്നതിനുള്ള ഉപാധികളാണ് സ്ഥാപനങ്ങൾ
- സ്ഥാപനങ്ങൾ മനുഷ്യരുടെ കൂട്ടായപ്രവർത്തനങ്ങളെ ആശ്രയിക്കുന്നു.
- ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും അടിസ്ഥാനത്തിൽ രൂപീകരിച്ച ചില നടപടി ക്രമങ്ങൾ സ്ഥാപനങ്ങൾക്കുണ്ട്.
- വ്യക്തികൾ അനുസരിക്കേണ്ട ചില നിയമങ്ങൾ എല്ലാ സ്ഥാപനങ്ങൾക്കുമുണ്ട്.
- ഭൗതികമോ, ഭൗതികേതരമോ ആയ ഒരു അടയാളം ഓരോ സ്ഥാപനത്തിനുമുണ്ടായിരിക്കും.
- മനുഷ്യരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയാണ് സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ളത്.
-

**പലതരം സ്ഥാപനങ്ങൾ**

**സ്ഥാപനങ്ങൾ**

↓ ↓

| **പ്രാഥമിക സ്ഥാപനങ്ങൾ** | **ദ്വിതീയ സ്ഥാപനങ്ങൾ** |
|---|---|
| ഉദാ. കുടുംബം, വിവാഹം, സ്വത്ത്, രാഷ്ട്രീയ സംവിധാനം | ഉദാ. വിദ്യാഭ്യാസം, നിയമം, ഭരണഘടന, വ്യാപാരം |

## 3.3. സാമൂഹീകരണം

ജനനം മുതൽ മരണം വരെയുള്ള ഒരു സാമൂഹിക പ്രക്രിയയാണ് സാമൂഹീകരണം. ആചാരങ്ങളും അനുഷ്ഠാനങ്ങളും മൂല്യങ്ങളും സംഘവ്യവഹാരങ്ങളും ഭാഷയും പരിചയപ്പെടുന്നതും, ശീലിക്കുന്നതും സാമൂഹീകരണത്തിലൂടെയാണ്. ഭാഷ, ഭക്ഷണരീതികൾ, വേഷം, പൊതു അഭിപ്രായങ്ങൾ, പെരുമാറ്റരീതികൾ എന്നിവ ഈ പ്രക്രിയയിലൂടെ സ്വാംശീകരിച്ചെടുക്കുന്നു.

**സാമൂഹീകരണത്തിന്റെ ചില നിർവചനങ്ങൾ**.

- The Process of adoption by the individual of the conventional patterns of behavior is described as his socialization, because it occurs on account of his integration with others and his exposure to the culture which operates through them **(V.V.Akolkar)**
- The development of "we' feeling in association and the growth in their capacity and will to act together is called socialization of the individuals **(E.A. Ross).**

- Socialization is the process whereby persons learn to behave dependably together on behalf of human welfare and in so doing experience social self - control, social responsibility and balanced personality. **(Bogardus)**

- ഈ നിർവചനങ്ങൾ ഗ്രൂപ്പിൽ വിശകലനം ചെയ്താൽ എന്തൊക്കെ ആശയങ്ങൾ കണ്ടെത്താം? ചർച്ച, അവതരണം.

ബാല്യകാലത്തെ സാമൂഹീകരണം (Childhood socialisation) ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. വ്യക്തിത്വത്തിന്റെ അടിത്തറ രൂപീകരിക്കപ്പെടുന്നത് അപ്പോഴാണ്. പിന്നിട് കൗമാരകാലത്തും (Adolesent Socialisation) പ്രായപൂർത്തിയായിക്കഴിഞ്ഞശേഷം മരണം വരെയും (Countinuing Socialisation) സാമൂഹീകരണം തുടരുന്നു. വിദ്യാഭ്യാസമാണ് സാമൂഹീകരണത്തിന് പറ്റിയ ഏറ്റവും നല്ല മാർഗ്ഗം.

- ക്ലാസ്സ്, 7, 8, 9, 10 – ലെ പാഠപുസ്തകം ഗ്രൂപ്പിൽ പരിശോധിച്ച് സാമൂഹീകരണത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗം വായിച്ച് കുറിപ്പ് തയ്യാറാക്കൽ. അവതരണം. ക്രോഡീകരണം

**സാമൂഹീകരണപ്രക്രിയയിലെ വിവിധ ഏജൻസികൾ**

- സാമൂഹീകരണ പ്രക്രിയയിൽ ഏതെല്ലാം എജൻസികളാണ് പങ്കാളികളാകുന്നത്?
- അവ ഏതു വിധത്തിലാണ് സാമൂഹീകരണം നിർവ്വഹിക്കുന്നത്?
- കുടുംബവും വിദ്യാലയവും നടത്തുന്ന സാമൂഹീകരണത്തിന്റെ വ്യത്യാസങ്ങൾ എന്തെല്ലാം?
- മതം എങ്ങനെയാണ് ഒരു സാമൂഹീകരണ ഏജൻസിയാകുന്നത്?
- മാധ്യമങ്ങൾ നടത്തുന്ന സാമൂഹീകരണപ്രക്രിയക്ക് സ്വാധീനം വർദ്ധിച്ചു വരുന്നുണ്ടോ? എന്തുകൊണ്ട്?
- പല ഏജൻസികളിൽ നിന്നായി നാം ആർജ്ജിച്ചെടുത്ത എല്ലാ വ്യക്തിത്വ സവിശേഷതകളും സാമൂഹ്യനന്മയ്ക്ക് ഉതകുന്നവയാണോ?

- മുകളിൽ നൽകിയിട്ടുള്ള ചർച്ചാസൂചകങ്ങൾ ഗ്രൂപ്പുകളിൽ നൽകി, സാമൂഹികരണംപ്രക്രിയയിലെ വിവിധ ഏജൻസികളെ കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൽ. ചർച്ചയ്ക്കായി താഴെ കൊടുത്തിരിക്കുന്നവ ഉപയൊഗപ്പെടുത്താം. പൊതു അവതരണം, ക്രോഡീകരണം.

| ഏജൻസി | സാമൂഹീകരണ പ്രക്രിയ |
|---|---|
| കുടുംബം | • കൂട്ടായ്മയുടെ പ്രാധാന്യം ആദ്യമായി പരിചയപ്പെടുത്തുന്നു.<br>• സാമൂഹ്യബോധം, സ്നേഹം, വിട്ടുവീഴ്ച, ത്യാഗം തുടങ്ങിയ ഗുണങ്ങൾ പഠിപ്പിക്കുന്നു.<br>• പെരുമാറ്റ ശീലങ്ങൾ അഭ്യസിപ്പിക്കുന്നു. |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | • വ്യക്തിത്വ വികസനത്തിനുള്ള വിവരങ്ങൾ, ആശയങ്ങൾ, മൂല്യങ്ങൾ മുതലായവ പരിചയപ്പെടുന്നു<br>• പരസ്പരാശ്രയത്വം, പൗരത്വബോധം, കൃത്യനിഷ്ഠ തുടങ്ങിയ ഗുണങ്ങൾ ശീലിപ്പിക്കുന്നു. |
| സമസംഘം (Peer Group) | • തുറന്ന ചർച്ചയ്ക്കും ആശയരൂപീകരണത്തിനും സഹായിക്കുന്നു.<br>• |
| മാധ്യമങ്ങൾ | • സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നു. |
| മതം | •<br>• |

**കുടുംബം**

സമൂഹത്തിൽ നിരവധി കൂട്ടായ്മകളുണ്ട്. അതിൽ പരമപ്രധാനമാണ് കുടുംബം. ജനിച്ചനാൾ മുതൽ നാം ആശ്രയിക്കുകയും ഇടപെടുകയും ചെയ്യുന്ന അടിസ്ഥാന സാമൂഹ്യസ്ഥാപനമാണ് കുടുംബം. ഏതൊരു മനുഷ്യന്റേയും സാമൂഹ്യബന്ധങ്ങൾ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. പ്രാചീനസമൂഹത്തിൽ ഗോത്രം, വംശം, എന്നീ വിശാലമായ കൂട്ടായ്മകളുണ്ടായിരുന്നു. അവയുടെ അടിസ്ഥാന ഘടകവും കുടുംബം തന്നെ. ഒരു വ്യക്തി സാമൂഹ്യജീവിയായി മാറുന്നതിന്റെ പരിശീലനം ലഭിക്കുന്നത് കുടുംബത്തിൽനിന്നാണ്. അതായത്, സാമൂഹീകരണ പ്രക്രിയയിൽ കുടുംബത്തിന് നിർണ്ണായക പങ്കുണ്ട്.

മനുഷ്യചരിത്രത്തിന്റെ പരിണാമദിശയുടെ ഒരു ഘട്ടത്തിൽ രൂപപ്പെട്ടതാണ് കുടുംബം. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത വിവാഹരീതികളിലൂടെ കുടുംബ ബന്ധങ്ങൾ രൂപപ്പെട്ടു. കേരളത്തിൽത്തന്നെ ഒരു കാലത്ത് മരുമക്കത്തായ സമ്പ്രദായത്തിൽപ്പെട്ട കുടുംബവ്യവസ്ഥയായിരുന്നു ഉണ്ടായിരുന്നത്.

അണുകുടുംബങ്ങളാണ് ഇന്ന് സാധാരണയായി കാണപ്പെടുന്നത്. ഇതിൽ അമ്മയും അച്ഛനും അവരുടെ ഒന്നോ രണ്ടോ മക്കളും ഉൾപ്പെടുന്നു. ഒരു കുടുംബത്തിൽ രണ്ട് തലമുറകളിലുള്ളവർ ഒരുമിച്ച് താമസിക്കുന്നുവെങ്കിൽ അത്തരം കുടുംബത്തെ വിസ്തൃത കുടുംബം എന്നാണ് അറിയുന്നത്. ഈ കുടുംബത്തിൽ മകൻ/മകൾ, ഭാര്യ/ഭർത്താവ്, മക്കൾ, ഭാര്യയുടേയോ ഭർത്താവിന്റേയോ മാതാപിതാക്കളൊ ഉണ്ടാകും. അണുകുടുംബവും വിസ്തൃത കുടുംബവും വ്യാപകമാകുന്നതിന് മുമ്പ് കൂട്ടുകുടുംബവ്യവസ്ഥ നിലനിന്നിരുന്നു. ഒരു പരമ്പരാഗത കൂട്ടുകുടുംബത്തിൽ മൂന്നോ അതിലധികമോ തലമുറയിൽപ്പെട്ട ആളുകൾ അംഗങ്ങളായിരിക്കും. സ്വത്ത് ഭാഗം വയ്ക്കാതെ കൂട്ടായി കൈവശവയ്ക്കുന്നതും. അനുഭവിക്കുന്നതും ഇത്തരം കൂട്ടുകുടുംബത്തിന്റെ രീതിയാണ്. കുടുംബാംഗങ്ങൾ എല്ലാം ഒരു കുടുംബനാഥന്റെ ആജ്ഞകൾക്ക് കീഴ്പ്പെട്ടാണ് ജീവിക്കുന്നത്. കുടുംബസ്വത്തിന്റെ നിയന്ത്രണവും അതു കൈകാര്യം ചെയ്യാനുള്ള അവകാശവും കുടുംബനാഥനായിരിക്കും. പഴയകുടുംബവ്യവസ്ഥയിൽനിന്ന് കുറെക്കൂടി സങ്കീർണ്ണവും ഒറ്റപ്പെട്ടതുമായ നിസ്സഹായവസ്ഥ നിലനിൽക്കുന്നതുമായ ജീവിതമാണ് അണുകുടുംബത്തിൽ കാണാൻ കഴിയുക. s

- അണുകുടുംബം നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

**ചർച്ചയിലൂടെ താഴെപറയുന്ന ആശയങ്ങളിലെത്തുന്നു**

- തിരക്കുപിടിച്ച ജീവിതം.
- സഹായിക്കാൻ ആരുമില്ലാത്ത അവസ്ഥ
- വർധിച്ചുവരുന്ന ജീവിത ചെലവുകൾ
- വിവരസാങ്കേതിക വിദ്യയുടെ പാർശ്വഫലങ്ങൾ
- ജീവിതനിലവാരത്തിന്റെ കുതിച്ചുചാട്ടം
- വളർന്നുവരുന്ന ഉപഭോഗസംസ്കാരം
- മരുന്നിന്റേയും മറ്റ് ലഹരിപദാർത്ഥങ്ങളുടേയും ഉപയോഗം.
- 
- 
- 

- കൂട്ടുകുടുംബവ്യവസ്ഥയുടേയും അണുകുടുംബ വ്യവസ്ഥയുടേയും ഗുണവും ദോഷവും വിലയിരുത്തുന്നു. കുറിപ്പ് തയ്യാറാക്കൽ, അവതരണം, ക്രോഡീകരണം

| | പഴയകുടുംബവ്യവസ്ഥ/ കൂട്ടുകുടുംബ വ്യവസ്ഥ | അണുകുടുംബവ്യവസ്ഥ |
|---|---|---|
| ഗുണങ്ങൾ | •<br>•<br>•<br>• | •<br>•<br>•<br>• |
| ദോഷങ്ങൾ | •<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>• |

### 3.4. സാമൂഹിക നിയന്ത്രണം

വ്യക്തികളുടെ വിചാരവികാര വ്യവഹാരതലങ്ങളെ അതാത് സമൂഹങ്ങളുടെ രീതികൾക്കനുസരിച്ച് ചിട്ടപ്പെടുത്താൻ സമൂഹം ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് സാമൂഹിക നിയന്ത്രണം. **( Social control)**

Social control is a collective term for those processes and agencies, planned and unplanned, by which individuals are target, persuaded or compered to conform to the usages and life values of the group to which they belong **(Brearly)**

Social control can be defined as the sum total or rather the whole of cultural patterns, social symbols, collective spiritual meanings, values, ideas, as well as acts or processes, directly connected with them, whereby, inclusive of society, every particular group and every participating individual member overcome tensions and conflicts within themselves through temporary equilibra and take steps for a new creative efforts **( Gurvitch and Moore)**

Social control is that system of measures, suggestions, persuasion, restraint and coercion by whatever means, including physical force, by which a society brings in to conformity to the approved pattern of behavior of sub group or by which a group moulds in to conformity its members. (Gillian and Gillian)

- സാമൂഹിക നിയന്ത്രണത്തിന് ഔപചാരികവും അനൗപചാരികവുമായ സംവിധാനങ്ങളുണ്ട്. ഔപചാരിക സംവിധാനങ്ങൾ ഏതൊക്കെയാണ്, അനൗപചാരിക സംവിധാനങ്ങൾ എന്തൊക്കെയാണ്? പൊതു ചർച്ച - കുറിപ്പ് തയ്യാറാക്കൽ.

| ഔപചാരിക സംവിധാനങ്ങൾ | അനൗപചാരിക സംവിധാനങ്ങൾ |
|---|---|
| • ഉദ്യോഗസ്ഥ സംവിധാനം | • നാട്ടാചാരങ്ങൾ |
| • പോലീസ് | • നാട്ടുമര്യാദ |
| • കോടതി | • വിലക്കുകൾ |
| • ജയിൽ | • |
| • | • |
| • | • |

**ഗ്രൂപ്പ് പ്രവർത്തനങ്ങൾ**

- **സെമിനാർ -**

  ഔപചാരിക സാമൂഹിക നിയന്ത്രണ ഏജൻസികളും അനൗപചാരിക സാമൂഹികനിയന്ത്രണ ഏജൻസികളും എങ്ങിനെയാണ് സാമൂഹിക നിയന്ത്രണം നിർവഹിക്കുന്നത്.

- **അസൈൻമെന്റ് - വ്യക്തിഗതം**

  "സാമൂഹീകരണവും സാമൂഹ്യ നിയന്ത്രണവും മനുഷ്യ സമൂഹത്തിന്റെ നിലനിൽപിന് അനിവാര്യമാണ്.

- **ചർച്ച**

  'സാമൂഹീകരണം സാമൂഹ്യ നിയന്ത്രണം എന്നിവയിൽ മതത്തിന്റെയും രാഷ്ട്രീയ പാർട്ടികളുടേയും പങ്ക്.

# യൂണിറ്റ് – 4

# സാമ്പത്തികശാസ്ത്രം (Economics)

### 4.1 സാമ്പത്തികശാസ്ത്രം – നിർവചനം, പ്രസക്തി

സാമ്പത്തികശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രമാണ്. ‘ഗൃഹഭരണം’ എന്നർത്ഥമുള്ള ‘ഓയിക്ക നോമിയ’ (Oikanomia) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സാമ്പത്തികശാസ്ത്രം എന്നർത്ഥ മുള്ള ‘ഇക്കനോമിക്സ്’ എന്ന പദം രൂപം കൊണ്ടത്. സാമ്പത്തികശാസ്ത്രം സാധനങ്ങളുടേയും സേവനങ്ങളുടേയും ഉല്പാദനവും വിതരണവും ഉപഭോഗവും ചർച്ച ചെയ്യുന്ന ശാസ്ത്രശാഖ യാണ്. 1776 –ൽ പ്രസിദ്ധീകരിച്ച 'The Wealth of Nations' എന്ന കൃതിയിലൂടെയാണ് ഈ വിഷയം ഒരു ശാസ്ത്രശാഖയായി വളർന്നത്. ആഡംസ്മിത്ത്, ആൽഫ്രഡ് മാർഷൽ, ഡേവിഡ് റിക്കാർഡോ തുടങ്ങിയ സാമ്പത്തിക ശാസ്ത്രകാരന്മാരാണ് സാമ്പത്തിക ശാസ്ത്രശാഖയുടെ വളർച്ചയ്ക്ക് നിർണ്ണായക പങ്ക് വഹിച്ചത്.

**നിർവചനങ്ങൾ**

സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് ഓരോ ഘട്ടത്തിലും വ്യത്യാസപ്പെട്ടു വന്നതിനാൽ അതിന്റെ നിർവചനത്തിലും വ്യത്യസ്ഥത കാണാം. ചില ഉദാഹരണങ്ങൾ നോക്കാം.

- **ധനനിർവചനം (Wealth Definition)**

  'Economics is the science of wealth.' Adam Smith defines the subject as an' enquiry in to the Nature and causes of the wealth of Nations'

  **- Adam Smith (1776)**

- **ക്ഷേമനിർവചനം (Welfare Definition)**

  Economics is the Study of mankind in the ordinary business of life: it examine that part of individual and social action which is most closely connected with the attainment and with the use of the material requisites of well being

  **- Alfred Marshal (1980)**

- **ദൗർലഭ്യനിർവചനം (Scarcity Definition)**

  "Economics is the Science which studies human behavior as a relation between ends and scarce means which have alternatives uses.' **Lionel Robbins (1931)**

  Economics is the study of the administration of scarce resources and the determinations of income and employment. **- J.M. Keynes)**

  സാമ്പത്തിക ശാസ്ത്രത്തെ സംബന്ധിച്ച് കൂടുതൽ നിർവചനങ്ങൾ കണ്ടെത്തുകയും ചെയ്യാം.

■ സാമ്പത്തിക ശാസ്ത്രത്തിന്റെ ഈ നിർവചനങ്ങൾ ഗ്രൂപ്പിൽ നൽകി അതിലെ ആശയങ്ങൾ, കാലക്രമത്തിൽ ഓരോന്നിലും വന്ന മാറ്റങ്ങൾ എന്നിവ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആശയരൂപീകരണം നടത്തി റിപ്പോർട്ടായി അവതരിപ്പിക്കണം.

### സാമ്പത്തികശാസ്ത്രപഠനത്തിന്റെ പ്രാധാന്യം (Inportance)

സാമ്പത്തികശാസ്ത്രപഠനം സാധാരണക്കാർക്കു മുതൽ സർക്കാറിന്റെ നയരേഖകൾ തയ്യാറാക്കുന്നവർക്കുവരെ സഹായകരമാണ്. അവ എങ്ങനെയെന്ന് നോക്കാം.

- ആവശ്യങ്ങൾ അനവധിയും വിഭവങ്ങൾ പരിമിതവുമാകുമ്പോൾ ആവശ്യങ്ങൾക്കു മുൻഗണന നൽകി ലഭ്യമായ വിഭവങ്ങൾകൊണ്ട് എങ്ങനെ സംതൃപ്തിയുണ്ടാക്കാം എന്ന് സാധാരണക്കാരന് മനസ്സിലാക്കുവാൻ സാമ്പത്തികശാസ്ത്രം സഹായിക്കുന്നു.
- നിലവിലുള്ള വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് എങ്ങനെ പരമാവധി ഉല്പന്നം ഉണ്ടാക്കുവാൻ കഴിയും എന്ന ധാരണയുണ്ടാക്കുവാൻ സാമ്പത്തികശാസ്ത്രം സഹായിക്കുന്നു.
- മിക്ക സാമൂഹ്യശാസ്ത്രപ്രശ്നങ്ങളുടേയും മൂലകാരണം സാമ്പത്തികമാണ്. സാമ്പത്തികശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് സാമൂഹ്യപ്രവർത്തകർക്ക് സാമൂഹ്യപ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനും സഹായിക്കും.
- നയരൂപീകരണത്തിനും സാമ്പത്തിക പദ്ധതികൾ തയ്യാറാക്കുമ്പോഴും സാമ്പത്തികശാസ്ത്രം സഹായിക്കും.

| ■ സാമ്പത്തികശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം, ഇതരസാമൂഹ്യശാസ്ത്രവിഷയങ്ങളുമായുള്ള ബന്ധം എന്നിവ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ആശയരൂപീകരണം നടത്തി കുറിപ്പ് തയ്യാറാക്കുന്നു. അവതരണം - ചർച്ച, ക്രോഡീകരണം. |
|---|

### 4.2. അടിസ്ഥാനസാമ്പത്തിക പ്രശ്നങ്ങൾ (Basic Economic Problems)

പൊതുചർച്ച

- കുടുംബത്തിലെ വ്യക്തികൾക്ക് വരുമാനം ലഭ്യമാക്കുന്ന മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നു.
  - തൊഴിൽ
  - വസ്തുവകകളിൽനിന്നും
  - സമ്പാദ്യത്തിൽ നിന്നും
  - 
- ഈ പണം എന്തിന് ഉപയോഗിക്കുന്നു?
  - ആവശ്യങ്ങളുടെ പൂർത്തീകരണത്തിന്
- ആവശ്യങ്ങൾ കൂടുകയും വരുമാനം കുറയുകയും ചെയ്താൽ എന്തുചെയ്യും?
  - ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിക്കും.

മനുഷ്യന്റെ ആവശ്യങ്ങൾ അനന്തമാണ്. ഒരു ആവശ്യം പൂർത്തീകരിച്ചാൽ അടുത്ത ആവശ്യം വന്നുചേരും. ഇതൊരു ആഗോളപ്രതിഭാസമാണ്. സമൂഹത്തിന്റെ കാര്യത്തിലും രാജ്യത്തിന്റെ കാര്യത്തിലും ഇത് തന്നെയാണവസ്ഥ.

വിഭവങ്ങൾ ദുർലഭമാകുകയും ആവശ്യങ്ങൾ അധികമാവുകയും ചെയ്യുന്നത് സാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ ഏതൊക്കെ?

- എന്ത് ഉല്പാദിപ്പിക്കണം?
- എങ്ങനെ ഉല്പാദിപ്പിക്കണം?
- ആർക്കുവേണ്ടി ഉല്പാദിപ്പിക്കണം.

- **എന്ത് ഉല്പാദിപ്പിക്കണം?**

ആവശ്യങ്ങൾ അധികവും വിഭവങ്ങൾ ദുർലഭവുമാകുമ്പോഴാണ് എന്ത് ഉല്പാദിപ്പിക്കണം എന്ന പ്രശ്നം ഉദ്ഭവിക്കുക. ഒരു വസ്തുവിന്റെ ഉല്പാദനം കൂടുമ്പോൾ മറ്റൊന്നിന്റെ ഉൽപാദനത്തിന് വേണ്ടിയുള്ള വിഭവത്തിൽ കുറവ് ഉണ്ടാകും.

- **എങ്ങനെ ഉല്പാദിപ്പിക്കണം?**

  എന്ത് ഉല്പാദിപ്പിക്കണം എന്ന് തീരുമാനിച്ചാൽ എങ്ങനെ ഉല്പാദിപ്പിക്കണം എന്ന പ്രശ്നം ഉണ്ടാകുന്നു. യന്ത്രങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി ഉല്പാദനം നടത്തണോ അതോ മനുഷ്യപ്രയത്നം കൂടുതൽ ഉപയോഗപ്പെടുത്തണമോ എന്നതാണ് പ്രധാനപ്രശ്നം. ഇന്ത്യയെപ്പോലെ തൊഴിലില്ലായ്മ നിലനിൽക്കുന്ന രാജ്യത്ത് ഏതാണ് ഗുണകരം എന്ന് തിരിച്ചറിയേണ്ടിവരുന്നു.

- **ആർക്കുവേണ്ടി ഉല്പാദിപ്പിക്കണം?**

  നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ടാണ് ആർക്ക് വേണ്ടി ഉല്പാദിപ്പിക്കണം എന്ന് തീരുമാനിക്കേണ്ടത്. ഒരു രാജ്യത്ത് നിലനിൽക്കുന്ന ഭരണസംവിധാനമാണ് ഇത് നിശ്ചയിക്കേണ്ടി വരുക.

■ ഈ മൂന്ന് അടിസ്ഥാനസാമ്പത്തിക പ്രശ്നങ്ങളെ കുറിച്ച് Std. IX, X ക്ലാസിലെ സാമൂഹ്യ ശാസ്ത്ര പുസ്തകത്തിൽ നിന്നും വിവരശേഖരണം നടത്തി ചർച്ച ചെയ്ത ശേഷം സ്വന്തം അനുഭവത്തിൽ വരുമാനം കുറവും ആവശ്യങ്ങൾ കൂടുകയും ചെയ്യുമ്പോഴുള്ള അവസ്ഥാ പ്രശ്നങ്ങൾ അവ പരിഹരിക്കുന്ന രീതി എന്നിവ ചർച്ച ചെയ്യണം.

### 4.3. സാമ്പത്തിക പ്രവർത്തനങ്ങൾ

നമുക്ക് ചുറ്റും അനേകം സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സമ്പത്ത് രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് സാമ്പത്തിക പ്രവർത്തനങ്ങൾ. സാമ്പത്തിക പ്രവർത്തനങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്താൽ അത് പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഏതെങ്കിലും ഒന്നിൽ ഉൾപ്പെടുന്നതായിരിക്കും. ഓരോന്നും എങ്ങനെ തിരിച്ചറിയാം. ചർച്ച.

- പ്രകൃതി വിഭവങ്ങൾ ഉപയോഗപ്പെടുത്തി പ്രവർത്തനങ്ങൾ നടക്കുന്ന മേഖല - പ്രാഥമിക മേഖല.
- വ്യവസായിക പ്രവർത്തനങ്ങളിലൂടെ പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന മേഖല - ദ്വിതീയ മേഖല.
- സേവനപ്രവർത്തനങ്ങൾ നടക്കുന്ന മേഖല - ത്രിതീയ മേഖല -

■ ഈ ആശയരൂപീകരണത്തിന് ശേഷം കുട്ടികളെ ഗ്രൂപ്പാക്കുന്നു. സ്റ്റാൻഡേർഡ് X ലെ SS II TB യിലെ അധ്യായം 9 വായനക്ക് നൽകുന്നു. താഴെനൽകിയിരിക്കുന്ന സൂചകങ്ങൾക്ക് അനുയോജ്യമായ വിവരങ്ങൾ ശേഖരിക്കുന്നു, അവതരിപ്പിക്കുന്നു. ചർച്ച - ക്രോഡീകരണം.

**സൂചകങ്ങൾ**

- സാമ്പത്തിക പ്രവർത്തനങ്ങളെ തരംതിരിച്ചിട്ടുള്ള മേഖലകൾ
- ഓരോ മേഖലയുടേയും സവിശേഷതകൾ, ഓരോന്നിന്റെയും ഉദാഹരണം ഏതൊക്കെ?
- ഓരോ മേഖലയും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.?
- സാമ്പത്തികപുരോഗതി സാധ്യമാകുന്നത് എപ്പോൾ.?
- C S O (Central Statistical Office) യുടെ വർഗ്ഗീകരണം.

ഈ ഭാഗം പഠിക്കുന്നതിലൂടെ അധ്യാപക വിദ്യാർത്ഥി നേടേണ്ടത്.

- ഏത് സാമ്പത്തിക പ്രവർത്തനത്തേയും C S O യുടെ വർഗ്ഗീകരണം അനുസരിച്ച് തരംതിരിച്ചിരിക്കാനുള്ള കഴിവ്.
- സാമ്പത്തിക പുരോഗതിയ്ക്ക് എങ്ങനെ വിവിധ മേഖലകളുടെ പരസ്പരബന്ധം സഹായിക്കുന്നു.

**4.4. ഉല്പാദനഘടകങ്ങൾ (Factors of Production)**

സാധനങ്ങളും സേവനങ്ങളും ഉപഭോഗം ചെയ്തുകൊണ്ടു മാത്രമേ മനുഷ്യന് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെ സാധനങ്ങളുടെ ഉല്പാദനവും അവയുടെ സേവനങ്ങളുടെ ലഭ്യതയും അനിവാര്യമാണ്. പ്രകൃതിയും മനുഷ്യാധ്വാനവും മനുഷ്യനിർമ്മിതമായ ഉപകരണങ്ങളും ഒത്ത് ചേർന്നതിന്റെ ഫലമാണ് നാം ഇന്ന് കാണുന്ന ഉല്പന്നങ്ങൾ

എന്താണ് ഉല്പാദനം?

മനുഷ്യന്റെ വിവിധ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനായി സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കേണ്ടതുണ്ട്. ഒരു വസ്തുവിന്റെ ഉല്പാദനത്തിനായി ഉപയോഗിക്കുന്ന അധ്വാനം, പ്രകൃതി വിഭവങ്ങൾ, മനുഷ്യനിർമ്മിത വസ്തുക്കൾ ഇവയാണ് ഉല്പാദനഘടകങ്ങൾ. ഉല്പാദനഘടകങ്ങൾ ഉല്പന്നമായി മാറുന്ന പ്രക്രിയയാണ് ഉല്പാദനം.

**പ്രധാന ഉല്പാദന ഘടകങ്ങൾ**

- ഭൂമി (Land)
- അധ്വാനം (Labour)
- മുലധനം (Capital)
- സംഘാടനം (Organisation)

■ കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ക്ലാസ് 9 – SS II ലെ 'ഉല്പാദനവും ഉല്പാദന ഘടകങ്ങളും' എന്ന ഭാഗവും അതിന്റെ HB യും ഗ്രൂപ്പിൽ നൽകുന്നു. ഓരോ ഉല്പാദനഘടകത്തെക്കുറിച്ചും അവയുടെ സവിശേഷതകളെ കുറിച്ചും കണ്ടെത്തൽ നടത്തി പേപ്പർ തയ്യാറാക്കുന്നു. അവതരണം – ചർച്ച.

**4.5. പണവും ധനകാര്യസ്ഥാപനങ്ങളും**

- പണത്തിന്റെ ആവിർഭവത്തിന് മുൻപ് നിലനിന്നിരുന്ന ബാർട്ടർ സമ്പ്രദായത്തെക്കുറിച്ച് ചർച്ച
- സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച
- ഈ ചർച്ച പണത്തിന്റെ വരവിലേക്ക് നയിക്കണം. വിവിധ മാർഗ്ഗത്തിലൂടെ വിവരശേഖരണം നടത്തി പണത്തിന്റെ സവിശേഷതകൾ ഫ്ളോചാർട്ടായി അവതരിപ്പിക്കാൻ അവസരം നൽകണം.

മാതൃക




> ■ സമീപപ്രദേശത്തെ ഒരു ബാങ്ക് സന്ദർശിച്ച് അവിടുത്തെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക. കുറിപ്പിൽ ഉണ്ടാവേണ്ടത്.

- ബാങ്ക് - ധർമ്മങ്ങൾ
- വിവിധ തരം ബാങ്കുകൾ
- ലക്ഷ്യങ്ങൾ
- പ്രധാന പ്രവർത്തനങ്ങൾ

> ■ സ്റ്റാർഡേർഡ് 10 - ലെ (SS II) 'പണവും ധനകാര്യസ്ഥാപനങ്ങളും' എന്ന പാഠഭാഗവും അതിന്റെ ഹാന്റ്ബുക്കും ഗ്രൂപ്പിൽ നൽകുന്നു. താഴെ പറയുന്നവയുമായി ബന്ധപ്പെട്ട ആശയങ്ങളുടെ വിശദാംശങ്ങൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കുന്നു.

- വാണിജ്യ ബാങ്കുകളുടെ അടിസ്ഥാന ധർമ്മങ്ങൾ
- ബാങ്കുകൾ നൽകുന്ന മറ്റ് സേവനങ്ങൾ
- സഹകരണ ബാങ്കുകൾ, പുത്തൻ തലമുറ ബാങ്കുകൾ, വികസന ബാങ്കുകൾ - ഇവയുടെ പ്രവർത്തനരീതി, ധർമ്മങ്ങൾ,
- ബാങ്ക് ഇതര സ്ഥാപനങ്ങൾ
- റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

### 4.6. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം സാമ്പത്തിക പുരോഗതിക്ക്

**പൊതുചർച്ച**

രാജ്യപുരോഗതിക്ക് ഏതൊക്കെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനമാണ് അനിവാര്യം.

- ഗതാഗതം
- വാർത്താവിനിമയം
- സാങ്കേതിക വിദ്യ
- ഊർജ്ജവികസനം

> ■ ഓരോ രംഗത്തും വന്ന മാറ്റങ്ങൾ വിവിധ മാർഗ്ഗങ്ങളിൽ (എച്ച് എസ് ക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിൽ നിന്നും) വിവരശേഖരം നടത്തി 'അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യപുരോഗതിക്ക് അനിവാര്യമാണ്.' എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കി അവതരിപ്പിക്കുന്നു. ചർച്ച.

## 4.7. വ്യവസായവൽക്കരണം

ശാസ്ത്രത്തിന്റേയും യന്ത്രങ്ങളുടേയും സഹായത്തോടെ മനുഷ്യൻ തന്റെ ചുറ്റുപാടുകളെ നിയന്ത്രിക്കാൻ ശ്രമിച്ചു തുടങ്ങിയപ്പോൾ സാമ്പത്തിക സാമൂഹിക മേഖലകളിൽ അടിസ്ഥാന പരമായ മാറ്റങ്ങൾ വന്നു. മനുഷ്യ അധ്വാനത്തിന്റെ സ്ഥാനത്ത് യന്ത്രോപകരണങ്ങൾ സ്ഥാനം നേടിയതായിരുന്നു വ്യവസായവൽക്കരണത്തിന്റെ സവിശേഷത. ഇംഗ്ലണ്ടിലാണ് ആരംഭിച്ച തെങ്കിലും ഇതിന്റെ സ്വാധീനം ആഗോളവ്യാപകമായിരുന്നു. ഫാക്ടറി സമ്പ്രദായം ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലമാണ്.

വ്യവസായ രംഗത്തെ മാറ്റം ധാരാളം വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചു

- പൊതുമേഖല
- സ്വകാര്യമേഖല
- സംയുക്ത മേഖല
- സഹകരണ മേഖല

■ വിവിധതരം വ്യവസായമേഖലകളുടെ (പൊതുമേഖല, സ്വകാര്യ മേഖല, സംയുക്ത മേഖല, സഹകരണ മേഖല) സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

മാതൃക :

**സവിശേഷതകൾ**

| പൊതുമേഖല | സ്വകാര്യ മേഖല | സംയുക്ത മേഖല | സഹകരണ മേഖല |
|---|---|---|---|
| • | • | • | • |
| • | • | • | • |
| • | • | • | • |
| • | • | • | • |

■ വിദ്യാലയത്തിന് സമീപമുള്ള ഒരു വ്യവസായസ്ഥാപനം സന്ദർശിച്ച് അവിടുത്തെ പ്രവർത്തനരീതി, മറ്റ് വ്യവസായശാലകളിൽ നിന്നും ഈ വ്യവസായസ്ഥാപനത്തിനുള്ള വ്യത്യാസം എന്നിവ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

## 4.8. സുസ്ഥിരവികസനം

വ്യവസായിക കാർഷിക വിപ്ലവങ്ങളുടെ ഫലമായി അതാത് രംഗങ്ങളിൽ വിജയകരമായ മാറ്റ ങ്ങൾ ഉണ്ടായി എന്നതിൽ തർക്കമില്ല. എന്നാൽ ഇവ ധാരാളം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായി. സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനായി പ്രകൃതി വിഭവങ്ങളെ അമിത മായി ചൂഷണം ചെയ്തു. പ്രകൃതി വിഭവങ്ങൾ ഒരു തലമുറക്ക് മാത്രമല്ല വരും തലമുറയ്ക്കും കൂടി അവകാശപ്പെട്ടതാണ് എന്ന കാഴചപ്പാട് രൂപപ്പെട്ടു. ഇതാണ് സുസ്ഥിരവികസനം.

*വരും തലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കഴിവിൽ കുറവ് വരാതെ ഇന്നത്തെ തലമുറ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിര വികസനം.* *1987 – ബ്രണ്ട്ലാന്റ് കമ്മീഷൻ*

■ സുസ്ഥിരവികസനത്തെ സംബന്ധിച്ച പ്രാരംഭ ചർച്ചക്ക് ശേഷം സുസ്ഥിരവികസനത്തിന്റെ ലക്ഷ്യങ്ങളും അവ നേടാൻ തടസം നിൽക്കുന്ന വസ്തുതകളും, സ്റ്റാൻഡേർഡ് 7 –10 വരെ പാഠപുസ്തകം, മറ്റ് സാമഗ്രികൾ എന്നിവ പരിശോധിച്ച് പേപ്പർ തയ്യാറാക്കുന്നു. അവതരണം – ചർച്ച.